SELECTIONS FROM CLASSICAL LITERATURE
(MALAYALAM)

FOR

# INTERMEDIATE EXAMINATION

## UNIVERSITY OF MADRAS

## VOL. II

TULLAL

## PART 3

PRICE Rs. 1-8-0

# ഉള്ളടക്കം

1. നളചരിതം

2. സഭാപ്രവേശം

3. ത്രിപുരദഹനം

# നളചരിതം

പുരരിപുവാകിയ ഭഗവാൻ തന്റെ
തിരുമടിതന്നിൽ വസിക്കും പാർവ്വതി
തിരുമുടി ജടയിൽ സുരവാഹിനിയുടെ
തിരുമുഖവും കുളുർ കൊങ്കദ്വയവും
പരിചൊടുകണ്ടു സഹിക്കരുതാഞ്ഞു
പുരഹരനോടഥ ചോദ്യം ചെയ്തു:
‘ തിരുമുടി ജടയുടെ നടുവിൽ വിളങ്ങി-
പ്പരിചൊടു കാണുന്നെന്തൊരു വസ്തു ?’
ഹരനരുൾ ചെയ്തിതു ‘നമ്മുടെ ജടയിൽ
പെരുകിനവെള്ളം വേർപെടുകില്ല’
‘കരള കഥിക്കരുതെന്നോടു നാഥ !
സരസം മുഖമിഹ കാണാകുന്നു’
‘മുഖമല്ലതഹോ ജലമതിലുളവാം
വികസസരോജമിതെന്നു വരേണം’
‘ വികസസരോജേ കുരുനിരനികരം
പരിചൊടു കാണ്മാനെന്തവകാശം ?’
‘ കുരുനിരയല്ലതു മധുപാനത്തിനു
വരിവണ്ടുകൾ വന്നിങ്ങക്കൂടുന്നു’
‘പുരികക്കൊടിമുനയുഗളമിദാനീം
പരിചൊടു കാണ്മാനെന്തവകാശം ? ’
‘പുരികക്കൊടിയല്ലവിരളമിളകും
ചെറുതിരയത്രേ അചലതനൂജേ !’
‘ സരസമതാകിന ലോചനയുഗളം
പരിചൊടു കാണ്മാനെന്തവകാശം ? ’
‘ ഗിരിവരതനയേ ! ലോചനമല്ലതു
കരിമീനിണ കളിയാടുകയത്രേ’
‘കരികുംഭാകൃതി കുളുർമുലയുഗളം
പരിചൊടു കാണ്മാനെന്തവകാശം ? ’
‘കുളുർമുലയല്ലതു കോകദ്വന്ദ്വം

നളിനസമീപേ വിളയാടുന്നു.'
'കളിവചനം വാ കാര്യമിദം വാ
കരളിലെനിക്കു വിവാദമിദാനീം'
ഇങ്ങിനെ കപടഗിരാ ഗിരിവരസുത-
തന്നുടെ മാനസ വഞ്ചനചെയ്യും
ഗംഗാധരനാം കിള്ളിക്കുറിശിയ-
മർന്ന മഹേശൻ കാത്തരുളേണം.

ഉലകുടെ പെരുമാൾ മന്ത്രികളോടും
കലിയുടെ കടുത വിചാരിക്കുമ്പോൾ
വലിയൊരു വൃദ്ധൻ തൊഴുതുരചെയ്തു
കലിയുടെ ശക്തി കുറയ്ക്കുമുപായം
നളചരിതാമൃതമുര ചെയ്താലും
തെളിവൊടു കേട്ടു രസിച്ചെന്നാലും
പൊളിയല്ലവനുടെ കലിമലദോഷം
ജളനെന്നാകിലുമാശു നശിക്കും.
കലിയുഗശക്തി മുഴുത്തു ജനാനാം
തലയിൽ കേറി മനസ്സും മൂടി
പാപികൾ പകിടകൾ പൊരുതുവതിനായ്
ഗോപികൾകൊണ്ടു വരച്ചു തുടങ്ങും.
കഷ്ടം! സാളഗ്രാമസ്ഥാനേ
കുടിച്ചാത്തനമർന്നു തുടങ്ങും
വിളവുകളൊന്നു കുറഞ്ഞു തുടങ്ങും
കളവുകളൊന്നു മുഴുത്തുതുടങ്ങും
വിലയും പാരമിടിഞ്ഞു തുടങ്ങും
മലയും കാടുമുരത്തു തുടങ്ങും
നിലയും വിട്ടു മനുഷ്യരശേഷം
വലയും കലിയുഗമേറെ മുഴുത്താൽ.
കളമൊഴിമാരുടെ തലയും മുലയും
വളയും തളയും കളിയും ചിരിയും
വളയും പുരികക്കൊടിയും കണ്ടിഹ
വലയും വലയതിൽ മാനുഷരെല്ലാം.
യജമാനനൊരു ചെകതി പിണപ്പാൻ
പ്രജകൾക്കൊക്കെ മനസ്സു തുടങ്ങും.
യജനംചെയ്തു ജഗത്തുപുലർത്തും
ദ്വിജവരവൃത്തികൾ ചെയ്തുതുടങ്ങും
രാജസമീപേ ചെന്നൊരു കൂട്ടം

ഏഷണി പറവാനാളുകളേറും
ഭോജനമാത്രം കിട്ടുന്നാവനൊരു
രാജാവെന്നു നടിച്ചു തുടങ്ങും.
ദൂഷണമുള്ളൊരു നൃപനെക്കണ്ടാൽ
ഭോഷിപ്പാനങ്ങാർത്തു തുടങ്ങും
ഭൂഷണമണിവാൻ വകയില്ലാഞ്ഞാൽ
മോഷണമൊരുവക ചെയ്തു തുടങ്ങും
വല്ലഭിമാരുടെ വീട്ടപുലർത്താൻ
ഇല്ലം പണയം വച്ചുതുടങ്ങും
നെല്ലം പണവും പൊന്നും പാത്രവു-
മില്ലെന്നാലിനി ദിവസേ ദിവസേ
ചൊല്ലും പലവിധമപരാധം പലർ
കൊല്ലും പശുവിനെ മടികൂടാതെ
തെല്ലും നല്ലൊരു സാധുജനത്തെ
തെല്ലും ഭയവും മാനുഷനില്ല ;
പുല്ലും പഴവും ഭൂമിയിലിങ്ങതു
മെല്ലെന്നങ്ങു നടന്നുതുടങ്ങും ;
ചൊല്ലുന്നതിനെ കേട്ടു നടപ്പാൻ
വല്ലഭമുള്ളവരില്ലെന്നാമേ ;
മൂത്തുതുടങ്ങും കപടതയിനിമേ-
ലോത്തുതുടങ്ങും ശൂദ്രാദികളും
ഓർത്തുതുടങ്ങും വിപ്രന്മാരതു
പേർത്തുതുടങ്ങും മററുള്ളവരും
ചേർത്തുതുടങ്ങും വികടസരസ്വതി
കൂർത്തുതുടങ്ങും മോഹാദികളും
ചേർത്തുതുടങ്ങും ദ്രവ്യത്തിൽ കൊതി
പാർത്തുതുടങ്ങും വരവും ചിലവും
പാർത്തുതുടങ്ങും നെല്ലം പണവും
ആർത്തുതുടങ്ങും പലരുംകൂടി-
പ്പാർത്തുതുടങ്ങും കുത്തിക്കവരാൻ
ചീർത്തുതുടങ്ങും ദുഷ്കവികെട്ടി-
ത്തീർത്തുതുടങ്ങും ദുഷ്ടജനങ്ങൾ.

ആർത്തി വളർന്നും പൂർത്തി തളർന്നും
കീർത്തി കുറഞ്ഞും പൂർത്തമെറിഞ്ഞും
വൃത്തിപെരുത്തും കുത്തിയെടുത്തും
തത്ര ജഗത്തു വിയർത്തു കയർത്തും

ക്രൂർത്തുവരുന്നൊരു ജാതികളിനിമേൽ
വ്യാധിപിടിച്ചു കിടക്കും ചിലരുടെ
നാഡിപിടിച്ചു നടക്കും പലരും
സാധിക്കരുതാതുള്ളതിമോഹം
ബാധിക്കും ചില മർത്ത്യജനാനാം.
അപമൃത്യുക്കളുമവതാളങ്ങളു-
മപമാനങ്ങളുമുണ്ടായ്‌വരുമേ
വിശ്വജനത്തിനുമീശ്വരനെന്നൊരു
വിശ്വാസത്തിനു കുറവു തുടങ്ങും
കുടിലന്മാരും ജടിലന്മാരും
കുരുടന്മാരും ജരാന്മാരും
കുരയന്മാരും കനയന്മാരും
പലവിധമുണ്ടായ്‌വരുമിനിമേലിൽ
ഈശ്വരകോപമറിഞ്ഞാൽ പിന്നെ
വാശ്ശുള്ളമെന്നൊരപേക്ഷ തുടങ്ങും
വരവും തരവും ജനവും ധനവും
മനുജരിൽവച്ചതിനീചന്മാരാം
മനുജപുഴുക്കൾക്കേറിച്ചമയും
മതിയും കൊതിയും അതികപടങ്ങളു-
മതിയായിട്ടു ബുധന്മാർക്കുളവാം.
ഗതിയില്ലാത്ത ജനങ്ങളിലൊരു കൃപ
മതിമാന്മാർക്കിനി വരികില്ലരച !
അമ്പലമെന്നു മറന്നാതിനുള്ളിൽ
തമ്പലമിടുമിനി മടികൂടാതെ
ചെമ്പുപൊളിച്ചഥ വിററവുതുടങ്ങും
അമ്പലമുടയവർ പുകയില തിന്മാൻ.
ലന്തപറങ്കിയുമിങ്കിരിയേസ്സും
ബന്ധുവതാമിനിയരചന്മാർക്കും
ഗ്രന്ഥികളൊന്നു കുറഞ്ഞു തുടങ്ങും
ഗ്രന്ഥമെഴുത്തും നാസ്തിയതാമേ !
ശാസ്ത്രികളെന്നൊരു ഭാവത്തോടെ
ശാസ്ത്രമെടുക്കും പകൽ കഴിവോളം
രാത്രിയടുത്താലവരെപ്പിന്നെ
ക്ഷേത്രംതന്നിലൊരേടം കാണാം.
ഇത്രയനിഷ്ടഫലപ്രദകലിബല-
മത്രജനങ്ങളുണർത്തിച്ചീടാം.

ഉലകുടെ പെരുമാളൊന്നറിയേണം
കലിയുടെ ദോഷം തീരണമെങ്കിൽ
വലിയൊരു കഥയിതു നളനുടെ ചരിതം
കലിതകുതൂഹലമുരചെയ്തീടാം
ഫലിതം കുറയുമതെങ്കിലുമോർത്താൽ
കലിമലഹരമെന്നൊരു ഗുണമധികം
പലരുമെനിക്കു സഹായിച്ചീടിൽ
പലദിക്കൊട്ടു ചുരുക്കിപ്പറയാം.

'കരുണാമൃതരുചി വരദനുദാരൻ
തരുണാരുണഗണഗുരുകരസാരൻ
തരുണാംബുജദളനയനൻ സുരവര-
തരുണാസമധനവിതരണശീലൻ
കരുണാമലജലവരുണാവാസൻ
ഹരിണാന്തകബലഹരിണാവാസൻ
ഹരിണാങ്കാങ്കകചരിണീശോഭിത-
ഭരണായാംഭവി ഹരിണാസദൃശൻ
ചരണാംബുജയുഗ ശരണാഗതജന-
ശരണായിതനവകരുണാധരണൻ
മരണം ഭവഭയഹരണാദികരൻ
കരുണാകരഗുരു കരുണാശരണൻ
ധരണീപതികുല ധരണീയാരുടെ
ധരണി ധരിച്ചൊരു ധരണീപാലൻ
ധരണീവിലസിത തരുണീ മാനസ-
ഹരിണീകൃതതനു ധരണീമദനൻ
അളകാപതി സമഘനതരവിഭവൻ
അളകാഞ്ചിത ദൃഢനിടില കലാപൻ
നളകൂബരനെക്കാളതി സുഭഗൻ
നളനെന്നൊരു നൃപനുളവായ് വന്നു.
നളിനകുലാരി കുലാലങ്കരണൻ
കളമധുരാകൃതി നിഷധ നരേന്ദ്രൻ
കളകളതരധനഡാംബരഭൂഷണ-
ലളിതകളേബരനതിസുകുമാരൻ
കളിയൊട്ടു നിഷധപുരേ പുരുമോദാൽ
കളിരുചി തേടി വളർന്നൊരുകാലം
കളമൊഴിമാരുടെ കരളിൽ പരിചൊടു
കമലശരാർത്തി വളർന്നുതുടങ്ങി.

തെളുതെളെ വിലസിന പനിമതിരുചിയാൽ
വെളുവെളെ വിളയാടീടിന ഗാത്രേ
തളവളമകുടമണിഞ്ഞു നരേന്ദ്രൻ
കളികളുമാടി നടക്കുന്നേരം
നളിനസരസ്സിന്നരികേ നല്ലൊരു
പുളിനം തന്നിൽ ചെല്ലുന്നേരം
നളിനംതന്നിലുറങ്ങീടുന്നൊരു
കളഹംസത്തെ കണ്ടാനരചൻ
പങ്കമകന്നൊരു തങ്കം പൊന്നിനൊ-
ടങ്കം പൊരുതുമൊരംഗപ്രഭയും
കുംകുമനിറമാം ചിറകും കൊക്കും
പങ്കജരുചിരം ചരണദ്വയവും
കണ്ടതുനേരം നൃപനു കുതൂഹല-
മുണ്ടായ്‌വന്നു മനതാരിങ്കൽ
കൊണ്ടാടിത്തൻ കരകമലത്തെ-
ക്കൊണ്ടു പിടിച്ചു മുറുക്കിക്കൊണ്ടാൻ
അരചൻ ചെന്നഥ തൊട്ടൊരു നേരം
അരയന്നംതാൻ ഝടിതിയുണർന്നു.
'അരുതരുതെന്നെ ക്കൊല്ലരുതെ'ന്നും
തെരുതെരെയങ്ങു പറഞ്ഞു തുടങ്ങി
'അപരാധത്തെ ചെയ്യാത്തവനെ
കൃപകൂടാതെ വധിച്ചെന്നാകിൽ
നൃപതേ! നിന്നുടെ നാടും ധനവും
സപദി നശിക്കുമതോർത്തീടണമേ.
പക്ഷികളെ ക്കൊലചെയ്തൊരു മാംസം
ഭക്ഷിപ്പാനൊരു രുചിയുണ്ടാകിൽ
ഇക്ഷിതിയിൽ പല കുക്കുടമുണ്ടതു
ഭക്ഷിച്ചാലും മതിവരുവോളം.
മാനത്തങ്ങു പറന്നു നടക്കും
ഞാനെന്തൊരു പിഴചെയ്തുനിങ്കൽ?
മാനുഷകുലവര മകുടമണേ! നീ
ഹാനി നമുക്കു വരുത്തീടൊല്ല.
എല്ലും തോലും ചിറകും കൊക്കുമി-
തെല്ലാം നീക്കി നുറുക്കിക്കണ്ടാൽ
തെല്ലുഭുജിപ്പാനുണ്ടെന്നും വരു-
മില്ലെന്നും വരുമെന്നുടെ മാംസം.

എന്നുടെ മാതാവിന്നു വയസ്സൊരു-
മൂന്നുറവപതിലിപ്പുറമല്ല
എന്നവരുമ്പോളവളുടെ ദുഃഖമ-
തെന്നു ശമിക്കും നിഷധനരേന്ദ്ര !
നിന്നുടെ കയ്യാൽ മരണം വരുമിനി
എന്നു ശിരസ്സിൽ നമുക്കുണ്ടെങ്കിൽ
എന്നമൊരുത്തരുമാവതുമില്ലതു
വന്നുഭവിച്ചാൽ ഖേദവുമില്ലാ.
എന്നുടെ പിടയും തനയന്മാരും
നമ്മുടെ കുലവും ബന്ധുജനങ്ങളും
അമ്മയുമച്ഛനുമനുജന്മാരും
കമ്മബലാലിതു കാലമൊടുങ്ങും.
അന്നത്തരുണികൾ പണിയും നമ്മുടെ
കുന്നൽകുളർമൊഴി കാന്തയുമിപ്പോൾ
എന്നുടെ വരവും നോക്കിപ്പുരിചിനൊ-
ടുന്നതദിക്കിലിരുന്നീടുന്നു.
അയ്യോ ! നരവര ! സാഹസമിങ്ങിനെ
ചെയ്യരുതേ ദുരിതം വരുമെന്നാൽ
പൊയ്യല്ലൊരു പൊഴുതരുതിതു പരിഭവ-
മിയ്യൽ കണക്കെ നടക്കുമൊരെങ്കൽ.
കൊന്നാൽ പാപം തിന്നാൽ പോമട-
നെന്നൊരു വല്യതാം മൂഢതയുണ്ടേ.
നീന്നുടെ കരളിലിതഴകല്ലേതും
മന്നിൽ മികച്ചൊരു ബുധനല്ലേ നീ ? '
അവനുടെ വാക്കുകളിങ്ങനെ കേട്ടഥ
കുവലയനയനൻ നളനരപാലൻ
ശിവ ശിവയെന്നുടനരയന്നത്തെ
ജ്ജവമൊടുവിട്ടുരചെയ്തു പതുക്കെ.
' കനകമയാകൃതിയാകിയ നിന്നെ
ക്കനിവൊടുകണ്ടതുകൊണ്ടകതാരിൽ
ഘനതരമായൊരു കൗതുകമുളവായ്
മനസാ വാചാ സത്യം തന്നെ.
ക്ഷോണിതലങ്ങളിലിങ്ങനെയൊരുവക
കാണുന്നില്ലതുകൊണ്ടു ഭവാനെ
പാണിതലത്തിലെടുപ്പാൻ ബന്ധം
പ്രാണവധത്തിനു ഭാവിച്ചില്ലേ '

മന്നവനിങ്ങനെയുരചെയ്തപ്പോൾ
അന്നം ധരണിയിൽ നിന്നെഴുന്നീററു
ഒന്നു കുടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകും വീശിയിരുന്നു.
ചിറകിനകത്തു കടിച്ചുകിടക്കും
ചെറുപേൻ കൊതുകുകളീച്ചകൾ പുഴവും
തിറവിയ കൊക്കുകൾകൊണ്ടു കടിച്ചു
കൊറുക്കൊറെയങ്ങു കൊറിച്ചുതുടങ്ങി.
ഒരുകാൽകൊണ്ടു ശിരസ്സിൽ പരിചൊടു
ചൊറികിത്തത്തി നടന്നു തുടങ്ങി
നരവരനാകിയ നളനുടെ മുമ്പിൽ
തുരസാനിന്നു പറഞ്ഞുതുടങ്ങി :

'ശ്രീമൻ! നൈഷധഭൂപതേ! തവ യശോ
ഗായന്തി ദേവാംഗനാ
ഹേമാംഭോജരജോവിരാജിതഗണൈ-
രാകാശഗംഗാതടേ
യാവത്താവദസാവമന്ദ വിലസ-
ന്മന്ദാക്ഷമന്ദീകൃതാ
മന്ദാരദ്രുമവാടികാ ഹി ഭവതഃ
കാരുണ്യവാരാന്നിധേ!

പാർത്ഥിവ നിന്നുടെ വാക്കുകൾ കേട്ടു കൃ-
താർത്ഥതയിങ്ങു വരുത്തീടേണം.
ആർത്തി ജനത്തിനു മതിയാംവണ്ണം
അർത്ഥമെടുത്തു കൊടുക്കുന്ന നിന്നുടെ
കീർത്തി വളർന്നു വളർന്നു പതുക്കെ
പ്പാർത്തലമൊക്കെ നിറഞ്ഞു സഭാന്തേ
പാർത്തിരിയാതെ വളർന്നു സുരോത്തമ-
തീർത്ഥമതാകിന ഗംഗാപുളിനേ
വാർത്തകളീവക കീർത്തനമാക്കി-
ത്തീർത്തുതുടങ്ങീ സുരനാരികളും
പാർത്തലവാസികൾ മററുള്ളവരുടെ
കീർത്തികളെല്ലാം നേർത്തു ചമഞ്ഞു
ധൂർത്തല്ലതു പൊഴുതമരതരുക്കൾ-
ക്കാർത്തി പിടിച്ചുതുടങ്ങി പതുക്കെ
ചീർത്തൊരു നാണംകൊണ്ടു ശിരസ്സുകൾ
താഴ്ത്തിക്കഥമപി വാണീടുന്നു.

പൂർത്തിപെരുത്തൊരു ചാരുദയാമല-
മൂർത്തേ! ജയജയ നളനരപാല!'
രാജസ്തുതിയുടെ പൊരുളീവണ്ണം
യോജിപ്പിച്ചു പറഞ്ഞരയന്നം
രാജമനസ്സു കുളർപ്പാൻ പുനരിഹ
വ്യാജവിഹീനം കഥനം ചെയ്തു.

'നിഷധകുലകമലവന ദിനകരധരാപതേ!
നീതിശാസ്ത്രാംബുധേ! കേൾക്കമേ വാക്കുകൾ
വിഭവമൊടു വിലസിന വിദർഭഭൂമണ്ഡലേ
വീരനാം ഭൂമിപാലൻ തന്റെ പുത്രിയായ്
സുമുഖി ദമയന്തിയെന്നുണ്ടൊരു കന്യകാ
സുന്ദരികളിന്നവളെ വന്ദിക്കുമാകവേ
നിറമുടയ തലമുടി ചുരുണ്ടുനീണ്ടങ്ങിനെ
നീലമേഘങ്ങൾക്കു തോലിനൽകുന്നിതേ
കുറുനിരയുമൊരു കുറിയുമൊരു നിടിലഭംഗിയും
കൂത്താട്ടമോമനച്ചില്ലിവില്ലാട്ടവും
കമലദള വിമല ചലലോചന ഭംഗിയും
കാമാസ്ത്രതുല്യ കടാക്ഷവീക്ഷണങ്ങളും
തിലകുസുമസമ സുഷമനാസികാ ശോഭയും
തിങ്കളോടൊക്കും കപോലസ്ഥലങ്ങളും
മധുമധുര മൃദുലതരമധരസൌഭാഗ്യവും
മാലതീമൊട്ടിനോടൊത്ത ദന്തങ്ങളും
വലയകുലകിലുകിലിതകരയുഗളകേളിയും
വാഴ്ത്തീസ്തുതിപ്പാൻ നമുക്കെളുതല്ലെടോ!
കൊടിനടുവുമതി വികടകടിതട വിലാസവും
കോമളാഡംബരം കാഞ്ചീകലാപവും
കദളിയൊടു മൃദുതയൊടു കദനമിട കൂടുന്ന
കാലുരണ്ടും വിഭോ! കണ്ടാൽ മനോഹരം.
ശശിയൊടെതിരുപൊരുതുവിരുതേറുന്ന വക്ത്രവും
ശംഖിനോടൊക്കുന്ന കണ്ഠപ്രദേശവും
മലമകളൊടു പലപൊഴുതു കലഹരുചി തേടുന്ന
മാർവത്തുതിങ്ങും കുചങ്ങടെ ഭംഗിയും
കിളികളൊടു കളിവചനമിളിയുമൊരു വാണിയും
കീർത്തിപ്പതിന്നുഞാൻ സർപ്പേന്ദ്രനല്ലെടോ!

പലവടിവും വന്നുചമഞ്ഞു;
തലമുടിയും വന്നതികഞ്ഞു;

മുലയിണയും മാറകവിഞ്ഞു;
മലർശരനും മെല്ലെയണഞ്ഞു ;
ശിശുതകഴിഞ്ഞു; വശതകഴിഞ്ഞു ;
മറവുമൊഴിഞ്ഞു; മനമതഴിഞ്ഞു ;
കിളിമൊഴിതാനൊന്നു പകർന്നു ;
കളിപുതുമയ്ക്കാശ വളർന്നു;
കളിവചനപ്രൗഢി മുതിർന്നു;
നളനൃപതേ കാമമുയർന്നു.
മിഴികൾ വിടർന്നു വഴിയിലമർന്നു
അഴകുകലർന്നു കഴലിണചേർന്നു.
പ്രിയസഖിമാരോടു മിണങ്ങി
പ്രിയതമനെച്ചിന്ത തുടങ്ങി
പ്രിയമധുരം വാക്കിലിണങ്ങി
പ്രിയമിദമെന്നോർത്തു വണങ്ങി
കഥകൾതുടങ്ങി; കപടമടങ്ങി
കളികൾതുടങ്ങി; കമനിവിളങ്ങി;
പലചരിതം കേട്ടുരസിച്ചും
പലകൗതുകം വന്നുഭവിച്ചും
പലപദവും കേട്ടുരസിച്ചും
പലഗുണവും ചേർന്നുവസിച്ചും
മദനനുദിച്ചു; മദമതിളച്ചു ;
മനസി രസിച്ചു; അവിടെ മറച്ചു.

ദമനുടെ സോദരിയാകിയ കന്യക
ദമയന്തിക്കു വിവാഹമടുത്തു.
കമലവിലോചനയാളെ നിനച്ചാൽ
ഭുവിയിലതിന്നൊരു പുരുഷരുമില്ല.
മലർശരപരവശരായ്‌വന്നീടിന
പലപല നൃപതികളവളെ ലഭിപ്പാൻ
പലതരമങ്ങു പ്രയത്നംചെയ്തു
ഫലമതുപിന്നെ കണ്ടാലറിയാം.
ഒരുവൻകൊണ്ടു തിരിക്കും മുമ്പേ
തരസാചെന്നു വശത്താക്കേണം;
തരുണിമണിക്കിഹ തരമായിട്ടൊരു
പുരുഷൻ ധരണിയിലില്ല ചുരുക്കം.
മന്നിൽ പലപല മന്നവരുണ്ടതി-
ലൊന്നുമവൾക്കിഹ സമ്മതമല്ല.

നിന്നൊടുകൂടി രമിപ്പാനൊരുഗതി
വന്നുഭവിക്കിലതവളുടെ ഭാഗ്യം.'
ഇത്തരമുരചെയ്തരയന്നത്തൊടു
ഉത്തരമരുളീ നളനരപാലൻ

'ഉത്തമനാകിയ കളഹംസ സഖേ!
ചിത്തസുഖം മമ നിന്നുടെ വാർത്താ.
കനകസമാന കളേബരനാം നീ
കനിവൊടതിങ്കലിറങ്ങീടേണം
പനിമതിമുഖിയെ നമുക്കു ലഭിപ്പാൻ
മനമതഴിഞ്ഞിഹ പണിചെയ്താലും
നിന്നുടെ കൃപയുണ്ടെന്നു വരുമ്പോൾ
ഒന്നുമെനിക്കു വരാത്തതുമില്ലാ.
എന്നുടെ വാർത്തകളിന്നവളോടു
ചെന്നുപറഞ്ഞു ധരിപ്പിക്കേണം"
നന്നെമനസ്സു തെളിഞ്ഞരയന്നം
മന്നവനോടുരചെയ്തു തുടങ്ങി:—
"നിന്നുടെ വചനം കേട്ടുനടപ്പാ-
നെന്നുമിനിക്കൊരു സംശയമില്ല
അറിയാം നാലുദിനത്തിലതപ്പുറ-
മറിവുള്ളരചാ പൊളിയല്ലേതും
കുറനാൾ കഴികേ കാണാ'മെന്നൊരു
കുറിയും വെച്ചു തിരിച്ചിതു ഹംസം
കുണ്ഡിനനഗരം നോക്കിപ്പുരിചിനൊ-
ടണ്ഡജനാശു പറന്നുതുടങ്ങി.
അണ്ഡജഗമനം കണ്ടാലൊരു ശശി-
മണ്ഡലമെന്നിഹ തോന്നും ഗഗനേ.

ചിരിച്ചു ഗഗനത്തിൽ തിരിച്ചു കളഹംസം
സ്മരിച്ചു നളനേയും ധരിച്ചു ഹൃദയത്തിൽ
കടന്നു പലടിക്കും നടന്നു വിരവോടെ
എടങ്ങൾ നഗരങ്ങൾ മഠങ്ങൾ കിടങ്ങുകൾ
പടങ്ങൾ വിപിനങ്ങൾ തടങ്ങൾ തടാകങ്ങൾ
തുടങ്ങിപ്പലവസ്തുകടന്നു പറക്കുമ്പോൾ.

നാടുകൾകണ്ടു വീടുകൾകണ്ടു
കൂടുകൾകണ്ടു കോടുകൾകണ്ടു
ചാടുകൾകണ്ടു പോടുകൾകണ്ടു

ചോട്ടുകൾകണ്ടു വീടുകൾകണ്ടു.
വീട്ടുകളിൽ ചിലനായന്മാരുടെ
മൂഢതകൊണ്ടൊരു ഘോഷം കണ്ടു.
അച്ചികളോടു കലമ്പിച്ചില കല-
മെച്ചിലിലിട്ടു തകർക്കിണകണ്ടു.
കച്ചകൾ പുടവകൾ ഒരുവൻചെന്നു
വലിച്ചു കരിച്ചു തിരിച്ചതുകണ്ടു.
ഇല്ലം കൊണ്ടൊന്നവളെത്തല്ലി
പല്ലു തകർത്തൊരു പങ്ങച്ചാരുടെ
തള്ളകയർത്തൊരുലക്കയെടുത്തു
ചെള്ളയ്ക്കൊന്നു ചിമുക്കിണകണ്ടു.
മറെറാരടത്തൊരു ഘോഷം കണ്ടു.
തെററന്നവിടെച്ചെന്നരയന്നം
മുററത്തുള്ളൊരു തെങ്ങിൻമുകളിൽ
പററിച്ചെവിയും പാർത്തുവസിച്ചു.
നായർ വിശന്നു വലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല
ആയതുകേട്ടു കലമ്പിച്ചെന്നാ-
ങ്ങായുധമുടനേ കാട്ടിലെറിഞ്ഞു.
ചുട്ടുതിളയ്ക്കും വെള്ളമശേഷം
കുട്ടികൾ തന്നുടെ തലയിലൊഴിച്ചു.
കെട്ടിയപെണ്ണിനെ മടിക്കൂടാതെ
കിട്ടിയ വടികൊണ്ടൊന്നു കുമച്ചു.
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലുവലിച്ചു കിണററിൽ മറിച്ചു
ചിരവയെടുത്തഥ തീയിലെരിച്ചു
അരകല്ലങ്ങു കുളത്തിലെറിഞ്ഞു.
അതുകൊണ്ടരിശം തീരാഞ്ഞവന-
പ്പുരയുടെ ചുററും മണ്ടിനടന്നു.
അരയന്നം പുനരതുകണ്ടുടനേ
ഹരഹര! ശിവശിവയെന്നു പറഞ്ഞു
അരനാഴികവഴി ചെല്ലുന്നേര-
ത്തരികേ നല്ലൊരു പെരുവഴി കണ്ടു.
അരയാലുകളും പേരാലുകളും
അരമനതെരുവുകളങ്ങാടികളും
മരവും നല്ല നടക്കാവുകളും

പുരയും പുഴയും വഴിയമ്പലവും
നവമലർ വിലസിന പൂങ്കാവുകളും
തറകളുമന്തണമത്താണികളും
കിണറും തളവും തളവും കുളവും
തണലും മണലും മണിഗോപുരവും
അണയുംതോറും തുളസിദളങ്ങളെ
മണവും ഗുണവുമിതെത്ര മനോജ്ഞം!
അമ്പലമവിടെക്കണ്ടു തുടങ്ങി
വൻപടഹധ്വനി കേട്ടുതുടങ്ങി
കമ്പവിളക്കു കൊളുത്തി വിളങ്ങി
വമ്പുരപലതും കണ്ടുതുടങ്ങി;
കൊടിയേററമുണ്ടിഹ വിഷ്ണുക്ഷേത്രേ
കൊടിമരമുയരെക്കാണാകുന്നു.
തടിയന്മാർ പലരുണ്ടു വരുന്നു
കൊടിയമഹോത്സവഘോഷം കാണ്മാൻ.
എന്നുമനസ്സിലുറച്ചരയന്നാം
ചെന്നരയാലിൻ മുകളിലിരുന്നു
അന്നേരം പലദിക്കിന്നും ചിലർ
വന്നുതുടങ്ങി നിരന്നുതുടങ്ങി.
ആൽത്തറമേൽ ചിലർ വന്നുകരേറി
പാർത്തുതുടങ്ങി ഘോഷം കാണ്മാൻ.
ആർത്തുവിളിച്ചു കളിച്ചു പുളച്ചിഹ
പാർത്തലവാസികൾ വന്നുനിറഞ്ഞു.

ഇളകിന നരവരപടയും ചില
വെളുവെളെ വിലസിന കുടയും പല
കളമൊഴിമാരുടെ നടയും ചെറു
കിളികളുമവരുടെ പിടിയും ചില
കരികളുമവരുടെ പിടിയും പല
പരിമളമിളകിന മുടിയും ചില
കലഹവുമുടനുടനടിയും ചില
പുരികളിലനവധി കൊടിയും പല
പലദിശി പൊടുപൊടെ വെടിയും നറു
മലരതിലതി മൃദുപൊടിയും പുന-
രൊരുവക തടവടി പിടയും
കൊട്ടും കുഴൽവിളിയുമൊട്ടും കുറവില്ലയാ-
ഞ്ഞിട്ടുമനുജർ ചെവിപൊട്ടും പരിചിനോടേ

തട്ടുംമുകളിൽ ചിലകൊട്ടും പ്രയോഗം കണ്ടി-
ട്ടൊട്ടും വിരുതു ചിലരിട്ടും വഴുതുകില്ലാ.
പട്ടും പുടവമലർമൊട്ടും തരിവളയു-
മിട്ടും കൊണ്ടൊരുകൂട്ടം വാട്ടം കലരുമാല-
വട്ടം കുടതഴയും വട്ടം പടവെടികൾ
ചട്ടം പലതരങ്ങൾ വട്ടം തെളിഞ്ഞെതിരിയും
വെട്ടങ്ങളുടെ നല്ല വട്ടങ്ങളൊരു ദിശി
പട്ടന്മാരുടെ പലകൂട്ടങ്ങളോരോ ദിശി
ബാലത്തരുണികടെ നീലത്തലമുടിയും
ചേലൊത്തമുലകളും ഫാലതിലകങ്ങളും
ചേലത്തരങ്ങളുട്ടത്താലോല മിഴികളും
ആലാപവടിവുകളും മേലേകണ്ടൊരു കൂട്ടം
ബാലപ്പൂരുഷർചെന്നു നാലുവശത്തും നിന്നു
ആലോകിച്ചോരോ കേളിജാലങ്ങളോരോദിശി
ആനക്കഴുത്തിൽ ഭഗവാനെ എഴുന്നള്ളിച്ചു
നാനാപടഹങ്ങളും സേനാപടജ്ജനവും
ആനന്ദം വരുത്തുന്ന ഗാനങ്ങളോരോദിശി.

ഇങ്ങനെ പലവിധമുത്സവഘോഷം
തിങ്ങിനമോദാൽ കണ്ടരയന്നം
അംഗനമാരും പുരുഷന്മാരും
അങ്ങൊരുദിക്കിൽ വന്നതുകണ്ടാൻ.
നെട്ടതായുള്ള മണപ്പാടൻ മു-
ണ്ടടികവിയോളം ഞാത്തിയുടുത്തൊരു
വടിയും കയ്യിലെടുത്തു വരുന്നൊരു
തടിയൻ പുറകെയൊരുത്തിയുമുണ്ട്
ചെണ്ടക്കാരൊടു കല്പനപറകയു-
മുണ്ടൊരുദിക്കിൽ കേൾക്കാകുന്നു
"മാരായന്മാരൊന്നറിയേണം
നാരായണനുടെ കൊടിയേറുന്നാൾ
നേരായുള്ളൊരു പാണിപിഴച്ചാൽ
തീരാതുള്ളൊരു കുററം വരുമേ
ശങ്കിപ്പരിഷകൾ പലരുംകൂടി
ശങ്കതുടങ്ങി മുടങ്ങിപ്പോയാൽ
ചെണ്ടക്കാരേ ! നിങ്ങടെ കൈവിരൽ
കണ്ടിച്ചെറിവാൻ കല്പനവരുമേ
തിമിലയെടുത്തു നടപ്പാൻ നമ്മുടെ

കൊമരിക്കിന്നിഹ ശരിയല്ലാരും.
കുഴലുവിളിച്ചു ഫലിപ്പിക്കുന്നതു
കിഴവച്ചാരതു മതിയാക്കേണം.
നമ്പൻവേണം കൊമ്പുവിളിപ്പാൻ
വമ്പനതിന്നൊരു മൂമ്പൻതന്നെ.
കാളമെടുത്തു വിളിക്കണമെന്നാൽ
കേളനെ വച്ചിട്ടൊരുവനുമില്ല
മേളം കൂട്ടകിലങ്ങവനല്പം
താളം തെററുമതെന്നൊരു ദോഷം.
ചേങ്ങല കൊണ്ടൊരു വട്ടം നില്പാൻ
ചങ്ങാതിക്കൊരു വാസനയില്ലാ.
സകലജനങ്ങടെ നടുവിൽ ചെന്നഥ
തകിലുതകർത്തു തുടങ്ങുന്നേരം
അകലെപ്പോമവർ തങ്ങടെ ചെവിയിൽ
തുകിലും തുറവവിറച്ചു തുടങ്ങും.
പുതുവാളെന്നൊരു വിദ്വാനുണ്ടു
പുതുതായുള്ള വിധങ്ങളെടുപ്പാൻ
പുതുവന്മാരുടെയാളായതിനാൽ
പുതുവാളെന്നൊരു പേരവനുളവായ്.
അതിയായിട്ടവനിവിടെ വരേണ്ടാ
മതിയാമവനുടെ വിരുതുകളെല്ലാം.
കൊച്ചൻ നിന്നിഹ ശംഖുവിളിച്ചാൽ
അതിനും പിന്നെ വിരോധംവേണ്ടാ.
പാട്ടിനുചേരുമിടയ്ക്കക്കാരെ
കൂട്ടിക്കൊള്ളണമവരേ വേണ്ടൂ.
ഊട്ടിനുവന്നു കിടക്കുന്നവരുടെ
കൂട്ടക്കാരെച്ചാർത്തുകയില്ല.
മദ്ദളമെന്നതു മൂന്നോ നാലോ
തപ്പും വേണമതെട്ടോ പത്തോ
അപ്പുറമുള്ളതു തിരിയെനടക്കാം
തുടിയും പടയുമുടുക്കും വേണം
തടിയനതിങ്കൽ മിടുക്കും വേണം
ചെണ്ടക്കാരനടക്കം വേണം
കൊട്ടിനു നല്ലൊരുടുക്കും വേണം.
ഇങ്ങനെ പലവിധമുത്സവഘോഷം
ഭംഗിയൊടവിടെക്കണ്ടരയന്നാം

തിങ്ങിനകുതുകമിയന്നു പറന്നു
അങ്ങുതിരിച്ചു പുനരതിവേഗം.

വിദഗ്ദ്ധനാകിയ നളന്റെ ദൂതൻ
വിദർഭ നൽപുരമടുത്തു കണ്ടു
മദിച്ചുദന്തികൾ നിറഞ്ഞു കണ്ടു
കുതിച്ചുചാടും കുതിരകൾ കണ്ടു
മണിപ്പുരകളുമുയർന്നു കണ്ടു
മണിഗൃഹങ്ങളുമണഞ്ഞു കണ്ടു
തണുത്ത ചന്ദനമരങ്ങൾ കണ്ടു
മണത്തമേറിന വനങ്ങൾ കണ്ടു
സ്ഥലങ്ങളും തരുഫലങ്ങളും
ദലങ്ങളും മണിനിലങ്ങളും
വിലങ്ങളും പലകലങ്ങളും
ധനങ്ങളും മുനിജനങ്ങളും
മൃഗങ്ങളും ചിലനഗങ്ങളും
ശുകങ്ങളും ചിലപികങ്ങളും
നിറങ്ങളും പലനിറങ്ങളും
പറങ്ങളും മണിപിറങ്ങളും
അഖണ്ഡിതായുധ മുഖങ്ങളും
പറന്നുചെന്നുടനനേകവസ്തു
നിറഞ്ഞകുണ്ഡിന വിഭൂതികണ്ടു
ദമന്റെ സോദരി സഖിമാരോടും
കമലസരസ്സിന്നരികേ നല്ലൊരു
രമണീയാങ്കണ മണിശിലമുകളിൽ
കമനികളിച്ചു വസിക്കുന്നേരം
കളഹംസം ചെന്നാവളുടെ മുമ്പിൽ
കളമധുരാകൃതി മെല്ലെയിറങ്ങി
കളമൊഴിയോടു കളിച്ചു വസിച്ചഥ
കിളിയേപ്പോലെ പറഞ്ഞുതുടങ്ങി:—

പദം—എരിക്കിലകാമോദരി

'കല്യാണശീലേ! ബാലേ! നല്ലാരിൽ മൗലിമാലേ
ചൊല്ലേറും ഭീമനന്ദനേ!
മല്ലീശരാസനവില്ലിനെ വെല്ലിന
ചില്ലീ! നിസ്തുല്യാംഗതേ ശൃണു

നല്ല വിശേഷം ധന്യേ നൃപതി വരകന്യേ !
നളനെന്നൊരു സുന്ദരനുണ്ടു ഭൂതലേ
മന്നരിലവനൊടു സദൃശനാമൊരു
മന്നവനില്ല സുശീലേ (കല്യാ)
ഈരേഴുലോകങ്ങളിലീരാജാവിനെപ്പോലെ
വീരനായാരുമില്ലെടോ !
നാരികളവന്റെ ഗുണഗണരസം കേട്ടു
പാരം മയങ്ങീടുന്നു
വില്ലാളിവീരനാകും നല്ലൊരു നളന്റെ
സല്ലാപം പറക മോഹം
പല്ലവമൃദുതരമധരമധുരതയും
അധരിതവിധുരിതവിധുവാം മുഖവും (കല്യാ)
മട്ടോലും മൊഴിയാളേ ! ഞാനേററവും ചിന്തിക്കുന്നു
മാനിയാം നൈഷധേശ്വരൻ
മാനിനി ! നിന്നുടെയ വരനായി വരികി-
ലുരുതരസുകൃതമവനും നിനക്കും (കല്യാ)
പന്തേലും മുലമാർക്കു സന്താപം വളർക്കുന്ന
കാന്തികൾ ചൊല്ലാവല്ലെടോ !
സന്തതം പരിമളമിളകിന തലമുടി
ബന്ധനമതിഘന ബന്ധുരമല്ലോ
കാമനു രതിപോലെ രാമനു സീതപോലെ
സോമനു രോഹിണിപോലെ
കോമളവദനനാം നളനരപാലനു
ഭീമസുതേ ! നീ പ്രിയയായ്‌വരേണം (കല്യാ)

കളഹംസം ഞാനംബരചാരീ
നളനുടെ രൂപമതോർത്തീടേണം
കളമൊഴി നിന്നുടെ ചരിതം കേട്ടിഹ
പൊളിയല്ലരചൻ പരവശനായി
കാമശരാർത്തി പിടിച്ചു ദഹിച്ചൊരു
കോമളതനുവാം നളനരപാലൻ
താമരയിലകൾ വിരിച്ചു ശയിച്ചഥ
ഭൂമിയിലനിശമുറങ്ങീടുന്നു.
മട്ടുമലർ പരിമളമേൽക്കുന്നേരം
കിട്ടുകിടെ മേനി വിറച്ചീടുന്നു ;
ഉടലിൽ ചന്ദനമണിയുന്നേരം
ചുട്ടകനലെന്നവനോർത്തീടുന്നു ;

ശശിയുടെ കാന്തികളാന്തിവരുമ്പോൾ
വിശറിയെടുത്തഥ വീശീടുന്നു ;
ആശ്രയനിധിയാം സുന്ദരനൃപനെ
ശശിവദനേ നീ ഓർത്തീടേണം.
അയ്യോ കഷ്ടമവസ്ഥയിതൊന്നും
നീയറിയാത്തതിനെന്തിഹ ബന്ധം ?
അവന്റെ രൂപഗുണങ്ങൾ നിനച്ചാൽ
ശിവ ശിവ ! എന്നതുമാത്രം പറയാം
ഭവനം മൂന്നിലുമോർത്തു വരുമ്പോൾ
അവനൊടുസമമിന്നവനേയുള്ളു.
ആണല്ലാത്തൊരു മലർശരനിപ്പോൾ
നാണംകെട്ടൊരു കോണിലൊളിക്കും.
ഏണാങ്കൻ പുനരംബുദപടലേ
നൂണുനടപ്പതു കാണുന്നില്ലേ ?
നളന്റെ മുഖവും ചന്ദ്രനുമോർത്താൽ
വളരെ വിശേഷം കാണ്മാനുണ്ടു്
അളിനിറമായ കളങ്കം കൊണ്ടൊരു
വെളിവൊരുനേരവുമിന്ദുവിനില്ല ;
ഒളിമിന്നീടുമൊരധരപ്രഭയാൽ
നളന്റെ വദനമിതെത്രമനോജ്ഞം !

'ചഞ്ചൽപുരികുഴൽ തഞ്ചും നളന്റെ
കൊഞ്ചൽപുതുമയൊടഞ്ചിതമാകിന
പുഞ്ചിരികണ്ടുടനഞ്ചിമയങ്ങിന
ചഞ്ചലമിഴികടെ നെഞ്ചിൽ പരിചൊടു
പഞ്ചായുധന്റെ ചഞ്ചൽകണകള-
ത്തഞ്ചുംകൊണ്ടുടനഞ്ചും വിഷരസ-
സഞ്ചിതപാവകവഞ്ചനയാലെരി
യാഞ്ചിതയും ചിലർ വാഞ്ഛിക്കുന്നു ;
ഏററം പടകളിലൂററതയുള്ളൊരു
മാററാർ പടയും മററങ്ങവന്റെ
കൂററാർപടയും മുററും നളന്റെ
ചുററുംനിന്നുടനേററുപിണങ്ങും
മാററികളെല്ലാം തോററു ശരങ്ങളു-
മേററുമറിഞ്ഞങ്ങേററം ഭയമൊടു
കാററത്തിളകിന പാററകൾ പോലെ
തെററെന്നാടവികൾ പററീടുന്നു.

എട്ടുദിഗന്തരവട്ടം പൊരുതും
ദുഷ്ടരിപുക്കടെ കോട്ടകളെല്ലാം
തട്ടിനിരത്തി കെട്ടുകരം പലതും
മുട്ടിമുറിച്ചുടനിട്ടാലവയും
ചുട്ടു ജയക്കഴനാട്ടി ക്കാട്ടുകരം
വെട്ടിമുറിച്ചും നാട്ടിൽ വിളങ്ങിന
പുഷ്ടികളവരുടെ വെട്ടിയടക്കി
ചട്ടംകെട്ടിന ശിഷ്ടൻ നളനുടെ
ചട്ടംകണ്ടവർ കൂട്ടത്തോടെ
കെട്ടുംകെട്ടി ക്കെട്ടിയപെണ്ണും
കുട്ടികളും ചില ചട്ടികളും ചില
പെട്ടികളും ചില പൊട്ടിയ കലവും
ചട്ടുകവും ചില വട്ടികളും ചില
കൊട്ടകളെന്നിവ കെട്ടിപ്പേറി
കാട്ടിൽ പല പല കോട്ടിൽ നടന്നും
പട്ടികരംപോലെ പട്ടിണിയിട്ടും
കഷ്ടമനത്ഥപ്പെട്ടീടുന്നു.
അത്രപരാക്രമമുള്ളൊരു നളനാം
ധാത്രീപതികുല മകുടശിരോമണി
തത്രമനോഭവബന്ധംകൊണ്ടതി-
മാത്രം പരവശനായീ സരസിജ-
പത്രേ വീണു മയങ്ങീടുന്നു
ഗാത്രംപോയി മെലിഞ്ഞീടുന്നു
മാത്രം ഭക്ഷണമെന്നതുമില്ല
അത്ര പകർന്നു നിഷധനരേന്ദ്രൻ
ധാത്രിയിലായീ ശയനവുമിപ്പോരം
രാത്രിയിലൽപമുറക്കവുമില്ല
നേത്രജലങ്ങരം പൊഴിഞ്ഞുവഴിഞ്ഞയു
ഗാത്രംമുഴവൻ മുഴകീടുന്നു.
നളിനാസനനുടെ വാഹനമാകിയ
കളഹംസം ഞാനംബുജനയനേ
പൊളിവചനങ്ങരം പറഞ്ഞിട്ടില്ലേ
കളമൊഴിയാളേ കരുതുകിതെല്ലാം.'

പരിചോടരയന്നം പറഞ്ഞ മൊഴിയെല്ലാം
തരസാ ദമയന്തി ധരിച്ചു ഹൃദയത്തിൽ
നളിനമുഖനാകും നളനെ നിരൂപിച്ചു

വളർന്ന കാമരസം തളർന്ന ശരീരവും
ഗളിച്ച കണ്ണുനീററിൽ കുളിച്ചു വഴിപോലെ
മുളച്ച കുതൂഹലം ഇളച്ചു കളിയെല്ലാം
വിറച്ചു മുല രണ്ടും തറച്ചു മലർശരം
ഉറച്ചു പരിതാപമണച്ചു ക്ഷണനേരം
കയർത്തു മലരമ്പൻ വിയർത്തു മുഖമപ്പോൾ
നിറഞ്ഞ ലജ്ജയോടെ പറഞ്ഞു തുടങ്ങിനാൾ.

'കനകപയോരുഹ മധുപാനം ചെ-
യ്യുന്നവധി സുഖമൊടു സുരലോകങ്ങളിൽ
അനവരതം മരുവീടും നിന്നോടെ
കനിവുന്നിനച്ചഹമുരചെയ്യുന്നേൻ.
മനസിജസുന്ദരനാകിയ നളനെ-
ന്മനസി കരേറി വസിച്ചീടുന്നു.
മനുജശിരോമണി മാണിക്യം മമ
മനസിജതാപമുളവാക്കുന്നു.
നളനല്ലാതൊരു പുരുഷനിലെന്മന-
മിളകുന്നീലതു ബോധിച്ചാലും!
നളനുടെ ഗളമതിൽ മാലയിടുനാതി-
നെളുതായൊരുവഴി നിരൂപിച്ചാലും!
ജനകനിതിങ്കലിറങ്ങീലെങ്കില്പ-
മിന്നി മറെറാരുവനെനിക്കിഹ വേണ്ടാ.
കനകം കോരിച്ചൊരിയുന്നവനെയു-
മനുരാഗം മമ മനമതിലില്ലാ.
എന്നുടെ പ്രാണനു മവനുടെ പ്രാണനു-
മിന്നുതുടങ്ങിയതൊന്നായ്‌വന്നു.
സുന്ദരനാകിയ നളനെക്കാണ്മാ-
നെന്തനമുക്കിഹ സംഗതിയുള്ളു?
അന്നപ്പരിഷയിൽ മികവുള്ളവനെ!
നിന്നെയൊഴിഞ്ഞൊരു ഗതിയില്ലിഹ മേ.
എന്നുടെ വാർത്തകളൊന്നൊഴിയാതെ
മനാവർമണിയോടറിയിച്ചാലും.
എന്നോക്കാൾ ഗുണമേറം തരുണികൾ
മനസിൽ പലവിധമുണ്ടെന്നാലും
എന്നെ വെടിഞ്ഞീടരുതെന്നരചനൊ-
ടിന്നു ഭവാൻ ചെന്നുരചെയ്യേണം.
ശരണം നീ മമ നളനെ വരുത്തി-

ത്തരണം വിരവൊടു മടിക്കുടാതെ
മരണമെനിക്കു വരുത്തും മുൻപേ
വരണം നരപതി വരണം ചെയ്‌വാൻ.
കരുമന പെരുകിന കാമക്കള്ളനു
കരളിലൊരല്പം കരുണയുമില്ല.
നരപതി വിരവിൽ വരവില്ലെങ്കിൽ
മരണമനംഗനെനിക്കു വരുത്തും.

പദം.

'കളഹംസകാരുണ്യരാശേ!
ലളിതാകൃതേ! കളങ്കമൊഴിക്ക നീ
നളങ്കലെന്നെക്കൊടുക്ക നീ
വിളംബിതത്തെക്കുറയ്ക്ക നീ
തെളിഞ്ഞു നമ്മെ ത്തുണയ്ക്ക നീ (കളഹംസ)

മനക്കരുന്നു വെന്തുരുകീടുന്നു
നളനെത്തന്നെ നിനയ്ക്കുകമൂലം
മാൽ പെരുകീടുന്നു പിരിഞ്ഞിരിപ്പാൻ
എനിക്കു ധൈര്യം പാരം ഭേർത്തിടുന്നു മനസി മമ
(കളഹംസ)

നിനച്ചതെല്ലാം വരുത്തുവാൻ
നിനക്കുപായം പെരുക്കയാൽ
തനിച്ചു നിന്നോടിരന്നു ഞാ-
നിനിച്ചിതം നീ വരുത്തുക (കളഹംസ)

അടുത്തുവന്നുനിന്നു കാമദേവൻ കുസുമബാണം
തൊടുത്തുകൊണ്ടാനെന്നു തോന്നുന്നു
അതിനെയിന്നു തടുത്തുനിർത്താ-
നാമല്ല ഞാൻ പരമബന്ധോ! (കളഹംസ)

പടുതപമേറം നരേന്ദ്രനോ-
ടടുത്തിവണ്ണം പറഞ്ഞു നീ
അടുത്തനാളേയ്ക്കുകം പരം
കടുത്തതാപം കുറയ്ക്കു നീ (കളഹംസ)

നിറഞ്ഞ കാന്തി കോലും കാന്തൻ തന്റെ സ്വരൂപ
സൗന്ദര്യം
പറഞ്ഞു കേട്ടു നേരംതന്നെ ഞാൻ കണ്ടതുപോലെ
അറിഞ്ഞിതെല്ലാമെന്നു രാജഹംസമേ! (കളഹംസ)

അവൻെറ ചിത്തം മറിഞ്ഞുപോവാ-
തറിഞ്ഞവണ്ണം തുണയ്ക്ക നീ
പറഞ്ഞവാക്കിലൊരേടവും
കുറഞ്ഞുപോകായ്‌വരയ്ക്ക നീ
കളഹംസ കാരുണ്യരാശേ ലളിതാകൃതേ !''

ഭീമാത്മജയുടെ വചനം കേട്ടതി-
ധീമാനാമരയന്നം ചൊന്നാൻ :
'ഭൂമീപതിവരനായ നളങ്കൽ
പ്രേമമുറച്ചോ ! ശശധരവദനേ !
നിങ്കലുറപ്പുണ്ടെന്നായു വന്നാൽ
സങ്കടമഖിലമഴിക്കുന്നേൻ ഞാൻ
പങ്കജനയനേ നളനരപാലനു
നിങ്കൽ കനിവിനു കുറവില്ലേതും
സ്ത്രീപുരുഷന്മാർക്കന്യോന്യം ഭുവി-
രൂപഗുണങ്ങൾ തികഞ്ഞു വരുമ്പോൾ
സന്ധിപറഞ്ഞിഹ ചേർച്ച വരുത്തും
ബന്ധുക്കൾക്കൊരു ക്ലേശവുമില്ല.
നീററിലിരിക്കും വള്ളങ്ങൾക്കൊരു
കാററുകണക്കെ പിടിച്ചെന്നാകിൽ
തണ്ടുവലിക്കുനാളുകളെല്ലാം
മിണ്ടാതവിടെ യിരുന്നാൽ പോരും
അമരക്കാരൻ തല തെററാതെ
കിമപി സഹായം ചെയ്താൽ കൊള്ളാം.
ദമയന്തീനളയുഗളം ചേർപ്പാൻ
ശ്രമമില്ലേതുമെനിക്കു വിശേഷാൽ.
ചുട്ടു പഴുപ്പിച്ചീടിന കനകം
കൂട്ടിവിളക്കാമെന്നു വരുമ്പോൾ
തട്ടാനരികിലിരുന്നായു തമ്മിൽ
കൂട്ടുകമാത്രം ചെയ്താൽ പോരും
എന്നതുപോലെ ഞാനുമിതിങ്കൽ
സുന്ദരവദനേ പണിചെയ്യുന്നേൻ.
ഇങ്ങിനെ നിന്നുടെ ഹൃദയമറിഞ്ഞാൽ
ചങ്ങാതിക്കിനിയില്ലൊരു വികൃതി''
ഇത്തരമുരചെയ്തരയന്നം താൻ
സത്വരമങ്ങു പറന്നുതിരിച്ചു
ഉത്തമനാകിയ നളനുടെ മുമ്പിൽ

എത്തിക്കഥകൾ പറഞ്ഞറിയിച്ചു.

പൊൽക്കൊണ്ടീടിന ഭീമനരാധിപ-
നക്കാലംനിജ കന്യകതന്നുടെ
യോഗ്യമതായ സ്വയംവരഘോഷം
ഭാഗ്യഗുണോത്തരനാരംഭിച്ചു.
പത്തുമൊരെട്ടും ദ്വീപുകളുള്ളൊരു
ധാത്രിക്കോണുകൾ വാണുവസിക്കും
ധാത്രീപതികൾക്കെല്ലാം വിരവൊടു
പത്രികയെഴുതിയയച്ചുതുടങ്ങി.
നാരായണനുടെ ക്ഷേത്രരിൽ മുമ്പാം
നാരദമുനിയും പർവതമുനിയും
പാരിടമഖിലം പുനരവ്വകാലം
പോരു തിരഞ്ഞു നടക്കും സമയേ
കടലിടതടവിന ധരണിയിലെങ്ങും
പടയുടെ നാമം കേൾപ്പാനില്ല
ഉടനേ മുനിവരരിരുവരുമങ്ങിനെ
നെടുവീർപ്പിട്ടു തിരിച്ചു നടന്നു.
ഇരുവരു തമ്മിൽ കലഹിക്കാഞ്ഞാൽ
ഒരുരസമെന്നതു നാരദനില്ല.
ഒരുവിധമേഷണി കൂട്ടുവതിനൊരു
പെരുവഴി നോക്കി നടക്കുന്നേരം
"സരസിജമുഖി ദമയന്തി നിമിത്തം
പരവശരാമിനി മന്നവരെല്ലാം.
തരമിതുകൊള്ളാമവിടെ വരുത്തി-
സ്സുരപതിയെക്കൊണ്ടൊന്നു മറിക്കാം
പല പല നൃപതികൾ തമ്മിൽ പെരുകിന
കലശലുമിവിടെ വരുത്തീടാം ഞാൻ
ഫലമിനിയവളുടെ ചരിതമിതെല്ലാം
വലരിപു തന്നോടറിയിക്കേണം"
എന്നു മനസ്സിൽ കരുതിന മുനിമാർ
ചെന്നു സുരേശ്വരനഗരം പുക്കു്
ഇന്ദ്രനിരുന്നരുളുന്നൊരു സഭയിൽ
നന്ദികലർന്നൊഴുനള്ളീ മുനിമാർ.
ഝടിതി സുരോത്തമനെഴുന്നേററവരുടെ
അടിമലർ തൊഴുതു വണക്കത്തോടെ
അടിമലർപൊടി നിജ മുടിയിലണിഞ്ഞു

പടുതരപൂജകളുടനേ ചെയ്തു
കനകാസനമതിലവരെയിരുത്തി
കനിവൊടു വിശറിയെടുത്തഥ വീശി
മുനിയുടെ വചസാതാനമിരുന്നു
മനസി തെളിഞ്ഞു പറഞ്ഞു മഹേന്ദ്രൻ :
‘ നിങ്ങളെയിവിടെക്കാണ്മാനധുനാ
സംഗതി വരുമെന്നോർത്തില്ലേതും
ഞങ്ങടെ സുകൃതം കൊണ്ടിനിമേലിൽ
മംഗലമനവധി വരുമിഹ നൂനം.
കണ്ണുകളായിരമുള്ളതുമിപ്പോൾ
നിർണ്ണയമഖിലം സഫലമതായി
പൂർണ്ണാനന്ദം മനസി ഭവിച്ചു
കർണ്ണാനന്ദം പറകയുമല്ല
അന്തകരിപു ഭക്തമണേ! ഞാ-
നസ്ഥതകൊണ്ടൊന്നുരചെയ്യുന്നേൻ
നിന്തിരുവടിയോടു ചോദിച്ചെന്നാൽ
അന്തരമില്ലതു ബോധിച്ചീടും
മന്നിലിരിക്കും മന്നവരിപ്പോൾ
എന്നുടെ നഗരേ വരുമാറില്ല.
മുന്നം പലരും ഭൂമിയിൽനിന്നിഹ
വന്നുസുഖിച്ചു വസിപ്പോരുണ്ട്.
പെരുവഴിപോക്കന്നു ഭവനമതായി
പെരുകിന സാധനസമ്പത്തുകളാൽ
ഒരു ഫലമില്ല നമുക്കിക്കാലം
ഒരുവനുമില്ലതു കൊണ്ടു സുഖിപ്പാൻ
അർത്ഥം വളരെ സ്സമ്പാദിച്ച-
തനർത്ഥത്തിന്നൊരു പെരുവഴിയായി
വ്യർത്ഥമിതെന്തിനു രക്ഷിക്കുന്നു ?
ദാനവരിപുതൻ തൃക്കാലാണെ
ദാനം ചെയ്‌വാൻ മടിയില്ലടിയന്
മേനിക്കാഗ്രഹമുണ്ടായാൽ ചിലർ
ദാനം ചെയ്യുമെനിക്കതുമില്ല
ചുങ്കമെടുത്തും പിഴചെയ്യിച്ചും
ശങ്കവെടിഞ്ഞു ഗൃഹങ്ങൾ കവർന്നും
വങ്കരമേൽ മരുവുന്ന ജനത്തിനു
സങ്കടമന്നന്നുളവാക്കിച്ചും

കമ്പോളത്തിലിരിക്കുന്നവരോടു
വൻപു പറഞ്ഞു പിടിച്ചു പറിച്ചും
വമ്പെഴുതിച്ചും വിരൽ മുക്കിച്ചും
മുമ്പിൽവരുത്തി പ്പണമൊപ്പിച്ചും
കല്യാണത്തിനു കൺമുനയിട്ടും
കയ്യിൽവരുത്തിയതല്ലിവയൊന്നും
കല്പകവൃക്ഷം തന്നിൽ വിളഞ്ഞൊര-
നല്പധനങ്ങൾ മുനീന്ദ്രന്മാരേ!
യജമാനന്നു പിശക്കുണ്ടായാൽ
പ്രജകൾ പൊറുപ്പാനെളുതല്ലേതും.
സുജനങ്ങൾക്കു കൊടുത്തതുകൊണ്ടും
ദുർജ്ജനങ്ങൾക്കിഹ മതിയാകില്ല.
ക്രൂരുള്ളവരെ വിളിച്ചു വരുത്തി
ചോറുകൊടുത്തു പുലർത്തീടുകയും
വേറുതിരിക്കയു മന്യജനത്തോടു
മാറീടുകയും ചില വിദ്വാന്മാ-
രോടു കടന്നൊരു ന്യായാദികളും
കേട്ടുവരുന്നോർക്കനുഭാവനയും
വിദ്യപഠിച്ചതു വിററുജ്ജിക്കയു-
മിദ്ദിക്കിങ്കലൊരേടവുമില്ല
ആശ്രിതപാലകനിഹ ഞാനതുമിഹ
വിശ്രുതവിദ്വാന്മാർക്കും ബോധം
കാര്യമശേഷം ബോധിപ്പാനൊരു
കാര്യക്കാരനെ ഞാൻ കല്പിക്കും
വൈരമവങ്കലൊരുത്തനുമില്ല
വൈരികളവനെ ശങ്കിക്കേണം
ശേഷം പ്രജകളിലൊരുവനവനോടു
ദൂഷണമുള്ളതു പറകയില്ലാ
ഏഷണികൊണ്ടു ജനങ്ങൾ കഴിക്കും
ദോഷജനങ്ങളുമില്ലിഹ നാടിൽ
അരുതാതുള്ള വിധങ്ങളിലൊന്നും
സുരലോകങ്ങളിലില്ല മുനീന്ദ്ര!
എന്നായിട്ടു സുഖിപ്പാനാളുകൾ
പോന്നുവരുന്നില്ലെന്തൊരു കഷ്ടം?
പടയുടെ നടുവിലണഞ്ഞു പിണങ്ങും
കടകം മോതിരമെന്നിവ പലതര-

മടവുകൾകൊണ്ടു തട്ടുന്നും വെട്ടി
ഝടിതി കട്ടുന്നു മുറിക്കുന്നേരം
കടികൾ മുറിഞ്ഞും പൊടികളണിഞ്ഞവ-
രുടനേ ദേവകളായി വരുമ്പോൾ
മടവാർമണികളുമിന്നിഹ തൊഞ്ഞാ-
നിടണം മാല കഴുത്തിലെതെന്നാ-
ഴുതലുകൾ തമ്മിലിടഞ്ഞു തടഞ്ഞും
തടമുലയിണ പുനരൊന്നു കുളുർന്നും
പൊട്ടുപൊടെ മാലകൾ പൊട്ടിയുതിർന്നും
മുടികളുഴിഞ്ഞു കിഴിഞ്ഞു മുതിർന്നും
പരിചൊടു വീഴ്ത്തുമെഴുന്നൊരു പുരുഷരെ
വിരവിൽചെന്നു വരിച്ചു വരുന്നൊരു
വടിവുകളമ്പൊടു കണ്ടുരസിപ്പാ-
നടിയനു കണ്ണുകളിനിയുമൊരായിര-
മിടകൂടുകിലേ മതിയാവുള്ളൂ !
സമരമതിങ്കൽ മരിച്ച നരന്മാ-
രമരന്മാരാ മുടനേ തന്നെ
അമരവധുക്കൾക്കവരെ വരിപ്പാൻ
അമിതമൊരാഗ്രഹമുണ്ടു വിശേഷാൽ
പുതുപുരുഷന്മാരോടു രമിപ്പാൻ
മതിമുഖിമാർക്കിഹ കൗതുകമേറും
മൃതപുരുഷന്മാരായി സുരന്മാ-
രതുകൊണ്ടവരും ദുഃഖിക്കുന്നു.
അരുളിച്ചെയ്തതു കേൾക്കണമെല്ലാം
കരളിലെനിക്കൊരു വെളിവില്ലതും
പണ്ടേപ്പോലെ ഞങ്ങടെ ലീലകൾ
കണ്ടുരസിക്കണമെന്നില്ലാർക്കും
മന്നിൽവസിക്കും യജമാനന്മാ-
ർക്കിന്നു പതുക്കെയുപേക്ഷ തുടങ്ങി
എന്നുടെ കുററമിതെങ്കിൽ പലരുടെ
മുന്നിലുടൻ പരമാർത്ഥം ചെയ്യാം"
ഇന്ദ്രവചസ്സുകൾ കേട്ടു മുനീന്ദ്രൻ
മന്ദസ്മിതമുഖനരുളിച്ചെയ്തു.
'സകലസുധാശനമകുടമണേ നീ!
സകലമഹീതല ചരിതം കേൾക്ക
സകലവിദർഭനരേന്ദ്രൻ ഭീമൻ

സുഖമൊടു നഗരേ വാഴുംകാലം
സന്തതിയില്ലാഞ്ഞവനു മുഹൂർമ്മുഹു-
രന്തസ്താപം പെരുതായ്വന്നു
സന്തതമോരോ സൽകൃതിയും ചെ-
യ്തന്തണവരരെ വണങ്ങി വസിച്ചു
ദമനമുനീശ്വര വരവചനത്താൽ
ദമനെന്നൊരു സുതനുളവായ്‌വന്നു.
കമലശരാസന ജയലക്ഷ്മിയതായ്
ദമയന്തീതി കുമാരിയുമുളവായ്
ഈരേഴുലകിലുമവളെപ്പോലൊരു
നാരീമണിയെ ക്കാണ്മാനില്ലാ
വാരിജഭവനിന്നഖിലചരാചര-
സാരമെടുത്തുടനവളെത്തീർത്തു
കൂരിരുൾ കൊണ്ടവൾ പുരികുഴൽ തീർത്തു
വാരിരുഹംകൊണ്ടക്ഷികൾ തീർത്തു
വാരിജസായകചാപംകൊണ്ട-
സ്സുരസിജമിഴിതൻ പുരികം തീർത്തു.
കാമശരേണ കടാക്ഷം തീർത്തു
സോമനെയവളുടെ വദനവുമാക്കി
ബിംബഫലംകൊണ്ടധരം തീർത്തു
കംബുവിനാൽ ഗളതലവും തീർത്തു
കനകപയോരുഹമുകുളം കൊണ്ടട-
നനുപമകുളുർമുലയുഗളം തീർത്തു
അരയാലിലകൊണ്ടുദരം തീർത്തു
നവമാലികയാൽ കരവും തീർത്തു
പുളിനംകൊണ്ടവൾ ജഘനം തീർത്തു
നളിനം കൊണ്ടവൾ തുടകൾ ചമച്ചു
മദനരസേന മനസ്സു ചമച്ചു
ചെമ്പകമൊട്ടിന്നിതളൊളികൊണ്ടട-
നിമ്പമൊടംഗപ്രഭയും തീർത്തു
രംഭതിലോത്തമയെന്നിവരെല്ലാം
കുമ്പിട്ടമവളെ ക്കാണുംനേരം
ഇന്ദ്രാ നിന്നുടെ വല്ലഭയാകും
ഇന്ദ്രാണിക്കു മിളപ്പം തട്ടും
കണ്ടജനങ്ങടെ കണ്ണും മനവും
വണ്ടാർകുഴലി കവർന്നീടുന്നു

ഏഴു സമുദ്രദ്വീപുകളധുനാ
വാഴും നൃപതികളിവിടെ വിശേഷം
ചാരന്മാരു പറഞ്ഞുധരിച്ചും
മാരശരാതുരമാനസരായി.
ദമയന്തിയുടെ വിശേഷമതൊന്നോ
ദേശാദികളിൽ കേൾപ്പാനുള്ളു
ഇങ്ങുലഭിക്കണമിങ്ങുലഭിക്കണ-
മെന്നിഹ സർവജനത്തിനുമാഗ്രഹം
എങ്ങുമൊരേടമടങ്ങിയിരിപ്പാ-
നംഗജനിപ്പോളവസരമില്ല
വില്ലു വലിച്ചു കലച്ചുപിടിച്ചവ-
നെല്ലാദിക്കിലു മോടീടുന്നു
അമ്പുകൾപോരാഞ്ഞിരവും പകലും
ചെമ്പകബാണനുഴന്നീടുന്നു.
ആയോധനകലഹാദികൾ തങ്ങളിൽ
ആയതുമൊന്നിഹ കേൾപ്പാനില്ല
ആയതമിഴിയെ നിനച്ചു നൃപന്മാർ
ആയുധവിദ്യകളൊക്കെ മറന്നു.
പടയെന്നുള്ളവിധങ്ങളിതൊന്നും
തടിയന്മാർക്കും സമ്മതമില്ല
തടിയുടെ ഭംഗിവരുത്തിത്തന്നെ
മുടിവാനുള്ളൊരു പെരുവഴികൂടി
ചലമിഴിയാൾക്കു മനസ്സിലിണങ്ങും
പലതരമോരോ കോപ്പുകൾ തീർത്തും
എന്തൊരു വസ്തുവിലഭിലാഷം ദമ-
യന്തിക്കുള്ളിലതറിവാനായി-
സ്സന്തതമാരും ബോധിക്കാതെ
ബന്ധുജനങ്ങളെ യാത്രയുമാക്കി.
ഒരുവനവൾക്കു തരത്തിനു ചേരും
തരിവളതീർപ്പിച്ചങ്ങിനെ പാർത്തു
ഗ്രന്ഥികളെ ബ്ബഹുമാനമവൾക്കു-
ണ്ടന്തരമില്ലെന്നറിയുന്നേരം
ഗ്രന്ഥമഴിച്ചു പഠിച്ചുതുടങ്ങും
ചിന്തിച്ചർത്ഥമുരച്ചുതുടങ്ങും
സ്വരമുള്ളവനിൽ കൗതുകമെന്നാൽ
സ രി ഗ മ പ ധ നി സ എന്നു തുടങ്ങും

ആട്ടക്കാരിൽ കനിവുണ്ടതുകേ-
ട്ടടവുമതങ്ങു തുടങ്ങും താനും.
ചതുരംഗപ്പൊരുളുള്ളൊരു പുരുഷൻ
ഹിതമെന്നിവിടെ മനസ്സുണ്ടെങ്കിൽ
ചതുരംഗത്തിന്റെ വിരുതുണ്ടാവാൻ
കൊതിയനിരുന്നു പ്രയത്നം ചെയ്യും
മാലയിലാഗ്രഹമെന്നതു കേട്ടാൽ
മാലകൾ തീർത്തുതുടങ്ങുമൊരുത്തൻ
നാലുദിഗന്തരവാസികളാം ക്ഷിതി-
പാലന്മാരുടെ തൊഴിലീവണ്ണം
സംഗരമെന്നതു ഭൂമിയിലെങ്ങും
സംഗതിവരുവാനിനിയെളുതല്ല.
എട്ടക്കം തലയിൽ പുലി വീണാലും
പൊഴകോടാലി വലിച്ചെന്നാലും
പിഴയുള്ളവനെക്കണ്ടെന്നാലും
വഴിയിൽ വിരോധം ചെയ്തെന്നാലും
നാടൊരു ദിക്കു തകർത്തെന്നാലും
വാടിയിടിച്ചു മുടിച്ചെന്നാലും
മൂഢന്മാർക്കൊരിളക്കവുമില്ല
കൂടലരോടു പിണക്കവുമില്ല
പാത്ത്ലവാസികളാകിയ നൃപരുടെ
വാർത്തകളെല്ലാമങ്ങിനെതന്നെ
ധൂർത്തനതാകിയ മദനൻ തന്നുടെ
ക്രൂർത്തശരംകൊണ്ടാതുരരായി
മതിമുഖിമാരിലുമതിപ്ടുവാകിയ
മതിമുഖിമാരുടെ മടിയിലിരിപ്പാൻ
മതിയാംവണ്ണം പുണ്യംചെയ്തോരു
മതിമാനുണ്ടൊരു ദിക്കിലിദാനീം
വിശ്വത്തിങ്കലൊരേടത്തുണ്ടു
ഈശ്വരനറിയാമാരെന്നുള്ളതു
വാശ്ശുതുമാട്ടുമെന്തിനിദാനീം
വേശ്യകൾ വൃത്തി നമുക്കറിയേണ്ടാ
യുദ്ധം കാണ്മാൻ വകയില്ലാഞ്ഞു
ബുദ്ധിക്കൊരു തെളിവില്ലിഹയിപ്പോൾ
ഉദ്ധതമാകിന ദേവാസുരമാം
യുദ്ധമിദാനീമുണ്ടായ്‌വരുമോ ?

എന്നതുകേട്ട സുരേന്ദ്രൻ ചൊന്നാൻ
'എന്നൊട്ട മുനിയത്ര ക്ലേശിക്കേണ്ടാ
എന്നുടെയനുജൻ കമലാകാന്തൻ
തന്നുടെ ഘോരസുദർശനചക്രം
നിന്നമരാപുരി രക്ഷിക്കുമ്പോൾ
എന്നും ദാനവർ വരികയുമില്ല
നമ്മുടെ വജ്രം നിഷ്ഫലമാക്കി
അംബുജലോചനനെന്നുടെ സഹജൻ
ചണ്ഡമതാകിന കോദണ്ഡം മമ
മണ്ഡനമാക്കീ മേഘങ്ങൾക്കു
ദേവാസുരരണമില്ല മുനീന്ദ്ര
കേവലമതു മമ ബോധിക്കേണ്ടാ'
ദേവാധിപനുടെ വചനം കേട്ടു
ദേവമുനീന്ദ്രൻ പുനരരുൾചെയ്തു
'ഇങ്ങു ഗ്രഹപ്പിഴയുള്ളൊരു കാലം
നിങ്ങടെ കുററമതല്ല സുരേന്ദ്ര!
ഞങ്ങളിദാനീം പോകുന്നു തവ
മംഗലമസ്തു! സമീഹിതമസ്തു!'
നാരദപർവതരേവം ചൊല്ലി
ധീരതയോടു ഗമിച്ചൊരു ശേഷം
സ്വർപ്പതിയാകിയ വാസവനുടനേ
ദിക്പതിമാരെ വിളിച്ചരുൾചെയ്തു:
'ഭീമാത്മജയുടെ കല്യാണത്തെ-
ക്കാണ്മാനഭിരുചി നിങ്ങൾക്കുണ്ടോ
നാമിനിയവിടെ ച്ചെല്ലുന്നേരം
കാമിനി നമ്മെ വരിക്കിലല്ലീ?'
എന്നതുകേട്ടുടനഗ്നിയുമിളകി
പിന്നെക്കാലനുമൊന്നുപകർന്നു!
തരുണീമണിയെ ക്കേട്ടതുനേരം
വരുണനുവിരുണൻ മുമ്പിൽ നടന്നു.
ധനദനു പോവതിനാഗ്രഹമുണ്ട്
ഖനിവിട്ടേച്ചു ഗമിപ്പാൻ മേലാ.
പവനനൊരിക്കലുമവസരമില്ല
ഭുവനതലത്തിൽ നടക്കനിമിത്തം.
ദനുജന്മാരിൽ ചേരുകയില്ല
മനുജന്മാരിതി നിരൃതിയടങ്ങി.

ഗിരിമകരം തന്നെ ശ്ശങ്കിച്ചിട്ടു
ഗിരിശനുമങ്ങു പുറപ്പെട്ടില്ലാ.
ഇന്ദ്രനുമഗ്നിയുമന്തകനപ്പതി
നന്ദികളർന്നാവർ നാൽവരുമുടനേ
ഒന്നിച്ചനവധി കൗതുകമോടെ
മന്ദമിറങ്ങി നടന്നുതുടങ്ങി.
ഉർവശി മേനക രംഭ തിലോത്തമ
സർവസുരാംഗനമാരതുനേരം
പർവതശാസന ഗമനം കണ്ടവർ
ദുർവചനങ്ങരം പറഞ്ഞു തുടങ്ങി.
"സുരപതി പിതൃപതി ജലപതി വഹ്നിയു-
മൊരുനരതരുണിയിലാഗ്രഹമോടെ
തെരുതെരെയങ്ങു തിരിച്ചതു കാണ്മാൻ
വരുവിൻ! വരുവിൻ! സുരനാരികളേ!
വിണ്ണവർ നാട്ടിൽ തരമായിട്ടൊരു
പെണ്ണില്ലാഞ്ഞവരങ്ങു ഗമിച്ചു
തന്നുടെ നാട്ടിലെയംഗനമാരെ
ച്ചങ്ങാതിക്കു തരം പോരാഞ്ഞി-
ട്ടങ്ങൊരു ദിക്കിൽ ചെന്നൊരു പെണ്ണിനെ
ഇങ്ങുവരുത്താമെന്നൊരു മോഹം
ഇന്ദ്രനുപിന്നെ വിചാരിക്കുമ്പോരം
ഇന്നുതുടങ്ങിയ ശീലവുമല്ലാ
സുന്ദരിയാകുമഹല്യയിലഭിരുചി
വന്നുഭവിച്ചൊരു ഗോഷ്ടികരം കൊണ്ടുട-
നന്നു പിണഞ്ഞ ജളത്വമതോർത്താൽ
ഇന്നിതിനൊട്ടും സംഗതിയില്ല.
മുററം സുരവരനിങ്ങിനെയുള്ളൂ;
മററവരെന്തിനു കൂടെപ്പോയി?
കററാർകുഴലിയതൊന്നേയുള്ളൂ
തെററെന്നാവളിതിലാരെ വരിപ്പൂ?'
മററവളതുകേട്ടൊന്നര ചെയ്തു.
"കുററം വരുമവർ കേട്ടെന്നാകിൽ"
മുററം മനസിയസൂയ മുഴുത്തി-
ട്ടുററവരെക്കൊണ്ടിതു പറയുമ്പോരം
അററം വിട്ടന്യാമരനാരികരം
തെറെറന്നങ്ങു പറഞ്ഞു തുടങ്ങി:

"നാരദമുനിയുടെ കപടത്തൊഴിലുക-
ളാരറിയാഞ്ഞതു വിശപത്തിങ്കൽ
വീരന്മാരതു ബോധിച്ചുള്ളിൽ
നേരെന്നോർത്തു തിരിച്ചുനടന്നു
ധീരതയുള്ളിലവർക്കില്ലെന്നതു
പാരാതിന്നു തികച്ചുരചെയ്യാം
കാണാമുടനേ നമ്മുടെയാളുകൾ
ഏണാപാംഗിയെ ലഭിയാഞ്ഞിട്ടു
വീണാധരനെ മുഷിയും ചൊല്ലി
നാണംകെട്ടു തിരിച്ചു വരുന്നതു"
ഏണവിലോചനയായ തിലോത്തമ
നാണമിളച്ചവളുര ചെയ്തപ്പോൾ
നല്ലൊരു തരുണികൾ നമ്മുടെ നാട്ടിലു-
മില്ലാഞ്ഞിട്ടവർ ദണ്ഡിക്കുന്നു
യജമാനന്മാരെന്തിനു പോയി
നിജദൂതന്മാരില്ലാഞ്ഞിട്ടോ ?
മാനക്കേടു വരുത്തിക്കൊൾവാൻ
താനേ ചെന്നാ മതിയാവുള്ളു.
മാനവാധീശന്മാരിൽ വിശേഷ-
ജ്ഞാനമതുള്ളവനവളെ ലഭിക്കും
വനോർക്കീശൻ മുതലായുള്ളവർ
മാനമുപേക്ഷിച്ചിങ്ങു ഗമിക്കും"
ഇങ്ങനെയൊരുവിധമമരസ്ത്രീകടെ
തിങ്ങിന പരിഹാസങ്ങൾ ഭവിച്ചു.

അങ്ങൊരുകാലം ഭീമനരേന്ദ്രൻ
മംഗലസമയമടുത്തൊരു സമയേ
നളനൃപതിക്കുടനൊരു കുറിയെഴുതി
തെളിവൊടു ദൂതനെ യാത്രയുമാക്കി
നളനഗരത്തിൽ ചെന്നഥ ദൂതൻ
നളനെവണങ്ങിക്കുറിയും നൽകി
അറിവുപെരുത്തൊരു മേനവനപ്പോൾ
കുറിയിലെ വാചകമങ്ങറിയിച്ചു:
"ഭീമനരേശ്വരനെഴുതിയ വടിവിതു
സോമകലേശ്വരനറിയണമെന്നാൻ :—
ധനുമാസം പതിനാറാം തീയതി
ശനിവാരത്തെ മകരം രാശി

നമ്മുടെ മകൾ ദമയന്തിയതാകിയ
കന്യകതന്റെ വിവാഹമുഹൂർത്തം
അതിനു ഭവാനും മന്ത്രികൾ നാലും
ചതുരംഗിണിയാം സേനയുമായി
നിഷധപതേ പതിനഞ്ചാം തീയതി
ഉഷസി കുളിപ്പാനിവിടെ വരേണം
ശേഷമവസ്ഥകളെല്ലാം നമ്മുടെ
ദൂതൻ പറയുമിതേവകമൊഴിയുള്ളു."
വാചകമിങ്ങനെ കേട്ടു നരേന്ദ്രൻ
വാഞ്ഛിതമഖിലം വരുമെന്നായി
ദൂതനു പട്ടും വളയും നൽകി
പ്രീതിവരുത്തിയയച്ചു പുരത്തിൽ.
കളമൊഴിയാളെ ക്കാണാമെന്നഥ
വളരെമനസ്സിൽ കൌതുകമോടെ
നളനരപാലൻ തെളിവൊടു ചെന്നു
കുളിയും ഭക്ഷണമാശു കഴിച്ചു
പുരുഷാരത്തെ വരുത്താനായൊരു
പുരുഷനെ നിഷധനരേന്ദ്രനയച്ചു
പരിചൊടു പെരുകിന നായന്മാരവർ
പുരമതിൽവന്നു നിറഞ്ഞൊരു സമയേ.
ഭടജനമുടനിളകിന മദമൊടു പടുതരവരവു തുടങ്ങി
കുടലിടെനട്ടതടമുടനിടി പൊടികൾ പറന്നു തുടങ്ങി
തെളിവൊടു പലവാളുകൾ കർക്കടതോക്കുകൾ വില്ലുകൾ ശൂലം
വെളുവെളെ വളയുന്ന കടുത്തിലശക്തികൾ പത്രികൃപാണം
പരിധികൾ പലപരശു മുസൃണ്ടികൾ വില്ലുകൾ ചുരികകൾ കുന്തം
പരിചകൾ ഗുരുപരിഘം തോമരപട്ടസമീട്ടികൾ പോല
ച്ചുരികകൾ എമ്താടകൾ വെൺമഴ കത്തികൾ വേലുകൾ മററും
പെരുകിന പലകാളം തോക്കുകൾ ചക്രവുമല്ലൂടകുന്തം
ഉടവാളുകൾ പടവാളുകളിവയൊടു വാളുകളിവ പലതും
പടയാളികൾ വടിവോടാശു പിടിച്ചവരവിടെ നിറഞ്ഞു
നളനൃപനുടെ പുരമതിൽ വിരവൊടു പെരുകിന പുരുഷസമൂഹം
കളകളമൊടു പലതരമൊരുവക മന്ത്രികൾ മാടമ്പികളും
പലപലകൊലയാനകൾ കുതിരകൾ തേരുകൾ കാലാളുകളും
പലതരമണിചാമര കുടതഴ പൂങ്കൊടി വെള്ളക്കൊടിയും
പരിചൊടു പലനായന്മാരവർ വന്നൊരു ദിക്കിലിരുന്നു
നരവരപുരസീമനിക്കൂട്ടമിരുന്നു പറഞ്ഞു തുടങ്ങി.

"കുണ്ഡിനനരപതി തന്നുടെ മകളാം
പെണ്ണിനെ വേൾപ്പാനെഴുന്നള്ളുന്നു
നമ്മുടെസ്വാമി ജഗത്ത്രയവീരൻ
സമ്മതമായിതു നായന്മാരേ!
പെരിയ പടജ്ജനസഞ്ചയമാനസ-
മറിയണമെന്നിട്ടുരചെയ്യുന്നു.
ഒരുവനു സമ്മതമല്ലെന്നാലതു
ശരിയേ കേൾക്കണമെന്നരുൾ ചെയ്തു.
തന്തിരുവടിയുടെ കല്പനയെന്നാ
ലൊന്നിനുമൊരുവനു സംശയമില്ലാ!
മന്ത്രികളൊന്നിനു മൂതിരും നേര
ത്തന്ത്രികളൊന്നു മൂടിപ്പാൻ നോക്കും
തങ്ങടെ കാര്യം നോക്കിനടക്കും
ചങ്ങാതികൾ പലരുണ്ടിഹ നാട്ടിൽ
ഇങ്ങൊരുകൂട്ടം വന്നുരചെയ്യും
അങ്ങുരചെയ്യും മറ്റൊരുകൂട്ടം
ഇരുവരുതമ്മിൽ കടിപിടികൂട്ടി
പരിചൊടുകണ്ടു രസിക്കുമൊരുത്തൻ
കുരളപറഞ്ഞു നടക്കുമൊരുത്തൻ
പരിഹാസങ്ങൾ നടത്തുമൊരുത്തൻ;
ചോറുകൊടുത്തൊരു കൈക്കുകടിക്കു-
ന്നോരും പലവിധമേറിവരുന്നു;
തോണികടന്നാൽ തൊഴകൊണ്ടെന്നൊരു
നാണയമുണ്ടതുപോലെ സമസ്തം
ആണിനുച്ചരുമവസ്ഥകളല്ലേ
കാണന്നു ചിച്ചവസ്തുതകൊണ്ടും
സന്ധിച്ചവനെത്തന്നെ പിടിച്ചഥ
ബന്ധിപ്പാനൊരു മടിയില്ലേതും
ബന്ധുതചെയ്യും മതിമാന്മാർക്കൊര-
വന്തിപിണപ്പാൻ വഴിയുണ്ടാകും;
പടയെന്നുള്ളതു കേൾക്കുന്നോരവർ
പടലിൽ ചാടിയൊളിച്ചു കിടക്കും
ഇടയില്ലാഞ്ഞൊരുക്കൂട്ടം പലവക
തടിയന്മാരവരെന്തിനു കൊള്ളാം?
മറുനാട്ടിന്നു ഗമിക്കുന്നേരം
കുറവുവരാതെയിരിപ്പാനീവക

പറയുന്നു ഞാനെന്നുടെ വാർത്തകൾ
അറിവുള്ളാളുകളറിയുമശേഷം
വൻപുപെരുത്ത കരക്കാരെല്ലാം
മുമ്പിലകമ്പടി കൂടീടേണം
കൊമ്പും കുഴലും തകിലും മുരജും
വൻപടഹങ്ങളുമനവധി വേണം."
'കരങ്ങൾ വീശിക്കൊണ്ടു വരുന്നതെന്തടോ
താൻ?
മരങ്ങൾ ചുമപ്പാനോ? മരുന്നു പറിപ്പാനോ?
കരത്തിലായുധങ്ങൾ തരത്തിൽ കരുതാതെ
ഗുരുത്വമില്ലാത്തനീ പുരത്തിൽ വരുന്നാകിൽ
അടിച്ചു ചെപ്പുരണ്ടും പൊടിച്ചേ മതിയാവൂ
കുടിച്ചു ബോധമില്ലാ തടിച്ച നിനക്കിപ്പോൾ
കടുത്തിലയും തോക്കുംകൊടുത്തു പണയം നീ
അടുത്തനാളിലതു തടുത്തുമേടിച്ചേക്കാം
ഭടത്വംപറയാതെ നടക്ക താനങ്ങോട്ടു;
മിടുക്കുപറഞ്ഞെന്നാലൊടുക്കം തനിക്കില്ലാ;
കറുപ്പുസഞ്ചിക്കുള്ളിൽ കറുപ്പുനിറച്ചുടൻ
കറുത്തപുകയില തെറുത്തുപിടിച്ചു കൊ-
ണ്ടുറച്ചു തുക്കിത്തൂക്കി വിറച്ചു വരുന്നൊരു
നരച്ചകിഴവനെ മറച്ചുമറിച്ചാലും!
ഇണങ്ങരാരും തമ്മിൽ പിണങ്ങിത്തുടങ്ങൊല്ലേ
പണത്തെ കൊതിക്കല്ലേ ഗുണത്തെ ത്യജിക്കല്ലേ;
സ്വയംവരത്തിൽ ചെന്നാങ്ങഹങ്കരിച്ചെന്നാകിൽ
മയംവരുത്തുവാൻ ഞാൻ മതിയെന്നറിഞ്ഞാലും
കോയിക്കൽ ചെല്ലുന്നേരം വായിൽ കൈപൊത്തേണ്ണം
ഭാവിക്കാതിരുന്നെന്നാൽ സേവയ്ക്കും മതിയല്ലാ.
അവിടെവരും ചിലയജമാനന്മാ-
രവരെപ്പരിചൊടു ശങ്കിക്കേണം
അവസരമറിയാതവരോടൊരുവരു-
മവതാളങ്ങൾ തുടങ്ങീടൊല്ലാ
ഗണിതക്കാരും കവിതക്കാരും
ഗണികാജനവും വൈദ്യന്മാരും
മണിഹാരന്മാരെന്നു തുടങ്ങി
ഗുണമുള്ളാളുകൾ വളരെ വരുമ്പോൾ
നമ്മുടെയാളുകളൊന്നിച്ചൊരുദിശി

സമ്മുഖമവിടെ പ്പാർത്തീടേണം
നന്നിവരെന്നു വനാജനത്തിനു
തോന്നിക്കേണം നായന്മാരേ
പട്ടും മുണ്ടും പണവും പുടവ-
ക്കെട്ടും പലവിധമവിടെക്കണ്ടാൽ
ഒട്ടും കൊതിയതിലുണ്ടാകൊല്ലാ
കിട്ടുന്നതിലേ മോഹമിതാവൂ
കട്ടുനടക്കുമിരപ്പാളികളുടെ
ചട്ടമതിൽ ചിലരറിയുന്നീല്ലേ!
കൂട്ടക്കാർ ചിലരതിനു തുനിഞ്ഞാൽ
കിട്ടും വെട്ടു ബോധിച്ചാലും
ഒരുവൻ ചെന്നൊരബദ്ധം കാട്ടീ-
ട്ടരചനറിഞ്ഞു പിടിച്ചു വരിഞ്ഞാൽ
വിരവൊടു വീണ്ടുവരുത്തിക്കൊൾവാൻ
വിരുതുനമുക്കിഹ മതിയാകില്ല
മനമതിൽ നല്ലൊരടക്കം വേണം
കനിവൊടുചേർന്ന മിടുക്കും വേണം
ധനികളിലവിടെ വണക്കം വേണം
കനിവൊടു തമ്മിലിണക്കം വേണം
സരസതവേണം ധീരതവേണം
തരസാസമയോചിതവും വേണം
കളമൊഴിമാരെത്തേടിനടന്നൊരു
കളിചിരി ജളത തുടങ്ങുന്നവനെ
കളവാൻ കുറവില്ലെന്നതുമറിക
തളയിലിടുന്നുണ്ടെന്നതുമറിവിൻ!'
ഇങ്ങനെയൊരുവൻ കൽപനയുരചെ-
യ്തങ്ങു നടന്നു തുടങ്ങി തദാനീം
തിങ്ങിന പടയും പരിചൊടു നളനെ വ-
ണങ്ങി നിരന്നു വരുന്നൊരു സമയേ.

നളനൃപനതുപൊഴുതതി കുതുകാൽ
തളവള മകുടമണിഞ്ഞു തദാ
തെളിവൊടു വലിയൊരു കരിവരന്റെ
ഗളമതിലെഴുന്നള്ളിയിരുന്നരുളി
കുട കൊടി തഴ വെൺചമരികൾ കെട്ടി
പടഹങ്ങൾ കിടുമുടിതുടിമുഖങ്ങൾ
ഇടിയൊടു പടപൊരുതടിമുഴക്കി

പൊട്ടുപൊടെ വെടികളുമിടയിടയിൽ
പടജ്ജനപടലവുമിടവകയും
നടവിടചടചടരടിതങ്ങളും
തടമുല തടവിന തരുണികളും
മട്ടമലരുടയൊരു പരിമളവും
നടകളിലിളകിന കരിഘടയും
പടകടെ കലശലും നിലവിളിയും
പട്ടതരവടിവുകളിവ പലതും
ഇടതിങ്ങിപ്പുറപ്പെട്ടു നടനം ചെയ്തു
ജയജയ നരവര നളനൃപതേ!
ജയജയ വിഹരണ ചതുരമതേ!
ജയജയ ഗുരുതര ഗുണനൃപതേ!
ജയജയ കരിവര സരസഗതേ!

ഇങ്ങനെ പാടി സ്തുതിചെയ്യുന്നൊരു-
രംഗികലർന്നൊരു വിപ്രന്മാരിട-
തിങ്ങിന പടയൊടുകൂടി നരേന്ദ്രൻ
മംഗലസമയേ യാത്രതുടങ്ങി.
സുരപതി വരുണനുമന്തകനഗ്നിയു-
മൊരുമിച്ചവിടെ ക്ഷിതിയിലിറങ്ങി
കരളിൽ പെരുകിന കുന്ദിതമോടെ
തരസാതമ്മിലുരച്ചുതുടങ്ങി:
'ഭുവനമനോഹരസുന്ദരവരനാം
ഇവനെക്കന്യക കണ്ടെന്നാകിൽ
ഇവനെത്തന്നെ വരിക്കേയുള്ളു
ശിവശിവ കണ്ടാലെന്തു മനോജ്ഞൻ!
രണ്ടുപ്രകാരം നിരൂപിച്ചാലും
തണ്ടാർമുഖിയെ നമുക്കിഹ വേണ്ടാ
കണ്ടാലഴകുള്ളവനെ വരിച്ചാ-
ലുണ്ടോ പിന്നെ നമുക്കു വരുന്നു?
പ്രണയിനിയിവനെ വരിച്ചില്ലെങ്കിൽ
ഗുണമറിയാത്തവളവളെന്നവരും
ഗുണമറിയാത്ത നിതംബിനിമാരും
തൃണവും സമമെന്നൊന്നുടെപക്ഷം
അതുകൊണ്ടിവിടെ വിചാരിക്കുമ്പോൾ
ചതികൊണ്ടിവനെയെടുത്തു മറിക്കാം
അതിനുപദേശം ഞാനുരചെയ്യാം

മതിമുഖിയാളെക്കാട്ടരുതിവനെ.
ദൂതുരചെയ്യാനിവനെയയയ്ക്കണ-
മേതുമതിന്നൊരു സംശയമില്ല
കാതരമിഴിയെ ലഭിക്കണമെന്നാൽ
കൈതവമൊട്ടു തുടങ്ങേണ്ടിവരും,
പഞ്ചശരോപമനാം നളഭൂപനെ
വഞ്ചിപ്പതിനവർ നാൽവരുമുടനേ
നെഞ്ചിലുറച്ചു നരേന്ദ്രാഗമനം
കിഞ്ചിൽപാർത്തു വസിക്കുന്നേരം
നളനും പടയും കുടയും തഴയും
പരിചൊടു പെരുവഴിതന്നിലിറങ്ങി
കളവു മനസ്സിൽ കരുതിന ദേവകൾ
തെളിവിൽ ചെന്നവർ മന്നിലിറങ്ങി.
ദിവ്യന്മാരെക്കണ്ടതുനേരം
ഭവ്യനതാകിന നളനരപാലൻ
കരിവരഗളമതിൽനിന്നു നിതാന്തം
ത്വരിതമിറങ്ങിച്ചെന്നുവണങ്ങി
അരുളിച്ചെയ്തു സുരവരനപ്പോൾ
“നരവരപുംഗവനളനല്ലേ നീ?
പെരുവഴിമദ്ധ്യേ നിന്നെക്കണ്ടതു
പരിചൊടു ഞങ്ങടെ ഭാഗ്യംതന്നെ
ഒരുകാര്യം ഞാൻ നിന്നൊടിരന്നാൽ
തരുവതിനെളുതോ? നളനരപാല!
വിരവൊടു തരണം മടികൂടാതെ
അതുതന്നാകിലതും കേൾക്കേണം.’
കളവും പൊളിയുമറിഞ്ഞീടാത്തൊരു
നളനരപാലൻ തൊഴുതുരചെയ്തു:—
“അടിയനു നിങ്ങടെ കൽപന കേൾപ്പാൻ
മടിയില്ലറിയണമമരന്മാരേ!
തിരുമനതാരിൽ നിനച്ചതുപോലെ-
ന്നരുളിച്ചെയ്താലെന്തു വിവാദം?
വാനവരാകിയ നിങ്ങൾക്കെന്തിഹ
മാനവനാകിയ ഞാനുതകേണ്ടു?
ഞാനതുചെയ്‌വാൻ മതിയാമെങ്കിൽ
ദാനംചെയ്‌വാൻ മടിയില്ലടിയനു്’
ക്ഷിതിപതിവചനം കേട്ടരുൾചെയ്തു

ചതികരുതീടിന ദേവശ്രേഷ്ഠൻ ;
'മതിമുഖിയാം ദമയന്തിയിലധികം
പ്രതിദിനമാശവളർന്നീടുന്നു
അതുകാരണമിഹ ഞങ്ങളിദാനീം
ക്ഷിതിയിലിറങ്ങി നടന്നീടുന്നു
അതിയായിട്ടു പ്രയത്നം ചെയ്‌വാൻ
മതിയായിട്ടൊരു ബന്ധുവുമില്ല
ആതുരരാകിയ ഞങ്ങടെ വചസാ
ദൂതുപറഞ്ഞശ്ശാതോദരിയുടെ
ചേതസി ഞങ്ങളിലനുരാഗം പരി-
ചോടവിളംബിതമുളവാക്കേണം ;
നാലുജനങ്ങളിലൊരുവനെയിന്നവൾ
മാലയിടേണം മടികൂടാതെ
നീലക്കാർകുഴലാളൊടിതെല്ലാം
ചാലേ ചെന്നു പറഞ്ഞീടുക നീ'
വലരിപു വചനം കേട്ടു നരേന്ദ്രൻ
വലിയ വിഷാദം പൂണ്ടരുൾചെയ്തു :—
'മട്ടമലർമിഴിയെ വിവാഹം ചെയ്‌വാൻ
അടിയനുമധുനാ വിടകൊള്ളുന്നേൻ
പന്തണിമുലയാളാമവളെന്നെ
ച്ചിന്തയിലാക്കി വരിച്ചിതുപോലും !
കാന്തയെനിക്കവളെന്നിഹ ഞാനും
കാന്തനെനിക്കിവനെന്നുടനവളും
ചന്തമൊടന്തഃകരണ വിവാഹം
ഹന്ത ! കഴിച്ചിതു പണ്ടേ തന്നെ.
പൂന്തേൻമൊഴിയൊടു സന്ധിപറഞ്ഞിഹ
സാധിപ്പിപ്പാനിങ്ങെളുതല്ല
കൊതിയന്മാരെ ദൂതിനയച്ചാൽ
ഹിതമായ് വരുമോ വിബുധന്മാരെ ?
അതിനെക്കാളുണ്ടൊരു വൈഷമ്യം
അതുമുരചെയ്യാം മതിമാന്മാരേ !
മതിലുകളേഴു കടന്നു നടന്നേ
മതിമുഖി തന്നുടെ ഭവനേ ചെല്ലൂ.
അതിനിടയിൽ ചില കാവൽക്കാരു-
ണ്ടതിയായിട്ടു കയർത്തു നടപ്പാൻ
അവരിൽ ചിലരെ ക്കൊലചെയ്യാതെ

അവിടെച്ചെന്നു കടപ്പാൻ വിഷമം.
കുത്തുകളിടിയും വെട്ടും മുട്ടും
കൂടിവരുന്നൊരു നരനെക്കണ്ടാൽ
പെട്ടെന്നവിടെ വസിച്ചീടുന്നൊരു
മട്ടോൽമൊഴിമാരോടിയൊളിക്കും
വൈരസ്യം പല കാട്ടും പുരുഷനെ
സാരസ്യത്തിനു കൊള്ളരുതേതും
ചേരുകയില്ലെന്നല്ലവളധുനാ
വൈരമവങ്കലുറച്ചേ തീരൂ.
കാവൽക്കാരറിയാതെ പതുക്കെ
കേവലമവളുടെ മുന്നിൽ ചെല്ലാം
എന്നാലും പുനരുണ്ടൊരു ദോഷം
ഇന്ദ്രാദികളതു ബോധിക്കേണം.
കളമൊഴിയാളെക്കാണുന്നേരം-
ത്തിളകില്ലേപ്പോം മമ മാനസധൈര്യം
നളനെന്നുള്ളതുമവൾ ബോധിച്ചാൽ
തെളിവൊടു മാലയുമിട്ടവളെന്നെ
എന്നെത്തന്നെ വാഴ്ത്തുകയല്ലെ-
ന്നിന്നകനിഞ്ഞോർത്തരുളീടേണം
എന്നിവ പല പല ദുർഘടമുണ്ടു്
എന്നാലുംകൊണ്ടു പറഞ്ഞീടുന്നു
ദുസ്സാധ്യങ്ങളിലടിയനെ വിട്ടുവാ-
നുത്സാഹിക്കരുതമരന്മാരേ !
വത്സലയാമവൾ നിങ്ങൾ നിനച്ചാൽ
ഉത്സംഗേവരുമുടനേതന്നെ'
വിണ്ണവർവരനതു കേട്ടതുനേരം
കണ്ണുകളായിരമൊന്നു ചുവന്നു
ദണ്ഡുകരത്തിലെടുത്തു യമനും
തിണ്ണം വരുണനുമൊന്നു പകർന്നു
അനലനുമൊന്നു ജ്വലിച്ചുതുടങ്ങി
കനലെരി കണ്ണു തുറന്നുമിഴിച്ചു
മനസികയർത്തു സുരോത്തമനപ്പോൾ
കനിവുവെടിഞ്ഞു പറഞ്ഞുതുടങ്ങി:
‘ശഠതകളോരോന്നുരചെയ്യുന്നൊരു
കഠിനമനസ്സാം പടുവേ കേൾനീ
കുടിലത മനസി നിനച്ചു നിംച്ചൊരു

പട്ടതനടിച്ചു പറഞ്ഞതറിഞ്ഞു.
സോമകുലത്തിൽ പിറവി ലഭിച്ചൊരു
ഭൂമിപതിക്കിഹ പൊളിപറയാമോ ?
ഭീമാത്മജയാം കന്യകതന്നിൽ
പ്രേമംകൊണ്ടു പറഞ്ഞതിതെല്ലാം
സാധിപ്പിക്കാമെന്നു പറഞ്ഞതു
ബോധിച്ചപ്പോളെളുതല്ലെന്നും
ഒരുനാഴികയുടെയിടയിൽ പലവാ-
ക്കരചെയ്യുന്നതുചിതമോ മൂഢാ !
തെരിയാത്താളുകൾ ഞങ്ങളിതെന്നൊരു
പരിഹാസത്തിനു നീ തുനിയുന്നു.
മര്യാദയ്ക്കൊരു നീക്കം വന്നാൽ
ഝരിയാ നീയിബ്ഭൂമിയിലെങ്ങും
സുന്ദരനാകിയ നമ്മെക്കണ്ടാൽ
സുന്ദരിവന്നിഹ മടിയിൽ കേറും
എന്നിവകണ്ടു ജളത്വം പറവാൻ
എന്നുപഠിച്ചെട ! മനുജകിശോര !
നളനെന്നല്ല നിനക്കിനി നാമം
ജളനെന്നുള്ളതു ബോധിച്ചാലും
കളവും പൊളിയും ഞെളിവുമിതെല്ലാം
അളവില്ലാതെ മനസ്സിലുറച്ചു
മേനി പറഞ്ഞാൽ മററുള്ളവർ ബഹു-
മാനിച്ചീടുമതെന്നൊരു പക്ഷം
താനറിയാത്തവനെന്തു കുബുദ്ധി !
തന്നാത്താനറിയുന്നതിനേക്കാൾ
പിന്നെ വിശേഷിച്ചൊരുഗുണമില്ലം ;
നിന്നുടെ വൃത്തികൾ ഞാനറിയുന്നു
എന്നുടെ വൃത്തികൾ നീയറിവീല.
ധാമ്മികനാകിയ ധരണിപതിക്കിഹ
ധമ്മത്തിന്നൊരു നീക്കം വന്നാൽ
കമ്മികളാകിയ വിപ്രന്മാരുടെ
കമ്മത്തിന്നും കുറവുഭവിക്കും'
കണ്ണുകൾരണ്ടുമുരുട്ടിമിഴിച്ചു
ദണ്ഡും കയറുമെടുത്തുപിടിച്ചു
ചണ്ഡമതാകിന മീശ വിറച്ചു
ദണ്ഡധരൻ യമനരുളിച്ചെയ്തു:

‘എന്തുപറഞ്ഞെട മനുജപ്പുഴുവേ !
ബന്ധതചെയ്‌വാനെളുതല്ലെന്നോ ?
അന്തകനാകിയ നമ്മുടെ വാർത്തകൾ
ചിന്തിക്കാതെ പറഞ്ഞീടുകയോ ?
ചെമ്പുകിടാരം ചുട്ടുപഴുപ്പി-
ച്ചമ്പതുകോതന നെയ്യതിളപ്പി-
ച്ചമ്പതുലക്ഷം കിങ്കരജനമു-
ണ്ടെൻപുരി തന്നിൽ വസിച്ചീടുന്നു
ദുഷ്ടതകാട്ടും മനുജരെയിന്നതി-
ലിട്ടു വറുത്തു പൊരിച്ചീടുന്നു
ചേട്ടത്തങ്ങൾ പറഞ്ഞെന്നാൽ തവ
പെടീടും ചില സങ്കടമിപ്പോൾ
പല പല ദുരിതം ചെയ്യുന്നവരുടെ
തലയിലടിച്ചു പിളർപ്പാനുള്ളൊരു
വലിയൊരു ദണ്ഡിതു കണ്ടാലും നീ
നള ദുർബ്ബുദ്ധേ പാശവുമുടനേ
കണ്ടജനങ്ങടെ കണ്ഠം തന്നിൽ
കുണ്ഠേതരമായ് കെട്ടിമുറുക്കി
കണ്ഠങ്ങളിലും കണ്ടകമതിലും
കുണ്ടിലുമിട്ടു വലിച്ചു പലേടം
കൊണ്ടുനടന്നും കരചരണാദികൾ
കണ്ടിച്ചും കടുചോരപുരണ്ടും
നീണ്ടുതടിച്ചൊരു നെടുപാശത്തെ-
ക്കണ്ടതുകൊണ്ടൊരു ഭയമില്ലല്ലീ?
ശുണ്ഠികടിക്കും നമ്മെക്കൊണ്ടൊരു
ശണ്ഠയിടീപ്പാൻ വകയുണ്ടാക്കിയ
ചെണ്ടക്കാരാ ശഠത പറഞ്ഞാൽ
ഉണ്ടൽപിണപ്പാൻ ഞാൻ മതിയാകും’
വരുണനണഞ്ഞു പറഞ്ഞുതുടങ്ങീ:—
‘കരുണ നമുക്കു തരിമ്പില്ലൊട്ടും
തരുണീമണിയിൽ കൊതികൊണ്ടല്ലേ
വരുണൻ നമ്മോടു പൊളിപറയുന്നു ;
കോപമെനിക്കു മനസ്സിലുദിച്ചാൽ
ശാപം തരുവൻ സംശയമില്ല
ആപത്തൊന്നു വരുത്തിക്കൊണ്ടാൽ
താപമൊഴിപ്പാനെളുതല്ലേതും’

അഗ്നിയുമരുളിച്ചെയ്തു 'തരുണിയിൽ
മഗ്നതകൊണ്ടു കണക്കില്ലരചാ
കശ്മലവൃത്തി പറഞ്ഞാൽ നിന്നെ
ഭസ്മമതാക്കും ഞാനുമിദാനീം'
ഇത്തരമവരുടെ വാക്കുകൾ കേട്ടട-
നന്തൽമുഴുത്തൊരു നളനരുൾചെയ്തു:—
'ഭക്തനതാകുമൊരടിയനിലീവക
യുക്തമതല്ല സുരേന്ദ്രന്മാരേ!
നിങ്ങടെശാസനമെന്തെന്നാലതു
മംഗലമായ്‌വരുമധികജനാനാം
കൽപിക്കുന്നതു കേൾക്കാമതിനു വി-
കൽപവുമില്ലിഹ കനിവരുളേണം'
എന്നതുകേട്ടു മനസ്സു തെളിഞ്ഞു സ-
മന്ദസ്മിതമരുൾചെയ്തു സുരേന്ദ്രൻ:—
'നല്ലതുവരിക നിനക്കു നരേന്ദ്ര!
ചൊല്ലിയവണ്ണം ദണ്ഡിച്ചാലും
സാധിക്കും തവ കാര്യമശേഷം
ബോധിക്കയുമില്ലാരും നിന്നെ
ദമനുടെ സോദരിയെന്യേ മറ്റൊരു
സുമുഖികൾപോലും നിന്നെ ക്കാണാ
കളഭാഷിണിയും നിന്നെക്കണ്ടാൽ
നളനെന്നുള്ളതു ബോധിച്ചീടാ;
നിങ്ങളുതമ്മിൽ പറയും വാക്കുക-
ളങ്ങുമൊരുത്തരു കേൾക്കയുമില്ലാ
എന്നാൽ ഞങ്ങടെ കാര്യമശേഷം
നിന്നുടെ പക്കലുറപ്പിക്കുന്നോൻ
ചെന്നുപറഞ്ഞു മനസ്സുമിളക്കി
സുന്ദരി ഞങ്ങടെ പാടിൽ വരേണം;
അഞ്ചല്ലോ ശരമംബുജബാണന-
തഞ്ചുമെടുത്തു തൊടുത്തീടുന്നു
അഞ്ചുജനങ്ങടെ നെഞ്ചുപിളർപ്പാൻ
പഞ്ചായുധനിഹ ഭാവിക്കുന്നു
നാലുശരത്തിനു ലാക്കായിട്ടു
നാലുശരീരം ഞങ്ങടെതന്നെ
അഞ്ചാമത്തെക്കണകൊണ്ടുടനെ
ചഞ്ചലമിഴിയെ പ്രഹരിക്കേണം;

ഗുണഗണസിന്ധോ! നിഷധനരേന്ദ്ര!
ക്ഷണനേരം നീ വൈകിക്കരുതേ
പ്രണയിനിയാം ദമയന്തിയോടേവം
മതിമോഹങ്ങൾ പറഞ്ഞീടുകപോ-
യണിമതിമുഖിയുടെ മണിമയഭവനേ
രണചണ നരവര! ശുദ്ധാന്തേ നീ.
നല്ലതുവരിക നിനക്കു നരേന്ദ്ര!
ചൊല്ലിയവണ്ണം ദണ്ഡിച്ചാലും'

ശചിപതികൽപന നടത്തുവാനും
മുഖദർശനം ക്ഷണമകപ്പെടാനും
ഉറച്ചു ചേതസി നളക്ഷിതീശൻ
മറച്ചു തന്നുടെ മനോവികാരം
പടജ്ജനങ്ങളെ വനത്തിലപ്പോൾ
അടക്കിവച്ചഥ നടന്നു ധീരൻ
കടന്നു കുണ്ഡിനപുരത്തിനുള്ളിൽ
കിടങ്ങു ഗോപുരമതിൽ കടന്നു,
നിറഞ്ഞു മാനുഷജനങ്ങളാരും
അറിഞ്ഞതില്ലിഹ നളന്റെ യാനം
മറഞ്ഞുഭൂപതി നടന്നു മെല്ലെ
പറഞ്ഞടിക്കിലുമടുത്തു ചെന്നു.

ഏണാക്ഷികളൊരു പത്തുസഹസ്രം
വാണീടുന്നതു കാണായ്‌വന്നു.
ആണായിട്ടൊരു ഭൂതരെയവിടെ
ക്കാണാനില്ലൊരു കോണിൽപോലും.
നാളീകാക്ഷി വിദർഭജതാനും
ആളീപാളികളോടുംകൂടി
കേളിവിനോദവിശാരദഗതിയാ-
യ്യാളികമുകളിൽ വാസിക്കുന്നേരം
കോമളഗാത്രൻ സോമകുലേശൻ
മേളമിയന്നാ മനോഭവചിത്തൻ
താപമകററി ദേവാദികളുടെ
കാമനിവൃത്തിക്കാഗ്രഹമോടെ
മാനവവീരൻ മതിമുഖി തന്നുടെ
മണിമഞ്ചത്തിനടുത്തൊരു സമയേ

ശ്യാമവിഹീന സുകോമളമാർഗ്ഗേ
പാവനമാകിന പഞ്ചമദശിനാൾ
നക്ഷത്രങ്ങടെ നടുവിൽ വിളങ്ങും
സാക്ഷാൽ പനിമതി ബിംബംപോലെ
ലക്ഷണയുതമാം ദമയന്തീ മുഖ-
മക്ഷിതിപാലനു കാണായ്‌വന്നു.
അടിമലർ തുടയിണ കടിതടമോട്ടും
പടകൊടിനട്ടതലമുടിവടിവുകളും
മുടിയടിയുടലുകളുടമകളുടനതി
പടുതരമരചനു കാണായ്‌വന്നു.
വാങ്ങിയലയ്ക്കുമൊരമൃതസമുദ്രേ
മുങ്ങിയപോലെ മനസ്സു തണുത്തു
'അംഗനമാർമണി മകുടപ്പൂമണി
മംഗലദീപിക ശുകകുലവാണി
എങ്ങിനെയിവളുടെ മുമ്പിൽ ചെന്നാൽ
തിങ്ങിന വികൃതി മറച്ചീടേണ്ടു!
ഇങ്ങനെയുള്ളൊരു പെൺകൊടിയാളുടെ
സംഗമസുഖകരമാർക്കു ലഭിപ്പു
ക്രൂരപെരുത്തോരനാം ചൊന്നതിൽ
ന്യൂനമടങ്ങു മഹാഗ്ഗുണദമനം
കാരൊളി തലമുടി വടിവും മുഖവും
മാറണിമുലകളുമിങ്ങനെ കണ്ടിഹ
നീറന്തു മമ ഹൃദയമിദാനീം
ഏറന്തു പുനരലർശരതാപം
മാറണി കുഴൽമണിയാളോടെനിക്കിഹ
വേറപിരിഞ്ഞു വസിപ്പാൻ ഭണ്ഡം'
ഇത്ഥം പലവക് നളനരപാലൻ
ചിത്തംകൊണ്ടു വിചാരിച്ചുടനേ
മത്തമതംഗജഗാമിനിതന്നുടെ
പത്തനസീമനി ചെന്നുകരേറി
അതിസുന്ദരനാം പുരുഷനെയരികിൽ
പ്രതിമുഖമവിടെ ക്കണ്ടതുനേരം
മതിമുഖിതന്നുടെ മനതളിരിൽ പുന-
രതിയായിട്ടൊരു വിസ്മയമുളവായ്.
എഴുനേററവളൊരു മണിപീഠത്തെയു-
മഴകൊടുനൽകിയിരുത്തിയതിന്മേൽ

ശശിമുഖി മൃദുതര കുശലപ്രശ്നം
വിശദമറിഞ്ഞു പറഞ്ഞാളേവം:—
'മാരസമാനശരീര ഭവാൻ പുന-
രാരെന്നുള്ളതു ചൊല്ലീടേണം
കാരണമെന്തിഹ വരുവാനെന്നും
സാരമതാം തവ കുലമേതെന്നും
ആരിഹ നിന്നുടെ ജനകനതെന്നും
പാരതിലെങ്ങധിവാസമിതെന്നും
പേരെന്തെന്നും കഥയ മഹാത്മൻ!
പാരം കൗതുകമിങ്ങുളവായി'
കളമൊഴിയാളുടെ വാക്കുകൾ കേട്ടു
നളനരപാലൻ പുനരരുൾ ചെയ്തു:—
'നളിനദളായതനയനേ! കാമിനി!
കളിയല്ലിതുകേൾ ഞാനൊരു ദൂതൻ
കുലനാമാദികളുരചെയ്തിട്ടൊരു
ഫലമില്ലല്ലോ കുവലയനയനേ!
അലർശരപരവശരായിട്ടുണ്ടിഹ
ചില യജമാനന്മാരിതുകാലം
നിന്നുടെ ഭാഗ്യമിതതിശയമത്രേ
മന്നിലൊരംഗനമാർക്കിതു ലഭിയാ.
ഇന്ദ്രനു നിങ്കൽ കാംക്ഷ തുടങ്ങി
സുന്ദരി നിന്നുടെ സുകൃതംതന്നെ
എന്നതുമല്ല പ്രേതാധിപനും
പിന്നെദ്ദഹനനുമംഭോനിധിയും
എന്നിവർ നാലു മഹാപുരുഷന്മാർ
നിന്നെ നിനച്ചു മരിപ്പാറായി.
ഇന്നിതിലൊരുവനെ മാലയിടേണം
നിന്നുടെ മനമതിലൊത്തതുപോലെ.
സുരപതി പാരം പരവശനായി
വരുണനുമഗ്നിയുമങ്ങിനെതന്നെ
അന്തകനതിയായിട്ടനുരാഗം
അന്തമറ്റുള്ളു കടുത്തൊരു താപാൽ
അമരാവതിയിലിരുന്നു രമിപ്പാൻ
ദമയന്തീ തവ കൗതുകമില്ലേ?
അമരാധിപനെ വരിച്ചെന്നാകിൽ
അമരസ്ത്രീകളുമമരും നിങ്കൽ

ഗംഗാസലിലേ സ്നാനം ചെയ്യാം
ഗംഗാപുളിനേ കളികളുമാടാം
ശൃംഗാരാദി രസങ്ങൾ നടിച്ചമ-
രാംഗനമാരുടെ നൃത്തം കാണാം
കൽപകപുഷ്പംകൊണ്ടു ചമച്ചൊരു
തൽപം തന്നിൽ നിനക്കു ശയിക്കാം
അൽപമിതല്ല സുഖങ്ങൾ നിനച്ചാ-
ലുൽപലനയനേ! ഹരിയെ വരിക്കാം.
വരുണനെയോർത്താലവനെത്തന്നെ
വരണംചെയ്യണമെന്നും തോന്നും
തരണം വളരെ ദ്രവ്യമിതെന്നാൽ
വരുണനു ചെറവും സംശയമില്ല.
തരുണിമണിക്കിഹ യമനെ വരിപ്പാൻ
കരുണ മനസ്സിലുദിച്ചെന്നാകിൽ
മരണഭയം പുനരൊട്ടും വേണ്ടാ
പെരിയബ്രഹ്മൻ കാലമിരിക്കാം.
തേജസ്സുള്ള ജനങ്ങളിലത്രേ
തേൻമൊഴിമാർക്കനുരാഗമിരിപ്പൂ
എന്നാലഗ്നിയെ മാലയിടേണം
നന്നായിട്ടവനുണ്ടു പ്രകാശം.

പൂന്തേൻ മൊഴിവാണീ! ദമയന്തീ!
ചിന്തിതമെന്തിഹ തേ!
ചിന്താമണിയാകും സുരേന്ദ്രന്റെ
കാന്തയായീടേണം നീ! കൃശോദരി! (പൂന്തേൻ

പങ്കജബാണന്റെ ബാണങ്ങളേററവ-
നംഗംതളർന്നീടുന്നു പിന്നെ
തിങ്കളുദിച്ചു വരുന്നോരം സങ്കടം
പാരം വളർന്നീടുന്നു, തവ
കുങ്കുമപങ്കം പനിനീരു ചന്ദനം
മേനി ദഹിച്ചീടുന്നു ഇനി
നിൻകൃപയില്ലെങ്കിലെങ്ങനെ വാസവൻ
പ്രാണൻ വഹിച്ചീടുന്നു കൃശോദരീ! (പൂന്തേൻ
നന്ദനകാനനം തന്നിലിരുന്നാലു-
മില്ലൊരു ചിത്തസുഖംഹരി-
ചന്ദനവൃക്ഷത്തണലിൽ കിടന്നാലു-
മാനന്ദമില്ലധുനാ നിജ

മന്ദിരം തന്നിലിരിപ്പാനും മേലാ
പുരന്ദരനെന്നു വന്നു സുര-
സുന്ദരിമാരുടെ കൂത്തിലും പാട്ടിലും
കൌതുകമില്ലാപോലും കൃശോദരി (പൂന്തേൻ
നിന്നുടെനാമം ജപിക്കും കളിക്കും
ചിരിക്കും തിരിക്കുമുടൻ പിന്നെ
നിന്നുടെരൂപം സ്മരിക്കും ചരിക്കും
ഇരിക്കും മരിക്കുംപോലെ നല്ല
മന്ദിരംതോറും നടക്കും കിടക്കും
മടക്കും മദോമദനൻ സ്മരൻ
തന്നുടെബാണം തറയ്ക്കും വിറയ്ക്കും
കുറയ്ക്കും മറക്കുമുടൻ കൃശോദരി (പൂന്തേൻ
അങ്ങിനെതന്നെ വരുണനുമഗ്നിയു
മന്തകദേവൻ താനുമവർ
തങ്ങടെ സങ്കടമിങ്ങനെ ചൊല്ലുകിൽ
ഇല്ലൊരൊടുക്കമെഹോ നര-
പുംഗവനന്ദിനി സുന്ദരി നീ യതു
നന്ദിച്ചയക്കണമേ പല
ഭംഗിപറഞ്ഞു മയക്കിച്ചമയ്ക്കരു-
തെന്നൊയുമിന്നിഹ നീ കൃശോദരീ!' (പൂന്തേൻ

നളനുടെ വചനം കേട്ടദശായാം
കളമൊഴി മുഖവും താഴ്ത്തിച്ചൊന്നാൾ:
"വളരെപ്പറയരുതെന്നൊടു ദൂതാ!
കളിവചനങ്ങൾ കുറച്ചാലും നീ
ഹൃദയംകൊണ്ടൊരു പുരുഷനെ മുന്നം
സദയം ഞാനിഹ വരണംചെയ്തു
അവനല്ലാതൊരു പുരുഷനെ ഞാനീ-
ഭുവനം മൂന്നിലുമിച്ഛിച്ചീടാ
ദൃഢമതിയായ പതിവ്രതഞാൻ ദൃഢ-
വതിവൃഥാ പലരെക്കാംക്ഷിച്ചീടാ
പടുമതിയാം മമ വല്ലഭനിപ്പോൾ
ഝടിതിവരും മമ വേളികഴിപ്പാൻ
എന്നുടെ രമണനു ശരിയായിട്ടൊരു
സുന്ദരനില്ല ജഗത്ത്രയവാടേ
നിന്നുടെ ചെവിയിൽ കേളാഞ്ഞെന്തേ
മന്നവമണിയാം നിഷധേശ്വരനെ

കളമധുരാകൃതി നളനരപാലൻ
നളിനവിലോചനനളിരുചികേശൻ
തെളിവൊടുമുന്നിൽ വരുന്നാളവനുടെ
ഗളമതിൽ മാല കരേററി വരിക്കും
ഇന്ദ്രാദികളും ചന്ദ്രാദികളും
ചന്ദ്രമുഖന്മാർ മററുള്ളവരും
കുന്നിച്ചീടിന പണമുള്ളവരും
സുന്ദരനെന്നു നടിക്കുന്നവരും
ഈരേഴുലകിലുമമരും പുരുഷരി-
ലാരുമെനിക്കിഹ വരനാകേണ്ടാ.
വീരശിരോമണി നളഭൂപാലൻ
ചാരുഗുണാകരനെന്നുടെ കാന്തൻ
നളനുടെ രൂപം വഴിയാംവണ്ണം
നളിനദലത്തിൽ നഖം കൊണ്ടെഴുതി
തെളിവൊടു തന്നു കളഹംസം മമ
കളിയല്ലതു ഹൃദിമരുവീടുന്നു.
നിന്നുടെ രൂപവുമെഴുതിയ രൂപവു-
മിന്നൊരുപോലെ തോന്നീടുന്നു;
എന്തൊരു കാരണമതിനെന്നുള്ളതു
ചിന്തിച്ചിട്ടു കാണുന്നില്ലാ.
കോടിസഹസ്രം മദനന്മാരുടെ
മോടികലർന്ന ഭവാനെ ഭ്ഭൂതിനു
ചാട്ടിച്ചവരുടെ മനതാരിങ്കലെ
മൂഢതയോർത്താൽ ചിരിയാകുന്നു.
വാശ്ശുമല്ലുകൊണ്ടെന്തിനു വളരെ
ദുശ്ശാഠ്യങ്ങൾ കഥിച്ചീടുന്നു
ഈശ്വരകൃപയുണ്ടെങ്കിലുടൻ നിഷ-
ധേശ്വരവരനെ വരണംചെയ്യാം.
നളനൃപനെന്നുടെ വരനായ്‌വരുവാൻ
തെളിവൊടു ദേവവരന്മാർ മമ-
പെരുകിന കൃപയൊടു വരമരുളേണം
വരമിദമേവഹി ദേവന്മാരേ!

സുരവധുമാരുടെ നടുവിലിദാനീം
നരവധു ചേരുകയില്ലേ
ഉച്ച്ശ്രയ കാഞ്ചനവളയുടെ നടുവിൽ
പിച്ചളവളയതുപോലെ

പൊന്മയഹംസികൾ തന്നുടെയിടയിൽ
കുരുനരിതൻ പിടപോലെ
അഴകിയഹരിണികൾ അരികിൽചെല്ലും
കഴുതപ്പെൺകൊടിപോലെ
നിഷധനരാധിപനെന്നുടെ രമണൻ
ഇഷുധരബാഹുമനോജ്ഞൻ
മദനമനോഹര സുന്ദരവദനൻ
മദകളകോമളശീലൻ
സരസശിരീഷ ശരീരനുദാരൻ
സരസിജലോചനനല്ലോ
സുരവരസേവകനായ ഭവാനും
നരവരനളനുമിദാനീം
ഇരുവരുമൊരുവൻ തന്നുടെസുതരാം
കരളിൽ വിചാരമിദംമേ
ഇതിലധികം മമ നിന്നൊടു പറവാൻ
മതിബലമില്ലിഹ ദൂതാ!'

അതുകേട്ടുടനേ നളനരുൾചെയ്തു:
'അതുമതിയായില്ലംബുജ നയനേ!
അതിസുന്ദരനാമിന്ദ്രങ്കൽ തവ-
കൊതിയില്ലെന്നു പറഞ്ഞതുഭോഷ്കു്
ഇന്ദ്രൻതന്നുടെ രസമുണ്ടാവാൻ
സുന്ദരിമാർ പലരിച്ഛിക്കുന്നു
ഇന്നതുസാധിക്കില്ലെന്നോർത്തവ-
രൊന്നുമനങ്ങുന്നില്ലെന്നത്രേ
അണ്ടർകുലത്തിൽ മികച്ചൊരുവമ്പനെ
വേണ്ട നിനക്കെന്നുരചെയ്യാമോ?
കൊണ്ടൽകുഴൽമണിയാളേ! നിന്നുടെ
പെണ്ടത്തം പുനരധികംതന്നെ
നളനെന്നുള്ളൊരു പുരുഷൻ ഭോഷൻ
ജളനെന്നുള്ളതു ബോധിച്ചാലും
പൊളിയല്ലവനെക്കാണുന്നേരം
തെളികയുമില്ല നിനക്കു സുശീലേ
മനസിനളൻ നളനെന്നു നിനച്ചി-
ട്ടനുദിനമങ്ങു വസിച്ച നിനക്കും
അവനെക്കണ്ണിൽ കാണുന്നേരം
ഇവനോ എന്നൊരു നിന്ദയുമുണ്ടാം

കയ്യിൽ കിട്ടിയ കനകമുപേക്ഷി-
ച്ചീയം കൊൾവാനിച്ഛിക്കുന്നു
അയ്യോ ഭോഷീ നീയെന്തിങ്ങനെ
കാര്യാകാര്യം തിരിയാത്തവളോ ?
മംഗലശീലേ നീയും നളനും
തങ്ങളിലൊട്ടും ചേരുകയില്ലാ,
നല്ലമിനുത്ത കഷണ്ടിക്കാരൻ
മുല്ലപ്പൂമലർ ചൂടിയപോലെ
കുന്നിക്കുരുവും പവിഴവുമിടചേ-
ർത്തുനാത മുലകളിലണിയുംപോലെ
കൊന്നപ്പൂവും മററുള്ളൊരുവക
പൊന്നും തമ്മിൽ ചേരുംപോലെ
കാഞ്ചനമുടികിൻ നടുവിലണിഞ്ഞൊരു
മഞ്ചാടിക്കുരുവെന്നതു പോലെ.
കോപമവർക്കു മനസ്സിലുദിച്ചാൽ
ശാപം തരുവാൻ സംശയമില്ല
ചഞ്ചലനയനേ ! സുന്ദരി നിന്നുടെ
നെഞ്ചിൽ നിനച്ചതു ഉചിതമല്ലൊട്ടും.
സകലകലാമല ശീലാശയയാം
ശുകമൊഴി ! നിന്നുടെ ലീലകളറിവാൻ
വികൃതിജളൻ നളനാളായ്‌വരുമോ ?
വികൃതികളെന്തിനു ചിന്തിക്കുന്നു !
കുവലയമലരുടെ പരിമളസാരം
തവളകളറിവാൻ സംഗതിവരുമോ ?
പെണ്ണിൻഭാവവിശേഷമശേഷം
കണ്ണില്ലാത്തവനനുഭവമാമോ
നല്ലൊരു പാട്ടും കൊട്ടും കേട്ടാൽ
കല്ലിനു ഭാവവികാരമതുണ്ടോ ?
ശ്ലോകം ചൊല്ലിപ്പൊരുൾ പറയുമ്പോൾ
കാകനതിങ്കലൊരിടയുണ്ടാമോ ?
മാടണിമുലമാർ മധുരതയറിവാൻ
മാടപ്രാവിനു സംഗതി വരുമോ ?
മൂഢനതാകിന നളനീവകയിൽ
പ്രൌഢതയില്ലതു ബോധിച്ചാലും !
സുരപതി വിരുതൻ നല്ലൊരു രസികൻ
സുരതരസങ്ങളറിഞ്ഞൊരു വിരുതൻ

ഒരുവനെ മാലയിടേണമതെന്നാൽ
പുരുഷോത്തമനാമിന്ദ്രനെ വേണം'
തരുണീമണിയാളതു കേട്ടപ്പോൾ
ചെവിയും പൊത്തീട്ടൊന്നുരചെയ്തു:
"മതി! മതി! നിന്നുടെ കടുവചനാദികൾ
മതിതാപം മമ പെരുകീടുന്നു
മതിമുഖനാകിയ നളനരപാലനെ
അതിയായിട്ടു ദൂഷിച്ചതു മതിമതി!
തിരിയെ നടക്കാമിനിയുമൊരക്ഷര-
മുരിയാടുകിൽ ഞാനങ്ങു ഗമിക്കും
പരിഹാസാദികൾ പറയുന്നവരും
അരികിലിരുന്നു കേൾക്കുന്നവരും
ദുരിതാനുഭവം സമമായ് വരുമെ-
ന്നുരചെയ്യുന്നു മുനിതിലകന്മാർ
തരുണീതരുണന്മാരന്യോന്യം
തരമായ് വരുവാൻ ദുർഘടമത്രേ
ഒരുവനിലാഗ്രഹമൊരുനാരിക്കതു
പരഹൃദയത്തെയുമൊപ്പിക്കേണ്ടാ
ഇരുവരുതമ്മിൽ ചേന്നു വരുമ്പോൾ
പരമാനന്ദമവർക്കു ലഭിക്കും
മററുള്ളവരു പറഞ്ഞാലും ഹൃദി
പററുകയില്ല കലുഷവുമില്ല
കുററം നളനൃപനുണ്ടെന്നാകിലു-
മേററമവങ്കൽ നമുക്കഭിലാഷം
മററെന്തിനു വളരെപ്പറയുന്നു
പെററുപിറന്നൊരു ജനനിയുമെന്നെ-
പ്പോററിവളർത്തൊരു ജനകൻ താനും
മററൊരു പുരുഷനെ മാലയിടീപ്പാൻ
മുററുംവന്നു പ്രയത്നം ചെയ്താൽ
തെററെന്നാവിടെ മരിക്കും ഞാനതി
ലേററം മററൊരുപായവുമില്ല."
ഇത്തരമവളുടെ വാക്കുകൾ കേട്ടതി-
നുത്തരമില്ലെന്നോർത്തു നരേന്ദ്രൻ
"സ്വസ്തിനിനക്കെ"ന്നരുൾ ചെയ്തവളുടെ
പത്തനമതിൽ നിന്നാശു ഗമിച്ചു
നിർജ്ജരവരരുടെ മുൻപിൽ ചെന്നതി-

ലജ്ജിതനായിത്തൊഴുതുര ചെയ്തു:
"ഇജ്ജനമോർത്താലിതിനെളുതല്ല
സജ്ജനനികരശിരോമണിമാരേ
ദൃഢതരമവളുടെ ചിത്തമിളക്കാൻ
അടിയനുമതിബലമില്ലെന്നറിയിൻ!
ചതിവുപറഞ്ഞു മനസ്സു മറിപ്പാൻ
പടുതപെരുത്തൊരു പെൺകൊടിയാളവൾ
മതിമുഖിതാനൊരു പുരുഷനെമനസാ
പതിയായിട്ടു വരിച്ചിതു പോലും
അതിയായിട്ടിഹ ക്ലേശിച്ചാലും
സതിയാമവളൊട്ടു ക്രുദ്ധയുമില്ല.
അടിയൻ വളരെ ക്ലേശം ചെയ്തു
മടിയെന്നുള്ളതു ബോധിക്കേണ്ടാ
മറിവുണ്ടെങ്കിലതെല്ലാം നിങ്ങൾ-
ക്കറിയാമെല്ലോ വിബുധന്മാരേ!
സകല ജനങ്ങടെ ഹൃദയമശേഷം
മുകുരതലത്തിൽ കാണുംപോലെ
അകതാരിങ്കൽ വിചാരിച്ചറിവാൻ
മികവു ഭവാന്മാർക്കെന്നു പ്രസിദ്ധം"
ഭക്തമഹാനിധിയാകിയ നളനുടെ
യുക്തികൾ കേട്ടു തെളിഞ്ഞമരന്മാർ
യുക്തമിതവനുടെ ദോഷമതല്ലെ-
ന്നോർത്തു ജവേന മറഞ്ഞാരവരും.

നളനുമതുനേരം കളഭവരനുടെ
ഗളമതിങ്കലേറി തെളിഞ്ഞു പുറപ്പെട്ടു
കളിച്ചു പടജ്ജനം വിളിച്ചുപുറപ്പെട്ടു
വളച്ചു വഴിവെട്ടിത്തെളിച്ചു ജലംകൊണ്ടു
തളിച്ചു പടകളും വിളിച്ചു കുഴൽകൊമ്പും
വിളിച്ചു പടഹങ്ങൾ അടിച്ചു വിരുതന്മാർ
പിടിച്ചു കളിച്ചൊക്കെ നടിച്ചു നടകൊണ്ടു.

ഭൂപശിരോമണി നളനും പടയും
താപമകന്നഥ കുണ്ഡിനപുരിയുടെ
സവിധേചെന്നുടനവിടെനിന്നഥനനു-
രൂപം നൃപനെ വണങ്ങി ഭടന്മാർ
പരിചൊടു നിഷധനരേന്ദ്രൻ തരസാ

കരിവരഗളമതിൽനിന്ന പത്തുക്കെ
പരിജനകരതലമവലംബിച്ചുട-
നരുതരകുതുകംക്ഷിതിയിലിറങ്ങി
മുപ്പത്തു നാൽപത്തു നായന്മാരും
കെൽപൊട്ട നാലെജമാനന്മാരും
ഉൽപലനയനൻ നളഭൂപാലൻ
അപ്പുരിപുക്കഥ നൃപനെക്കണ്ടു
ഭീമനരേന്ദ്രൻ വിരവൊട്ട നളനെ
പ്രേമമുയർന്ന പിടിച്ചഥ തഴുകി
കോമളമാകിന മണിമാളികമേൽ
ആമോദേന കരേററിയിരുത്തി
പാർത്ഥലസീമനി മരുവീട്ടന്നൊരു
പാൎത്ഥിവവരരും വന്നുതുടങ്ങി
തങ്ങടെ തങ്ങടെ പരിവാരത്തൊട്ടു-
മങ്ങിനെ നൃപകുല വീരന്മാരും
ഭംഗിവരുത്തിയണിഞ്ഞു തുനിഞ്ഞു മ-
തംഗജമഞ്ജുളഗാമിനിയാളുടെ
ശോണാധരസുഖപാനാമലനിൎ-
വ്വാണാനന്ദ മനസ്വി മഹീശൻ
താനാരാൽ മുന്നണിയായ് കുണ്ഡിന-
ലീനാത്മാവായ് യാത്രതിരിച്ചു.
മധുരസമങ്ങിനെ വാർന്നൊഴുകീടിന
മധുരാധരിയുടെ മടിയിലിരിപ്പാൻ
മധുരാകൃതിഞാൻ മതിയാം ഭുവിനു-
മധിരാട്ടാണെൻ സമതവഹിപ്പാൻ
പാർത്താലതിലാരുള്ളെന്നിങ്ങനെ
ധൂർത്തന്മോർത്തു ഗമിച്ചുതുടങ്ങി
പിൻപിൽ നടക്കും നൃപനതുനേരം
തുമ്പികണക്കെ പറന്നുതുടങ്ങി
പടയുംവേണ്ടാ കുടയുംവേണ്ടാ
മട്ടമലർമിഴിയെ ലഭിച്ചാൽ പോരും
ഉടലുമുറിഞ്ഞാലന്തരമുണ്ടോ ?
തടമുല പുൽകാൻ സൗഖ്യം കുറയും
മന്നവർ പലരും പോരുന്നൊന്തിനു
കന്യക നമ്മുടെ കയ്യിൽപോരും
എന്നെപ്പോലെ സുന്ദരനായി-

പ്പിന്നെയൊരുത്തൻ ഭൂമിയിലില്ല
അത്ഭുതമല്ലെന്നുടെ കോപ്പുകളിട്ടാൽ
അതിലൊരുശോഭ നമുക്കേയുള്ളു
ചോദ്യംകൊണ്ടു പരീക്ഷിക്കിലെന്നാൽ
ആയതുനമ്മൊട്ടു പോരെന്നില്ല
വിരുതന്മാരിൽ കൗതുകമേറും
നാരീമണിമാർക്കെന്നു പ്രസിദ്ധം.
ജാതിശ്രേഷ്ഠതയുള്ളജനത്തെ
കാതരമിഴിമാർ കാമിച്ചീടും
ജാതിവലിപ്പം നിരുപിക്കിലെന്നാൽ
ഏതും കുറവു നമുക്കില്ലിപ്പോൾ
വിദ്വാനില്ല തികച്ചുരചെയ്യാം
വിദ്വാനാകിയ വരനെ വരിപ്പാൻ
ഉദ്യോഗിക്കും ദമസോദരിയും
കവികളിലേററം കൗതുകമേറും
കുവലയമിഴിമാർക്കില്ല വിവാദം
കവിതക്കാരിഹ പലരുണ്ടെങ്കിൽ
അവരിൽ മികച്ചതു ഞാനിഹതന്നെ
അംഗനമാർക്കു മനസ്സുതണുപ്പാൻ
സംഗീതത്തിനു ശരിയല്ലൊന്നും
സംഗീതങ്ങടെ ഭംഗിവരുത്താൻ
ഇങ്ങൊരുകൂട്ടം വാസനയേറും.
ഇങ്ങനെയോരോന്നോർത്തു നൃപന്മാർ
അംഗജബാണംകൊണ്ടു മയങ്ങി-
ത്തങ്ങടെ തങ്ങടെ പൗരുഷചിന്ത തു-
ടങ്ങി ക്ഷിതിപതി ഭവനം പുക്കാർ.
ഇന്ദ്രാദികളവർ നാലുജനം നള-
ചന്ദ്രനു നാലു വരങ്ങൾ കൊടുപ്പാൻ
സാന്ദ്രകുതൂഹല സരസന്മാരവർ
സവിധേവന്നുരചെയ്തുതുടങ്ങി:

"ഇന്ദുബിംബമുഖിയാം ദമയന്തി-
ക്കിന്നു നീ രമണയാനതുമൂലം
നന്നുനന്നു സുകൃതം പരിപൂർണ്ണം
പൂർണ്ണചന്ദ്രസുമുഖ! നരവീര!
നിന്നുടെ ദൃഢമനസ്സറിവാനായി
വന്നു ഞങ്ങളിഹ നാൽവരുമായി

മന്നിടത്തിൽ മഹിളാമണിയാകിയ
കന്യയെ ഝടിതി കൈക്കലതാക്കാൻ
മോഹമില്ല ദമയന്തിയിലേററം
സ്നേഹമുണ്ടതിനുമില്ല വിവാദം
മുഗ്ദ്ധാഗാമിനി കുലോത്തമ തന്നുടെ
ചിത്തസാരമറിയുന്നതിനായി
അത്രമാത്രമിഹ ചെയ്തിതു ഞങ്ങളു-
മത്രതന്നെ പോകുന്നു നരേന്ദ്രാ.

ശ്ലോകം.

കല്യാണീ കമലാലയാ ഭഗവതീകാന്തം
പ്രപേദേ ഹരിം
കല്യാ സാമലബാലികാ ഭഗവതീ ചാർദ്ധേ-
ന്ദുചൂഡം യഥാ
മല്ലീ പുഷ്പസുഹാസിനീ രതിരപി പ്രാപ്താ
യഥാ ചിത്തജം
മല്ലാക്ഷീ ദമസോദരീ വ്രതവതീ കാന്തം
ഭവന്തം തഥാ.

പദ്യമതിങ്ങനെ കേട്ടാലുടനേ
വിദ്വാന്മാർക്കിഹ പൊരുളുണ്ടാകും
വിദ്യാരഹിതന്മാർക്കു ഗ്രഹിപ്പാൻ
വിരവൊടു പൊരുളുരചെയ്തീടുന്നേൻ:
നളനൃപതേ നീ നമ്മുടെ വചനം
നലമൊടു കേട്ടു രസിച്ചീടേണം
നളിനം തന്നിൽ പണ്ടു പിറന്നൊരു
കളമൊഴി കുലമണി ലക്ഷ്മീഭഗവതി
നരകാന്തകനാം നാരായണനെ
തരസാ ചെന്നു വരിച്ചതുപോലെ
വരവർണ്ണിനി ദമയന്തി ഭവന്തം
വരനായ് വരണം ചെയ്തിതു ഭദ്രം
യമനിയമാദി ഗുണങ്ങൾ നിറഞ്ഞൊരു
സുമശരരിപുവാം പരമേശ്വരനെ
ഹിമഗിരിവരസുതവരണം ചെയ്തൊരു
സുമഹിതമംഗലകർമ്മംപോലെ
കമിതാവായി ശ്രീരതിയും പുന-

രമിതരസാനന്ദിതനാകിയ മദനം
രമണനതാക്കി വരിച്ചതുപോലെ
ദമയന്ത്യാ സഹ നിഷധപതേ! നീ
നിഷധപതേ! കേൾ നിന്നുടെ യാഗേ
നിഖില സുരന്മാരോടും കൂടെ
നിജനിജ രൂപത്തോടും വന്നു
നൃപവരസഭയിലിറങ്ങിക്കൊണ്ടു
മർത്ത്യപ്പരിഷകൾ കാൺകെത്തന്നൊ
പ്രത്യക്ഷേണ ഹവിർഭാഗത്തെ
ഭക്തികഴിക്കുന്നുണ്ടിഹ ഞാൻ തവ
ഭക്തിമഹത്ത്വകൾ ബോധിക്കേണം"
വരുണൻ ഭഗവാനരുളിച്ചെയ്തു:
"വരികസഖേ! നള! നൃപതികുലേന്ദ്ര!
പുരുഗുണരാശേ മരുഭൂമിയിലും
പെരിയ മഹാമലയുടെ തടമതിലും
ഒരുനാളൊരുദിശി ചെന്നു ഭവാനും
മരുവുന്നേരം നമ്മെക്കനിവൊടു
നിരുപിക്കുമ്പോളവിടെ വരുന്നോൻ
ഒരുദിക്കിലുമിഹ ജലമില്ലെന്നു
പരവശഭാവം വേണ്ട നിനക്ക്
പെരുകിന വാർപ്പും ചെമ്പുചരക്കുകൾ
പരിചൊടടുപ്പിൽ കേററിക്കൊണ്ടതിൽ
അരിയും പോട്ടാലധികമവററിൽ
പെരികെജ്ജലവും തനിയേ നിറയും"
എരിയും തീയെന്നാഗ്നിയുമരുളി
അരിയും കറികളുമവതിന്നുസമമെ-
ന്നരുളിച്ചെയ്താനന്തക ഭഗവാൻ
"പെരുകിന സുഖമിനി ദമയന്ത്യാസഹ
പുരിയിൽ ചെന്നു വസിച്ചീടുക നീ."

ഏവമരുളിച്ചെയ്തു ദേവന്മാർ നാലുപേരും
ദേവലോകത്തെനോക്കിപ്പോവാൻ മുതിർന്നു തത്ര
മറഞ്ഞു മഞ്ചങ്ങൾതോറും നിറഞ്ഞുമേവും നൃപന്മാർ
പറഞ്ഞുതുടങ്ങി ഭാഗ്യം കുറഞ്ഞു സംസാരവായ്പു-
മറിഞ്ഞുകൂടാതെ ദൈവം ചതിച്ചു പെണ്ണിനെ-
വേൾപ്പാൻ
കൊതിച്ചുവന്നൊരു നമ്മെ ത്യജിച്ചു വൈരസേനിയെ

വരിച്ചു ദമയന്തിയും ധരിച്ചു വിപ്രന്മാരെല്ലാം
തിരിച്ചു സ്വർണ്ണവുംകെട്ടിത്തിരിച്ചുകൊണ്ടങ്ങുമിങ്ങും
ഭ്രമിച്ചുവന്നൊരു നമ്മെ ശ്രവിച്ചുനില്ലാ; യാവേണ്ടു
ഗമിച്ചുകൊൾകയോ വേണ്ടു നടപ്പിൻ ഭൂപാലന്മാരേ
കടപ്പിൻ കുണ്ഡിനംതന്നിൽ കടപ്പിൻ ഭീമനെച്ചെന്നു
പിടിപ്പിൻ! കന്യകേപാഞ്ഞങ്ങടുപ്പിൻ-
കാർമ്മുകം കയ്യി-
ലെടുപ്പിൻ ഘോരബാണങ്ങൾ തൊടുപ്പിൻ-
ഓർത്തുകൊണ്ടെല്ലാം-
മടുപ്പിൻ പത്തനം കത്തിത്തകർപ്പിൻ സർവ്വത്രചെന്നു
ഹരിപ്പിൻ പേടിയുള്ളോരിങ്ങിരിപ്പിൻ-
പെണ്ണിനെച്ചൊല്ലി
മരിപ്പിൻ മനാവന്മാരേ! സ്മരിപ്പിൻ-
നാണക്കേടെല്ലാം

പടഹമെങ്ങു പടകളെങ്ങു നമ്മുടെ
കൊടികളെങ്ങു കുടകളെങ്ങു സംഗര-
ഘടനഘോഷമുടനെവേണം അരികുല
മടിപെടുക്ക പൊടിപൊടിക്ക നല്ലൊരു
മിടുമിടുക്കനടനടക്ക വിരവൊടു.

നലമൊടു വിലസിന ചലമിഴിമണിയുടെ
തലമുടി വടിവൊടു പിടിപെടുവതിനൊരു
മടിതുടരരുതിഹ പടുതര നരവര
പരിഷകളുടെയൊരു പുരിയതിൽ വിരവൊടു
ഉരുതരമിതു ബത കരുതിയ പുരുഷരെ
വിരവൊടു ശരവരനിരകൾക്കിരയാ-
ക്കീടവേണമാടലെന്തു സംപ്രതി-
മൂഢഭാവമൂഢമായതെന്തിഹ!
ഗൂഢമല്ല ഗാഢവൈരമിന്നതി
ശ്രദ്ധമായി രൂഢമായി ശിവശിവ!

ഇത്ഥം നൃപതി സമൂഹമശേഷം
യുദ്ധമതായിതു കുണ്ഡിനനൃപനൊടു
യുദ്ധം ചെയ്വതിനെത്തി നിറഞ്ഞവ-
രുദ്ധത കളകള ഘോഷത്തോടും
അംഗൻനൃപതി കലിംഗൻ നരപതി
വംഗൻ വരഗുണതുംഗൻ ദ്രമിളൻ
കുന്തളനരപതി കുരുകുലഭൂപതി

കുന്തിമഹീപതി വിന്ധ്യനരേന്ദ്രൻ
പൂർണ്ണകനരപതി പുഷ്കരനരപതി
പാണ്ഡ്യമഹീപതി പാഞ്ചാലനൃപൻ
ചോളക്ഷിതിപതി ലാടനരേന്ദ്രൻ
സിന്ധുമഹീപതി സിംഹളഭൂപതി
കർണ്ണാടപ്രഭു കാശ്മീരപ്രഭു
കാശിമഹീപതി കാമപുരപ്രഭു
ഭദ്രമഹീപതി ഭദ്രപുരേശൻ
ഇങ്ങനെയുള്ള നൃപന്മാരനവധി
തിങ്ങിന പുരുഷാരങ്ങളുമിളകി-
ത്തങ്ങടെ തങ്ങടെ നായന്മാരെയു-
മങ്ങു സ്വരൂപിച്ചിങ്ങു തുടങ്ങി
ചന്ത്രക്കാരൻ രാമച്ചാരൊരു
കുന്തമെടുത്തു പിടിച്ചു കരത്തിൽ
വാളുമെടുത്തു താളത്തിൽ ചില
മേളംകൂട്ടി ച്ചോടുകൾ വെച്ചു.
കാക്കരനായർ കടുത്തില കയ്യി-
ലെടുത്തുപിടിച്ചു നടന്നുതുടങ്ങി
ലന്തക്കുഴലും തോളിലെടുത്തൊരു
കുന്തക്കാരണിയിട്ടു തുടങ്ങി ;
കാപ്പിരിയെന്നൊരു ഭാഷപറഞ്ഞു
കലശലൊരേടത്തങ്ങു തുടങ്ങി:
'കണ്ടച്ചാരേ ! ക്രവാതന്നുടെ
കയ്യിലൊരായുധമില്ലാത്തെന്ത്യേ
ഞെണ്ടക്കായ്മിനിക്ക് പിണഞ്ഞതു
ജ്യേഷ്ഠാ താനതു ബോധിച്ചില്ലേ
നമ്മുടെ വീട്ടിൽ പത്തു പണത്തിനു
ചൊവ്വുള്ളതുമില്ലൊക്കെ നശിച്ചു
അമ്മ മരിച്ചേപ്പിന്നൊക്കായ്കം
അമ്മാവൻ ക്ലേശിച്ചു തുടങ്ങി
അമ്മായിക്കും മക്കൾക്കും പുന-
രുമ്മാനു മടപ്പാനും വെററില
തിന്മാനും തേപ്പാനും പുനര-
ങ്ങമ്മാത്രം തീപ്പിപ്പാനും
അമ്മുതലെല്ലാം ചിലവിട്ടിപ്പോൾ
ഉമ്മാനും വകയില്ലാതാക്കി

അമ്മാപാപി കടം കൊണ്ടതുമിഹ
നമ്മാലോർത്താൽ പോകുക വിഷമം
ഗണപതിപട്ടക്കുവെച്ചു പണവും
പലിശയുമങ്ങു കൊടുപ്പാനുണ്ടു്.
പണമില്ലാഞ്ഞിട്ടിന്നുടെ കന്തം
പണയംവച്ചു പലിശ കൊടുപ്പാൻ
കേളിപെരുത്തൊരു കന്യാമണിയുടെ
വേളിക്കോളമെഴുന്നള്ളുന്നു.
ആയതു കേട്ടവർ കേട്ടവരെല്ലാം
ആയുധമേന്തി നടന്നു തുടങ്ങി
ആയുധമില്ല നമുക്കെന്നുള്ളതു
നായന്മാർക്കു പറഞ്ഞീടാമോ
ആയതുമൂലം മിണ്ടാതെ ഞാൻ
കൈയും വീശിക്കൊണ്ടു തിരിച്ചു
കേട്ടോ താനാകന്യകയെപ്പോയ്
വേട്ടോ നമ്മുടെ സ്വാമിയുമിപ്പോൾ ?
നമ്മുടെ സ്വാമിക്കവളെ ലഭിപ്പാൻ
കമ്മമതില്ല തനിക്കെന്തറിയാം
നമ്മുടെ രാജാവെന്തൊരു കാര്യം
നമ്മളെയൊക്കെ സ്വരൂപിക്കുന്നു
മാല കഴുത്തേലേററ നൃപൻെറ
മൂലവിനാശം ചെയ്യതിനിപ്പോൾ
നാലംബുധിയുടെ നടുവിലിയന്നൊരു
നായന്മാരവരൊക്കെ മുതിർന്നു
ആയതുപാരം നിർമ്മരിയാദം
ആയവനെന്തു പിഴച്ചു നരേന്ദ്ര-
ക്കായവൾതന്നെ വരിപ്പാൻ ചെന്നാൽ
ആയതുപേക്ഷിച്ചിടുകയുണ്ടോ !
ആയിരമൻപതു കോടിനൃപന്മാർ
ആയവളൊരുവളെ മോഹിച്ചെന്നാൽ
ആയവളെങ്ങനെ വേണ്ടു ദേഹം
കണ്ടിച്ചെല്ലാം വിളമ്പിക്കെന്നോ ?
മെല്ലെപ്പറക നൃപന്മാർ കേട്ടാൽ
കൊല്ലുംതന്നൊ താമസിയാതെ
മല്ലവിലോചനമാരെ കാമി-
ച്ചുള്ളമലിഞ്ഞുഴലുന്ന നൃപന്മാർ-

ക്കുള്ളിൽ വിചാരം ചെല്ലുകയില്ല
അല്ലേ താനതറിഞ്ഞിട്ടില്ലേ
വല്ലതുമവിടൊരുപായമതുണ്ടോ ?
ചെല്ലണമീജനമെന്നോ വേണ്ടു
പടയിൽചെന്നു മരിപ്പാനൊട്ടും
മടിയില്ലങ്ങതു ബോധിച്ചാലും
ഇടയില്ലാതെ കഥിക്കയുമല്ലി-
പ്പടഭാവിച്ചതു ചിതമല്ലിപ്പോൾ
ഒരു പെൺകൊടിയിൽ കൊതികൊണ്ടൊരു വക
നിരൂപണമില്ലാതുള്ള നൃപന്മാർ
നരപതി ഭീമനുകുററമതാക്കിയ-
തൊരുവൻ കേട്ടാലാന കളിക്കും
അങ്ങാടികളിൽ തോലിപിണഞ്ഞാൽ
അമ്മയൊടപ്രിയമെന്നതുപോലെ
ചെങ്ങാതികടെ ജളത്വമതിങ്ങനെ
എങ്ങാനുണ്ടോ പണ്ടുളവായി?
ഇത്തരമോരോ വാക്കുപറഞ്ഞവർ
എത്തിനിറഞ്ഞിതു നായന്മാരും
സത്വരമനവധി നൃപതികൾ കുണ്ഡിന-
പത്തനമൊക്കെയടിച്ചു തകർപ്പാൻ
വട്ടംകൂട്ടിയ വാർത്തകളൻപൊടു
കേട്ടുമഹീപതി ഭീമൻ നളനും
എന്തിഹ സമുചിതമെന്നു മനസ്സിൽ
ചിന്തിച്ചവിടെ വസിച്ചീടുമ്പോൾ
ഭാരതവംശാധിപനാം നളനൊടു
ഭാരതി ഭഗവതിയരുളിച്ചെയ്തു :
"വീരനൃപകുല മകുടമണേ! തവ
ധീരതകൊണ്ടു ശമിക്കുമനൎത്ഥം
നൃപതി ജനങ്ങടെ കലഹാരംഭം
സപദി ശമിപ്പാനുണ്ടൊരുപായം
വിപദമൊഴിപ്പാനിന്ദ്രാണിക്കൊരു
വിരുതുണ്ടവളെ സ്സേവിക്കേണം.

ഇന്ദ്രന്റെ ഭാൎയ്യയാകുമിന്ദ്രാണി ദേവിയെനാ-
രേന്ദ്ര! ഭവാൻ മനസ്സിൽ നന്നായി ഭജിച്ചാലും
എന്നാലുടനേതന്നെ നന്നായിവരും ഭവാ-"
നെന്നങ്ങരുളിച്ചെയ്തു മന്ദം മറഞ്ഞുദേവി

എന്നുള്ളരുളപ്പാട്ടുകേട്ടു നരേന്ദ്രന്മാരും
ചെന്നു കുളിച്ചുവേഗം വന്നുപുലോമജയെ
പുഷ്പങ്ങൾ കൊണ്ടുവന്നു പൂജിച്ചു വിധിയോടെ
നിഷ്പന്നഭാവത്തോടെ നിന്നുസ്തുതി തുടങ്ങി:

"വന്ദേഹം ദേവി വന്ദേഹം ദേവി!
സന്ദേഹം കൂടാതെയെന്നെ
സന്തോഷിപ്പിക്കേണം
ദേവീസങ്കടം ദേവീസങ്കടം നമുക്കിഹ
ശങ്കയൊഴിച്ചു നിൻകടാക്ഷമേ ഗതി
ഭൂപന്മാർ ബദ്ധകോപന്മാർ
ഭൂപാലന് ഭീമന്റെ നാട്ടിൽ
ആപത്തു വരുത്തീടാതെ
കലഹഭാവ കലുഷഭാവ മൻപൊട്ടു ശമയ ദേവി
ശതമഖപ്രിയേ! തവ കരുണവേണം (വന്ദേഹം

ദുർല്ലഭേ ശക്രവല്ലഭേ!
വല്ലാതേ നൃപന്മാർ നമ്മെ
വെല്ലാതെ ശമിപ്പതിന്നു
കല്യാണം നിശ കല്യാണി
കല്യാണം മുടങ്ങീടാതെ
കല്യേ നീ കാത്തരുളേണം
കമലലോചനേ ശമലമോചനേ!
തവ കരുണവേണം അരുണപല്ലവാധരി
കല്യാണം ദിശിദിശി! കല്യാണീ!
വന്ദേഹം ദേവി വന്ദേഹം ദേവി."

ജംഭാന്തകന്റെ വല്ലഭ തന്നുടെ
സംഭാവനകൊണ്ടഖില നൃപാണാം
ജൃംഭിതകോപ വികാരമശേഷം
സാംപ്രത മൻപൊടു സംഭൃതമോദാൽ
സംഭ്രമമാശു ശമിച്ചു നൃപന്മാർ
സംപ്രതിവന്നു സുഖേന പറഞ്ഞു:
"എന്തുപിഴച്ചു ഭീമനരേന്ദ്രൻ?
എന്തുപിഴച്ചു മഹാമതി നളനും?
എന്തിക്കുവലയ ദളമിഴിയാം ദമ-
യന്തിക്കും പുനരപരാധമെന്തോ!
മാച്ചില നമ്മുടെ നിർഭാഗ്യത്തെ

മാററിക്കൊൾവാനാർക്കെളുതാവൂ ?
പോററിക്കും കൃപയില്ലിനി നമ്മെ
മാററികളാകിന ഭൂപതിമാരിൽ
നൂററിലൊരുത്തനു തോന്നിയതല്ലി-
ങ്ങോഷ്ഠികൾ കാട്ടരുതെന്നു മനസ്സിൽ
നീററിൽ നടക്കും മുതലകൾ പോലെ
ചീററിയടുപ്പാനെന്തവകാശം ?
നളിനശശീമുഖ സന്നിഭനാകിയ
നളനൃപവരനെക്കണ്ടാൽ നല്ലൊരു
കളമൊഴി കുലമണി മററൊരു നൃപനുടെ
ഗളമതിൽ മാല നിബന്ധിപ്പവളോ !
പലനൃവരന്മാരുണ്ടെങ്കിലുമിഹ
നളനൊടു തുല്യനൊരുത്തനുമില്ല
തെളിവൊടുമവനെ വരിച്ചില്ലെങ്കിൽ
കളമൃദുമൊഴിയാൾക്കൊരുവക തിരിവി-
ല്ലെന്നൊരു കുറവു ഭവിച്ചേനേ അയു
വനില്ലവളുടെ ഭംഗ്യവിശേഷാൽ"
നളനെത്തന്നെയസംഗതമിങ്ങിനെ
നരവരവൃന്ദമശേഷവുമപ്പോൾ
തെളിവൊടുവാഴ്ത്തി സ്തുതിചെയ്യുന്നായു
നരപതി ഭീമൻ കേട്ടതിമോദാൽ
പൌലോമിയുടെ കൃപാബലമത്ഭുത-
മാലോകിതമിതി മനസ്സിലുറച്ചു
കാലോചിത മാമുപചാരത്തെ
കനിവൊടു ചെയ്തുതുടങ്ങി നരേന്ദ്രൻ
സ്വർണ്ണാഭരണം രത്നാഭരണം
കുണ്ഡലവും കങ്കണവും തോൽവള
കാഞ്ചിദുകൂലം തരിവള പിരിവള
കാഞ്ചനകുംഭം കനകഛത്രം
പൃഞ്ചേലകളും കുപ്പായം ബഹു-
വാഞ്ഛിതമൊക്കും പല്ലക്കുകളും
അനവധിപണവും മണിഗണവും ബഹു
കനകപ്പൊടിയും വാരിക്കോരി
ധനപതി സകല നരേന്ദ്രന്മാർക്കും
കനിവൊടു ഝടിതി കൊടുത്തുതുടങ്ങി
ദമയന്തിയുടെ സഖിമാരുണ്ടവർ

കമനീയാംഗികൾ കോടിസഹസ്രം
ഓരോരോ നരവീരന്മാർക്കതിൽ
ഓരോ സഖിമാരെ പ്രത്യക്ഷം
ആരോമൽ കനിവോടു കൊടുത്താൻ
ധീരോദാത്തൻ ഭീമനരേന്ദ്രൻ
ദമയന്തിക്കു സമാനമതാകിയ
കന്യാരത്നം കിട്ടുകമൂലം
പ്രമുദിതഹൃദയന്മാരായ് നൃപതികൾ
സമമഥയാത്ര പറഞ്ഞു തിരിച്ചു
കല്യാണിയതാം ദമസോദരിയുടെ
കല്യാണോത്സവ കോലാഹലമഥ
നല്ലമുഹൂർത്തേ നലമൊടുചെയ്‌വാൻ
ഉല്ലാസേനതുടങ്ങി നരേന്ദ്രൻ.

---

# സഭാപ്രവേശം

[ പറയൻതുള്ളൽ ]

നമസ്തേ വിഘ്നരാജാവേ! നമസ്തേ വിശ്രുതാത്മാവേ!
നമസ്തേ വിശ്വധാതാവേ! നമസ്തേ വൈരിജേതാവേ!
നമസ്തേ പാർവതീനാഥ! നമസ്തേ ജാനകീനാഥ!
നമസ്തേ ഭാരതീനാഥ! നമസ്തേ ഭാർഗ്ഗവീനാഥ!
നരലോകോത്തമൻ ധാത്രീസുരലോകാധിപനെന്റെ
ഗുരുനാഥൻ ഗുണാംഭോധി കരുണാശീതളസ്വാന്തൻ
പരിചോടെൻ മനക്കാമ്പിൽ പരിശോഭിച്ചരുളേണം
പരമാനന്ദമൂർത്തേ! തേ പാദപത്മേ വണങ്ങുന്നേൻ.
കുറവില്ലാത്തൊരു കിള്ളിക്കുറിശ്ശി ശ്രീമഹാദേവൻ
കുറവെന്യേ മനോരംഗേ നിറമോടേ വിളങ്ങേണം.
അറിഞ്ഞൊരു കഥാഭാഗം കുറഞ്ഞൊന്നിസ്സഭതന്നിൽ
പറഞ്ഞുപോരുവാനായ് ഞാനുറഞ്ഞുവന്നിഹ കേറി.
നിറഞ്ഞുള്ളന്തണന്മാർ വന്നിരിക്കുന്ന സമക്ഷത്തു
പറഞ്ഞുകൊൾകയും പാരം വിഷമമെന്നതേ വേണ്ടു.
പറയന്റെ കുലംതന്നിൽ പിറന്നുള്ളോരടിയങ്ങൾ
പറയുന്ന പരമാർത്ഥമറിയുന്നു ജനം തുച്ഛം.
പറയിപെറ്റുളനാം പാക്കനാരെന്നു പുകഴ്ന്നൊരു
പറയപ്രൗഢനെക്കേട്ടാലറിയാത്താരുമില്ലിപ്പോൾ.
മറകൾ നാലിലുമുള്ള മതമെല്ലാമവന്നുള്ളിൽ
മറക്കൂടാതിയലുന്നു, മറവിയും തരിമ്പില്ല.
കുറുപ്പത്തിലൊരുമാർഗ്ഗമുറപ്പിച്ചു മനക്കാമ്പിൽ
ചെറുപ്പത്തിൽ പഠിച്ചതു നിരപ്പോടേ പറഞ്ഞീടാം.
അറപ്പുവിട്ടടിയങ്ങളറിയിക്കുന്നതു കേട്ടാൽ
ചെറുപ്പക്കാർക്കൊരുപന്തി വെറുപ്പുണ്ടായ്‌വരുമെന്നാൽ
കറുത്തഭാവവുംപൂണ്ടു മറുത്തുവന്നുടൻ നമ്മെ
പുറത്തുമാറുവാൻ ചാടിപ്പുറപ്പെട്ടെങ്കിലും ഞങ്ങൾ
തരിമ്പുമാറുകയില്ലെന്നറിഞ്ഞുകൊൾകെടോ മാറ്റം
തരംപോലെ പ്രയോഗിപ്പാനൊരുമ്പെട്ടു പുറപ്പെട്ടു.

കരിമ്പുവില്ലനെച്ചുട്ടുകരിച്ചോരീശ്വരൻ നല്ലോ-
രിരിമ്പുങ്കട്ടപോലുള്ളിലുറച്ചു വാണരുളുന്നു.
പരംപൂർണ്ണം പരബ്രഹ്മസ്വരൂപം പാവനാകാരം
ചിരം പാലിച്ചരുളേണം ചിന്മയാത്മൻ നമസ്കാരം.

തിരുവനന്തപുരേ വിളങ്ങിന പത്മനാഭ നമോസ്തുതേ
തരുണജലധരനികരതുലിതകളേബരായ നമോസ്തുതേ
അരുണപങ്കജകോമളായതലോചനായ നമോസ്തുതേ
ചരണസരസിജയുഗളനിപതിതനിഖിലദേവ നമോസ്തുതേ
ഉന്നതോരുകിരീടകുണ്ഡലമണ്ഡനായ നമോസ്തുതേ
ഉരഗവരമയശയന ! ജയജയ നളിനനാഭ ! നമോസ്തുതേ
ഇന്ദിരാമണിമന്ദിരാമല സുന്ദരാംഗ നമോസ്തുതേ
ഇരവുപകലഹമജിതതവ തനുചിന്തയാമി നമോസ്തുതേ

• വഞ്ചിരാജകുലോത്തമൻ കുലശേഖരപ്പെരുമാളഹോ
വടിവിലടിയനുവിനകളൊഴിവതിനാശ്രയം പരമാശ്രയം.
സഞ്ചിതാഖിലധൎമ്മകൎമ്മസുനിൎമ്മലാത്ഭുതപൌരുഷൻ
സകലരിപുകുലശലഭദഹനമഹാനുഭാവസുപൂരുഷൻ
വിക്രമാതിശയങ്ങൾകൊണ്ടരിനൃപതിരാജ്യമശേഷമേ
ആക്രമിച്ചുടനാകവേ പരിപാലനേന മഹോത്സവം
ശക്രലോകസമാനമാക്കി വരുത്തിവാണരുളീടിനാൻ
അർക്കതുല്യഭുജപ്രതാപനശേഷഗുണനിധിപാത്രമാം.
പാക്കനാരുടെ വംശലേശമതിൽ പിറന്നവനേഷ ഞാൻ
വാക്കിനാരൊട്ടുമെത്തിനേർത്തു മടങ്ങി മാറുകയില്ലെടോ
തീക്കനൽക്കു മടക്കമില്ല വനങ്ങൾ ഭസ്മമതാക്കുവാൻ
നീക്കമില്ല നിരപ്പിലുള്ള കവിപ്രബന്ധമതോത്തുവാൻ.
മറുവശത്തു വരുന്നവൻെറ മനസ്സിലുള്ളൊരു തള്ളലും
മറിവുമവനുടെ നെറിവുമൊരുവിധമറിവുമൊരുവക തുള്ളലും
പറയനോട്ട ഫലിക്കയില്ലിതു പറകയല്ലറിയാമുടൻ
കുറവു വരുവതിനെന്തു സംഗതി ഗുരുജനങ്ങളിരിക്കവേ.
സൽകവിപ്രവരൻ ചമച്ച കവിപ്രബന്ധനിബന്ധനം
തസ്കരിച്ചു വലിച്ചുകെട്ടിയ കഷ്ടിപിഷ്ടി കവിത്തരം
ദുഷ്ക്കവിക്കൊരു നാണമില്ലതു ചൊല്ലുവാനിഹ വല്ലതും
ശുഷ്കബുദ്ധികളെന്തറിഞ്ഞു പറഞ്ഞതൊക്കെ വൃഥാഫലം.
മധുരമാകിന പഞ്ചതാരയിൽ വേപ്പിലപ്പൊടികൂട്ടിയാൽ
വിധുരമായ്‌വരുമാരുമങ്ങു ഭുജിക്കയില്ലതു നിർണ്ണയം.
കൈതകുറമൊഴി മുല്ലമാലതിമാലതന്നിലിടയ്ക്കിടെ
കൂവളക്കുസുമങ്ങൾചേർത്ത കണക്കിനേ കവികെട്ടിയാൽ

നല്ല പരിമളമുള്ളതൊക്കെ മറിച്ചു ദുഷ്ടമതായ്‌വരും
തെല്ലു സംശയമില്ല ദുഷ്കവി വാക്കുകൾക്കതുതാനുമേ.
സജ്ജനത്തിനു സംസ്കൃതക്കവികേൾക്ക കൗതുകമെങ്കിലും
ദുർജ്ജനത്തിനതിങ്കലൊരു രസമേതുമില്ലിതുകാരണം
ഭടജനങ്ങടെ സഭയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ.
കടുപടെപ്പടുകഠിനസംസ്കൃതവികടകടുകവികേറിയാൽ
ഭടജനങ്ങൾ ധരിക്കയില്ല തിരിക്കുമൊക്കെയുമേറവടൻ.
ഭാഷയേറി വരുന്ന നല്ല മണിപ്രവാളമതെങ്കിലോ
ദൂഷണം വരുവാനുമില്ല വിശേഷഭൂഷണമായ്‌വരും ;
വേഷസംഗതിയോടുചേർന്നൊരു ഭാഷവേണമതെങ്കിലേ
ശേഷമുള്ള ജനത്തിനും പരിതോഷമെന്നു വരൂ ദൃഢം.
ഘോരമാകിന ദുരിതജലധികടന്നു മറുകര പററുവാൻ
ഭാരതം കഥസാരമെന്നു ധരിച്ചുകൊൾക മഹാജനം.
വീരനായ സുയോധനന്റെ സഭാപ്രവേശവിഡംബനം
കാരണേന ഭവിച്ചവാർത്ത ചുരുക്കിയൊന്നിഹ ചൊല്ലുവൻ.

മാതുരംബികേ നിന്മെയ് പാർത്തുഞാൻ വണങ്ങുന്നേൻ
ആർത്തികളൊഴിച്ചെന്നെക്കാത്തീടേണമേ ദേവി.
ക്ഷോണിമണ്ഡലംതന്നിലൊക്കവേ പുകഴ്‌ന്നൊരു
ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ
ക്ഷീണമെന്നിയേ കാത്തീടേണമിപ്പരിഷയ്ക്കു
പ്രാണപഞ്ചകത്തിന്റെ ത്രാണത്തിനനുകൂലൻ
ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്‌ന്നോരു
ശ്രീചാരുസ്വരൂപന്റെ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കൂപ്പിക്കവിചൊൽവാൻ തുടങ്ങുന്നേൻ.
വാചാവർണ്ണനം ചെയ്‌വാൻ വശമില്ലെങ്കിലുമെന്റെ
ദേശികേശ്വരൻ തന്റെ ദയകൊണ്ടു കുറഞ്ഞൊന്നു
ക്ലേശിച്ചാലൊരുമാർഗ്ഗം വരുമെന്നാഗ്രഹംമൂലം
കേവലപ്രിയന്മാരാം പാണ്ഡവരുടെ വൃത്തം
കേവലമൊരുഭാഗം കഥിക്കുന്നു ബുധന്മാരേ !
സോമവംശാംബുധിചന്ദ്രൻ ധർമ്മരാജൻ മഹാരാജൻ
ഭീമസേനാർജ്ജുനന്മാരും ആശ്വിനേയാത്മജന്മാരും
കാമിനിമാർമണി പാഞ്ചാലിയും പിന്നെ സുഭദ്രയും
ശ്രീമതിയാകിന കുന്തീദേവിയും തൽസഖിമാരും
വാസവപ്രസ്ഥമെന്നുള്ള വാസഗേഹേ വഴിപോലെ
വാസസൗഖ്യോദയത്തോടെ രമിച്ചു മേവിനകാലം

വാസവന്റെ പുത്രനായോരർജ്ജുനൻ വാണിരിക്കുന്ന
വാസഗേഹേ വന്നു കൂപ്പി മയനാം ദാനവശ്രേഷ്ഠൻ.
"സ്വാഗതം! ദാനവാശാരിപ്പണിക്കൻ നമ്മുടെ മുമ്പിൽ
ആഗമിച്ചീടുവാനെന്തു കാരണം കൗശലക്കാരാ?
വേഗമോടിങ്ങനെ നിന്നെക്കണ്ടുകൊൾവാനെനിക്കിപ്പോൾ
യോഗമുണ്ടായതുമെന്റെ ഭാഗധേയോദയംതന്നെ"
അപ്രകാരം ഫൽഗുനന്റെ വാക്കുകേട്ടു പ്രസാദിച്ചു
ശില്പിവീരൻ മയൻ മെല്ലെ ചൊല്ലിനാനാദരവോടെ:
"അപ്രമേയപ്രഭാവശ്രീ മന്ദിര! സുന്ദരാകാരാ!
ത്വൽപ്രസാദംകൊണ്ടു ജീവിച്ചീടിനേനേഷ ഞാൻ പാർത്ഥാ!
ഖാണ്ഡവം കാനനം പാടേ ചുട്ടെരിച്ചില്ലയോ മുന്നം
പാണ്ഡവാ! ഫൽഗുനാ! നീയും പങ്കജാക്ഷൻ ഭഗവാനും?
ഗാണ്ഡീവം ചാപവും തേരും ലഭിച്ചു നീ വാസവന്റെ
താണ്ഡവാഡംബരാടോപം ശമിപ്പിച്ചില്ലയോ വീരാ?
ചക്രവുംകൊണ്ടുടൻ നമ്മെക്കൊല്ലുവാനായണഞ്ഞോരു
ചക്രപാണി ഭഗവാന്റെ തൃക്കഴല്ക്കു വണങ്ങിത്തൻ-
പ്രക്രമത്തെ ശമിപ്പിച്ചു തൽക്കനിവുമുളവാക്കി
ശീഘ്രമെന്നെക്കാത്തുരക്ഷിച്ചില്ലയോ നീ മഹാത്മാവേ?
അന്നുചെയ്തോരുപകാരത്തിന്നു ഞാൻ പ്രത്യുപകാരം
എന്നുചെയ്‌വാൻ മതിയാമെന്നുള്ളഭാവം നമുക്കില്ല.
ആനവിറ്റു പണമുണ്ടാക്കുന്നവരെ തെളിയിപ്പാൻ
ചേനവിറ്റു പൊറുക്കുന്ന ചങ്ങാതി മതിയാമോ?
പൊന്നുവാരിക്കൊടുക്കുന്ന ധനികന്മാർക്കൊരു കാക്ക-
പ്പൊന്നുമാത്രം കാഴ്ചവച്ചു പ്രസാദത്തെ വരുത്താമോ?
പ്രാണദാനംചെയ്തവന്നുപകരമൊന്നുപകാരം
വേണമെന്നു നിരൂപിച്ചാലിങ്ങു സാധിക്കുമോ പാർത്ഥാ?
കാണമൊന്നും കൊതിച്ചീട്ടല്ലുത്തമന്മാരഹോ ദീന-
ത്രാണമെന്നുള്ള ധർമ്മത്തെത്താനറിഞ്ഞാചരിക്കുന്നു.
ഇക്ഷിതിമണ്ഡലേ മേവുന്നോരു വേഴാമ്പലെന്നുള്ള
പക്ഷികൾക്കു വഴിപോലെ മാരികോരിച്ചൊരിഞ്ഞാശു
കുക്ഷിപൂർത്തി വരുത്തീടുന്നില്ലയോ വാരിവാഹങ്ങൾ
രക്ഷചെയ്യും ജനത്തിന്റെ ലക്ഷണമങ്ങനേയുള്ളു.
സജ്ജനങ്ങൾക്കുപകാരമൊന്നു ചെയ്‌വാൻ നിരൂപിച്ചാ-
ലിജ്ജനങ്ങൾക്കതു സാധിച്ചീടുവാൻ ശക്തിയില്ലല്ലോ.
ദുർജ്ജനങ്ങൾക്കുപകാരം ദൂഷണത്തിന്നൊരു മാർഗ്ഗം
അർജ്ജുനാ, കേൾ ഭവാനെല്ലാമറിഞ്ഞോരു ദേഹമല്ലോ.

പാമ്പിന്നു പാൽ കൊടുത്തോനെ പാഞ്ഞുവന്നു കടിക്കുടും
ചെമ്പിന്നു നെയ്യൊഴിച്ചാകിൽ ചൊറിഞ്ഞു കൂട്ടുവാൻ മേലാ.
ഇഷ്ടമാടിക്കനിഞ്ഞു ചോറിട്ടകൈക്കു കടിക്കുന്ന
പട്ടികൾക്കു കൊടുക്കുന്ന യഷ്ടികൾക്കു നമസ്കാരം.
കൂട്ടിലാക്കി പ്പലനാളും പട്ടിണിയായ് കിടക്കുന്ന
കാട്ടുപുള്ളിക്കടുവായെ പാട്ടിലാക്കാനിരകൊണ്ടു
നീട്ടിയൊരു കൈക്കുകേറി കടിക്കുമങ്ങനെയുള്ള
ക്രൂട്ടമൊന്നുമൊരുനാളും വിശ്വസിപ്പാൻ പാത്രമല്ല.
കാട്ടിലുള്ള കടുവായെക്കാട്ടിലേററം കശ്മലന്മാർ
നാട്ടിലുള്ള നരന്മാരും നാലുമൂന്നല്ലൊരുലക്ഷം.
വീട്ടിലുള്ള മുതലെല്ലാം വിററതിന്നു കടങ്കൊണ്ടു
വീട്ടുവാനും വകയില്ലാഞ്ഞൊളിഞ്ഞു കാനനംപുക്കു
വാട്ടമററു പുറപ്പെട്ടു രാത്രിയിൽ മെല്ലവേ ചെന്നു
നാട്ടകത്തു നടന്നോരോ രാജഭണ്ഡാരവും മററും
കട്ടുകൊണ്ടു തിരിക്കുന്നു കണ്ടറിഞ്ഞ ജനത്തോടു
വെട്ടുകൊണ്ടു മരിക്കുന്നു തസ്കരന്മാർ; ഇവ്യവസ്ഥ
കണ്ടുനിൽക്കുന്നവൻതന്നെ കള്ളനായി പുറപ്പെട്ടു
കണ്ടദിക്കിൽ ചെന്നു കപ്പാനായവന്നു ഭയമില്ല
കണ്ടകന്മാർക്കൊരുനാണം കണികാണാൻപോലുമില്ല
കണ്ടുകൊൾകർജ്ജുനാ! കാലത്തിന്റെയോരോ വിശേഷങ്ങൾ.

കണ്ടാലുമറിയാത്ത കള്ളന്മാർ തലയ്ക്കിട്ടു
കൊണ്ടാലുമറികയില്ലുണ്ടാകുമബദ്ധങ്ങൾ.
രക്ഷിപ്പാനധികാരിയായുള്ള യജമാനൻ
ഭക്ഷിപ്പാൻ പുറപ്പെട്ടാലക്കാലം പ്രജകൾക്കു
ഉമ്മാനുമുടുപ്പാനും തേപ്പാനും വകയില്ലാ-
ഞ്ഞെങ്ങാനും പുറപ്പെട്ടു പൊയ്ക്കൊൾകെന്നതേയുള്ളു.
പണ്ടങ്ങു കിഴവന്മാർ കൊണ്ടങ്ങു കൃഷിചെയ്യും
കണ്ടങ്ങൾ പ്രഭുക്കന്മാർ കണ്ടങ്ങെഴുതിക്കൊണ്ടാൽ
ഉണ്ടങ്ങു പൊറുക്കുന്നോരുണ്ടാമോ, വിചാരിച്ചു
കണ്ടാലും കുരുക്കൾക്കു വേണ്ടുന്ന തൊഴിലല്ലാ.
കർണ്ണനും ശകുനിയും കാര്യക്കാരവർ ചെന്നു
കർണ്ണത്തിലുപദേശം ചെയ്യുന്ന വിധമെല്ലാം
വർണ്ണിച്ചു വസിക്കുന്നു വൈരിയാം സുയോധനൻ
കണ്ണില്ലാജ്ജനകന്നു കാര്യക്ലേശവുമില്ല
ഉണ്ണികൾ പറയുന്നതൊക്കെയും പരമാർത്ഥം
ഉണ്ണൊല്ല പിതാവെന്നു പറഞ്ഞെങ്കിലതും കേൾക്കും.

തൊണ്ണൂറുമൊരുപത്തും മക്കൾക്കു മനക്കാമ്പിൽ
തോന്നുന്ന തൊഴിലെല്ലാം തോപ്പനാർക്കനുവാദം.
കണ്ണും ദിക്കുമില്ലാത്ത കിഴവച്ഛാരുടെ വായിൽ
മണ്ണുചേർക്കുമിക്കൂട്ടമെന്നു നമ്മുടെ പക്ഷം.
എണ്ണങ്ങൾ വളരെയുണ്ടാകുമ്പോളവർക്കെല്ലാം
പെണ്ണുങ്ങളഞ്ചുമെട്ടും പ്രത്യേകമുണ്ടുപോലും!
അണ്ണന്റെ കളത്രമേതനുജന്റെ കളത്രമേ-
തെന്നുള്ള വിഭാഗങ്ങളവിടെ കാൺകയില്ലിപ്പോൾ.
എണ്ണയ്ക്കുമുടപ്പാനുമുണ്മാനുമവർക്കെല്ലാ-
മെന്നേയ്ക്കും മുടങ്ങാതെ ചെലവിട്ടു മുടിക്കുന്ന
പൊണ്ണന്മാരുടെ നാടും നഗരവും നശിക്കുമീ-
വണ്ണം ധ്വംസനം ചെയ്യാലെന്നു ബോധമില്ലാർക്കും.
നാട്ടുവാഴികളെണ്ണമേറുമ്പോളവർ തന്റെ
നാട്ടു പാഴിലാക്കിട്ടുമന്യോന്യം കലഹിക്കും.
‘ഞാനത്രേ യജമാനൻ ഞാനത്രേ യജമാനൻ
താനത്ര തെളിയാതങ്ങടങ്ങിപ്പാർത്തു കൊണ്ടാലും’
ചേട്ടനേക്കാൾ നമുക്കത്രേ ശ്രേഷ്ഠഭാവമെന്നൊരുത്തൻ
ചേട്ടകൾക്കു ഗുരുത്വമെന്നുള്ളതീ നൂറവർക്കില്ലാ.
നൂറു കുഞ്ഞുങ്ങളെത്തീറ്റിവളർത്തോരച്ഛനെപ്പോലും
ക്രൂരതെല്ലുമവർക്കില്ലാ കുറ്റമുണ്ടാക്കുകേയുള്ളു.
ചോറു കാലത്തു കിട്ടാഞ്ഞാലച്ഛനോടുമമ്മയോടും
ചീറുമെന്നല്ലപരാധം നൂറുകൂട്ടമുളവാക്കും.
അക്ഷരജ്ഞാനവുമില്ല ആയുധാഭ്യാസവുമില്ലാ
രക്ഷശിക്ഷാദികളില്ലാ രാജ്യസംസാരവുമില്ല
വീര്യമില്ലാ വിദ്യയില്ലാ കാര്യമില്ലാ ബോധമില്ല
ഭക്തിയില്ലാ ശൌര്യമില്ലാ ശക്തിയില്ലാ ധൈര്യമില്ലാ
ധർമ്മമില്ലാ സത്യമില്ലാ സാരമില്ലാ കൃത്യമില്ലാ
കീർത്തിയില്ലാ തത്വമില്ലാ താഴ്മയില്ലാ സത്വമില്ലാ
സാരമില്ലാ നേരുമില്ലാ നെറിയില്ലാ ചേരുകില്ലാ
പേരുകേട്ടാലതും പാരം കഷ്ടമെന്നേ പറയാവൂ!
ദുർമ്മുഖൻ, ദൂഷണൻ, ദുശ്ശാസനൻ, ദുശ്ശേശ്വരൻ പിന്നെ
ദുർമ്മദൻ, ദുർദ്രമൻ, ദുർമ്മർഷണൻ, ദുർധർഷണൻ താനും
ദുർമ്മതി, ദുർഗ്ഗതി, ദുർമ്മേധാവഹോ നല്ല ദുർബുദ്ധി.
ദുശ്ശാൻ, ദുർഭഗൻ, ദുര്യോധനൻ തന്റെ സോദരന്മാർ.
ദുശ്ശള എന്നൊരു പെണ്ണുണ്ടിവർക്കു പെങ്ങളായിട്ടു
വിശ്വസിപ്പാനൊരമ്മാമൻ താനുമുണ്ടു മഹാപാപി-

അശ്ശകുനി കുസൃതികൾ നല്ലപാത്രമജ്ജനത്തെ
ദുശ്ശകുനമെന്നപോലെ ദൂരവേസന്ത്യജിക്കേണം.

എന്തിനിത്ര പറഞ്ഞുദാനവനെന്തു സംഗതി എന്നു നീ
ചിന്തിയാത്തവനല്ല നിങ്ങടെ ബന്ധു ദാനസുരൻമയൻ
കുന്തിതന്റെ മക്കളിൽ കനിവുണ്ടെനിക്കതു കാരണാ-
ലന്തികേ തവ വന്ന വൈരികളെ ദുഷിക്കയുമല്ലെടോ.
ദന്തിമന്ദിരവാസിയായ സുയോധനാദികളോടഹോ
സന്ധിചേർന്നു വസിപ്പതിന്നു കൊതിക്കവേണ്ട ധനഞ്ജയ!
ദന്തിരഥതുരഗാദിപടയുടെ വടിവുകൂട്ടി വസിക്കണം
ബന്ധമെന്നിയെ ഝടിതി ചതിപടക്കൂട്ടമരികൾ ധരിക്ക നീ.
കോട്ട, വാട, കിടങ്ങു കൊത്തളമിത്തരങ്ങളുറയ്ക്കണം
കോട്ടമരുതൊരുദിക്കിലും കരുതീട്ടുതന്നെ വസിക്കണം.
ധാർത്തരാഷ്ട്രനസൂയ കൊണ്ടൊരു പൊറുതിയില്ലൊരു നേരവും
ധാത്രിയൊക്കെയടക്കി വാഴ്‌വതിനെത്രതന്നെ ദുരാഗ്രഹം.
അത്രനിങ്ങടെ രാജധാനിവിഭൂതികൾക്ക നിമിത്തമാ-
യെത്രതന്നെയസൂയ നിങ്ങടെ വൈരികൾക്കു ധനഞ്ജയ!
വർത്തമാനമതറിവതിന്നതിഗൂഢചാരജനങ്ങളെ
യാത്രയാക്കിവിട്ടുന്നു പലകുറി ബലകുലോത്തമനാമവൻ.
ശത്രുഭടജനമത്രവരുമവരെച്ചതിപ്പതിനിന്നു ഞാൻ
ചിത്രതരമൊരു ഭവനമുടനുളവാക്കുവാനിഹ വന്നതും.
സ്വർണ്ണരത്നസഭാപ്രവേശവിശേഷമൊന്നിഹ തീർത്തുഞാൻ
കർണ്ണവൈരിയതാം നിനക്കു തരുന്നതുണ്ടു കപിധ്വജ!
കണ്ടുകൊൾക രിപുക്കളിസ്സഭതന്നിൽ വന്നുകരേറുകിൽ
ചെണ്ടകൊട്ടി മറിഞ്ഞുവീണിഹ പല്ലുപോമതു നിശ്ചയം.
കുണ്ടിലൻപൊട്ട വീണുരുണ്ടു വിരണ്ടുഴന്ന രിപുക്കളെ
കണ്ടിരുന്നു ചിരിപ്പതിന്നു തരംവരുത്തുവനേഷ ഞാൻ.”

ഇപ്രകാരം മയൻതന്റെ മതംകേട്ടു മഹാവീരൻ
വിപ്രദേവപ്രിയൻ പാർത്ഥൻ വിസ്മയം പൂണ്ടുരചെയ്തു:
‘തൽപ്രകാരം സഭതീർപ്പാൻ ഭാവമുണ്ടു നിനക്കെങ്കിൽ
മൽപ്രസാദം വഴിപോലെ സംഭവിക്കും മഹാത്മാവേ!
അഗ്രജന്റെ തിരുവുള്ളമറിഞ്ഞുഞാനുരചെയ്യാം.
അത്രനേരമൊരുദിക്കിൽ പാർത്തുകൊൾക മയ വീര!”
ഇത്രമാത്രമുരചെയ്തു ധർമ്മജൻ വാണിരിക്കുന്ന
പത്തനത്തിലകം പുക്കു പാണികൂപ്പി ഗുഡാകേശൻ
വർത്തമാനമുണർത്തിച്ചു കല്പനയുമുളവാക്കി
വർദ്ധകിയെ വിളിച്ചേവം പറഞ്ഞു ഫൽഗുനൻ മെല്ലെ:

“ശില്പിവീര! മയ! നിൻെറ കൌശലത്തിന്നൊത്ത പോലെ
ശില്പമായിട്ടൊരു ചാരുസഭാസ്ഥാനം ചമച്ചാലും.
തൽപുരം തീർപ്പതിന്നുള്ള സാധനങ്ങൾ വേണ്ടതെല്ലാ-
മല്പവും താമസിക്കാതെ കോപ്പുകൂട്ടിത്തരാമിപ്പോൾ.”
എന്നതുകേട്ടുരചെയ്തു ദാനവാശാരിയും മോദാൽ:
“ഒന്നുമിന്നു വിശേഷിച്ചു കോപ്പുകൂട്ടേണ്ടതുമില്ലാ
കല്ലുവേണ്ടാ മരം വേണ്ടാ കല്ലുളി വാച്ചിയും വേണ്ടാ
നെല്ലുവേണ്ടാ പണംവേണ്ടാ തെല്ലുപോലും വ്യയംവേണ്ടാ.
രണ്ടുനാലു ദിവസത്തെ ഭക്ഷണം മാത്രമേ വേണ്ടു
കണ്ടുകൊള്ളാമടിയൻെറ കൌശലങ്ങളിന്നു തന്നെ.
അണ്ടർകോൻനാട്ടിലാശാരിപ്പണിക്കു വിശ്വകർമ്മാവെ-
ന്നുണ്ടൊരു കൌശലക്കാരൻ നല്ല ചിത്രപ്പണിക്കാരൻ
മുന്നമങ്ങേരിവിടത്തിലിന്ദ്രപ്രസ്ഥമെന്നുള്ള
മന്ദിരത്തെയിപ്രകാരം മന്ദമെന്യേ പണിചെയ്തു.
മന്നിലും വിണ്ണിലും പാർത്താലിപ്പുരത്തിന്നൊതിരാകും
മന്ദിരം മന്നവന്മാർക്കില്ലെന്നു ലോകത്രയഖ്യാതം.
അങ്ങനെയുള്ളൊരു രാജധാനീതന്നിലടിയങ്ങൾ
എങ്ങനെ തമ്പുരാന്മാർക്കു പള്ളിമാടം പണിയേണ്ടു?
വാസ്തതെന്നാകിലുമൊന്നു തീർത്തുകാട്ടാൻ കുറവില്ല
ഈശ്വരാനുഗ്രഹംപോലെ സംഭവിക്കുമതേ വേണ്ടു”
സാദരമേവം പറഞ്ഞു മയൻഗുരു
പാദസരോജങ്ങളോർത്തുടനേ
വേദിയന്മാരെ വണങ്ങിമുദാ നാലു
വേദങ്ങളേയും നമസ്കരിച്ചു
കോടാലി കയ്യിലെടുത്തു മെല്ലെയൊട്ടും
കോടാതെ തയ്യത്തിൽ താണുനിന്നു
വാടാതെ കോടാലികൊണ്ടൊരു താമസം
കൂടാതെവെട്ടി മഹീതലത്തിൽ
തെല്ലു പിറകോട്ടു മാറിനിന്നു പത്തു
കല്ലു ജപിച്ചങ്ങെറിഞ്ഞളവേ
മെല്ലെന്നു ഭൂമിപിളർന്നു പുറപ്പെട്ടു
നല്ലൊരു പൊന്മണി മൌലികുംഭം
ഉത്തുംഗഗോപുരശൃംഗങ്ങളും നിന്നു
കത്തുന്ന തീക്കനലെന്നപോലെ
പത്തരമാററുള്ള തങ്കപ്രകാശത്തെ
കുത്തിക്കവർന്ന നിറം കലരും

പത്തനപംക്തി നിരക്കെപ്പുറപ്പെട്ടു
പത്തുദിക്കൊക്കെ പ്രകാശത്തൊടെ
മുത്തും പവിഴം മരതകം മാണിക്ക-
മൊത്തുവിളങ്ങും മതിലുകളും
അച്ഛസ്ഫടികപ്രദേശങ്ങളും പിന്നെ
സ്വച്ഛങ്ങളാകും തടാകങ്ങളും
പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ-
കച്ഛത്തിലുത്തമവൃക്ഷങ്ങളും
ഉച്ചത്തിലുള്ളോരെഴുനിലമാടങ്ങൾ
മെച്ചത്തിൽ മാളികവീഥികളും
മച്ചും മറകളും മാടപ്പുരകളും
മററും പലപല ഗേഹങ്ങളും
കൊട്ടിലും കട്ടിലും മേക്കട്ടിമെത്തകൾ
തട്ടും പതിനെട്ടു കെട്ടുകളും
പട്ടുകൾകൊണ്ടു വിതാനങ്ങളും മണി-
ക്കോട്ടത്തളങ്ങൾ പുറത്തളവും
നാടകശാലകൾ വാടക്കിടങ്ങുകൾ
ഖേടികഖേടികൾ ഹാടകശാലകൾ
പാഠകശാല വിശേഷങ്ങളും
അട്ടങ്ങളും മണിഘട്ടങ്ങളും പല
ചട്ടങ്ങളിങ്ങിനെ ഭംഗിയോടെ
പെട്ടെന്നു വന്നു പ്രകാശിച്ചു, വിസ്മയ-
മൊട്ടല്ല പിട്ടല്ലിതൊന്നുമഹോ !
വെള്ളപ്പളുങ്കു പതിച്ചുള്ള തോട്ടുകൾ
വെള്ളം നിറഞ്ഞു നിൽക്കുന്ന നേരം
ഉള്ളിലെ സ്വച്ഛത കൊണ്ടിപ്രദേശത്തു
വെള്ളമില്ലെന്നു ഭ്രമിച്ചുപോകും
വെള്ളമില്ലാത്ത പ്രദേശങ്ങളിൽ പിന്നെ
വെള്ളം വളരെയുണ്ടെന്നു തോന്നും !
ഉള്ളം ഭ്രമിപ്പിപ്പാനുള്ളവിധം പുന-
രുള്ളതശേഷമവിടെക്കാണാം.
കള്ളം മനക്കാമ്പിലുള്ള ജനത്തിന്റെ
തള്ളലും തുള്ളലും നിർത്തീടുവാൻ
കള്ളപ്രയോഗങ്ങളിങ്ങനെ നിർമ്മിച്ചു ;
കള്ളനേ കള്ളമറിഞ്ഞുകൂടൂ.
ദ്വാരമില്ലാത്തൊരു ഭിത്തികളിൽ പിന്നെ

ദ്വാരമുണ്ടെന്നു ഭ്രമിച്ചുപോകും.
സാരമില്ലാത്ത ജനങ്ങൾ വന്നാലിഹ
പാരമുഴന്നു വലഞ്ഞുപോകും.
പിന്നൊക്കതെക്കുള്ള ദിക്കിൽ കതകുക-
ളില്ലെന്നു ബോധിച്ചു മാറിപ്പോകും.
അന്യത്ര വാതിലെന്നോർത്തങ്ങവിടത്തിൽ
ചെന്നു തലതല്ലി വാങ്ങിപ്പോരും.
കുണ്ടുള്ളദിക്കുകൾ കണ്ടറിയത്തില്ല
കുന്നുള്ള ദിക്കുമവണ്ണം തന്നെ.
പണ്ടുള്ളതൊക്കെ മറിച്ചു കല്പിച്ചതു
കണ്ടു നടക്കേണമെല്ലാവരും.
തണ്ടുതപ്പിത്തരം കാട്ടുന്ന കൂട്ടത്തെ-
ക്കൊണ്ടു തരം കെടുത്തീടുമപ്പോൾ.
കണ്ടകന്മാരെയും കശ്മലന്മാരെയും
ചെണ്ടകൊട്ടിപ്പാനിവണ്ണമാക്കി
കണ്ടവർക്കൊത്താനും വന്നുകരേറുവാൻ
പണ്ടത്തെപ്പോലെയെളുതല്ലിപ്പോൾ.
സ്ഥായിക്കാരന്മാരെ കൂടാതൊരുത്തർക്കും
കോയിക്കൽചെന്നു കരേറിക്കൂടാ.
ഓതിക്കനംപൂരിമാരെങ്കിലുമങ്ങു
ബോധിക്കാതുള്ളിൽ കടപ്പാൻ മേലാ.
നോക്കുന്ന ദിക്കിലെ വാതില്ക്കൽ വാതില്ക്കൽ
തോക്കും പിടിച്ചുള്ള കാവൽക്കാരും
പാർക്കുന്നതുണ്ടതുകൊണ്ടിസ്സഭ തന്നി-
ലാർക്കും കരേറുക സാദ്ധ്യമല്ല.
സർവാധികാരിയക്കാരനെപ്പോലും ത-
ടുപ്പാനവർക്കൊരു ശങ്കയില്ല.
ഗർവാഭിമാനങ്ങളൊന്നും ഫലിക്കയി-
ല്ലുർവീശശാങ്കന്റെ മന്ദിരത്തിൽ
വിസ്താരമുള്ള സഭതന്നിൽ കേറുവാ-
നത്തരം കൂടാതെളുതല്ലിപ്പോൾ.
മൂർദ്ധാഭിഷിക്തരായുള്ള നൃപന്മാരു-
മൂഢരായ് പോകുമിവിടെ വന്നാൽ.
ധർമ്മങ്ങൾകൊണ്ടു ജഗത്തു ജയിച്ചോരു
ധർമ്മാത്മജന്നു വസിച്ചരുൾവാൻ
ശർമ്മാനുകൂലം ചമച്ചു സഭ വിശ്വ-

കൎമ്മാവിനെക്കാൾ വിദഗ്ദ്ധാൻമയൻ
സന്മാനുഷന്മാർവരിഷ്ഠൻ യുധിഷ്ഠിരൻ
സമ്മോദമോടെ മയാസുരന്നു്
സമ്മാനമോരോന്നു പട്ടും വളകളും
സംപൂർണ്ണമാം ദിവ്യരത്നങ്ങളും
കങ്കണം മാല കടകം പതക്കവും
തങ്കപ്പണിമണികുണ്ഡലങ്ങൾ
കങ്കണം കാഞ്ചികടിസൂത്രമുത്തമം
കൈവിരൽ മോതിരം ചാരുഹാരം
മംഗലാലങ്കാരസാരമാകും വീര-
ചങ്ങലരത്നങ്ങൾ രണ്ടുകൈക്കും
ഇങ്ങനെയൊക്കെ കൊടുത്തുതെളിയിച്ചു
ഭംഗിയോടഞ്ജസാ യാത്രയാക്കി.
ഭീമനും പാൎത്ഥനും താനും നകുലനും
കോമളാകാരൻ സഹദേവനും
കാമിനീദ്രൗപദി കുന്തീ സുഭദ്രയും
കൌതുകത്തോടെ സഭാപ്രവേശം
നല്ലൊരുനേരത്തു പാലുകാച്ചിക്കൊണ്ടു
മെല്ലെന്നകംപുക്കു വാണീടിനാർ.
ദാനംപ്രതിഗ്രഹം സർവാണിയെന്നുള്ള
നാനാപ്രകാരേണ ധൎമ്മങ്ങളും
ആനന്ദസൽക്കാരമന്നദാനങ്ങളും
അൻപോടുചെയ്തു സുഖിച്ചുവാണു.

ശ്രീകൊണ്ടു വിളങ്ങുന്ന ശ്രീകൃഷ്ണൻ ഭഗവാനും
ശ്രീരാമൻ ഭഗവാനും വീരൻ സാത്യകി താനും
യാദവാധിപന്മാരുമേതാനും പ്രജകളും
മോദാലസ്സഭകാണ്മാൻ മോഹിച്ചു തദാവന്നു.
പഞ്ചപാണ്ഡവന്മാരും പാഞ്ചാലി സുഭദ്രയും
വാഞ്ഛാപൂർവകംചെന്നു വന്ദിച്ചു വഴിപോലെ
പഞ്ചാസ്ത്രോപമന്മാരാം രാമകേശവന്മാരെ
മഞ്ചാഗ്രേ വസിപ്പിച്ചു മാനിച്ചു മഹാരാജൻ
പാദക്ഷാളനംചെയ്തു പൂജിച്ചു വിധിയോടെ
പാദാംബുമഹാതീർത്ഥം മൂർദ്ധാവിലേറ്റുകൊണ്ടു
നാലഞ്ചുപ്രദക്ഷിണംവച്ചു വന്ദനംചെയ്തു
ലീലാമാനുഷന്മാരോടേവം ധൎമ്മജൻ ചൊന്നാൻ:

“കൃഷ്ണ ! രാമ ! മുകുന്ദ ! മാധവ ! വാസുദേവ! നമോസ്തുതേ!
വൃഷ്ണിവീര ! വിരിഞ്ചവാസവവന്ദനീയ! നമോസ്തുതേ !
ജിഷ്ണുതന്നുടെ ബന്ധുവാകിന വിഷ്ണുദേവ ഭവാനഹോ
ധൃഷ്ണുസർവസഹിഷ്ണുവിശ്വചരിഷ്ണുഭ്രഷ്ണുജഗന്നിധേ!
ഇഷ്ടികൊണ്ടതിതുഷ്ടനാകിന വിഷ്ടപാധിപനേ ഭവാൻ
വൃഷ്ടികൊണ്ടിഹ പുഷ്ടിനൽകുമതിഷ്ടഹേതു നമുക്കഹോ
സൃഷ്ടികാരണമിഷ്ടപൂരണ മഷ്ടമൂർത്തിനിഷേവിതൻ
ശിഷ്ടപാലന ! ദുഷ്ടശാസന ! പുഷ്ടപൗരുഷനേഷ നീ.

മാരസമസുകുമാര ! പശുപകുമാര ! യദുകുലവീര !
വിമലഗംഭീര ! മധുരശരീര ! മഹിതസുധീര ! മരതകസാര!
ഘനരുചിപൂര ! വിഗതവികാര ! വിശദവിചാര !
വിമലനികാര! നിരസനശൂര !
നിജപരിവാരമിളിതവിഹാരി! തരളിതഹാര,
ലോലതരവനപാല ! തുലിതതമാലിപരമനുകൂല !
കനകദുകൂല! കലിഹരശീല! കലിതസുശീല ! ജലധരനീല !
പശുകുലപാല ! വിശദകപോല ! സുവിപുലചേല !
സുഖിതകുചേല ! യദുനരപാല !
പരമവിശാല! ഗുണഗണശാല ! സുചരിതജാല! ജയജയ.”

ഇപ്രകാരമനേകകീർത്തനമാശുചെയ്തു യുധിഷ്ഠിരൻ
ക്ഷിപ്രമംബുജനേത്രനെത്തൊഴുതത്രനിന്നു ദശാന്തരേ
പ്രാകൃതക്കവിചൊല്ലുവാൻ വിരുതുള്ളൊരന്തണപുംഗവൻ
ലോകനാഥനെവന്നുകൂപ്പി വണങ്ങിനിന്നു പുകഴ്ത്തിനാൻ:

“പദുമണാഹണമോണമോ, തുഹപങ്കയക്കണമോണമോ
ജതുകുമാളതമാളണീളശളീളവീളണമോണമോ
മശണഘൃശിണശിഹണ്ഡമണ്ഡണമജ്ജ്ഘണാഹണമോണമോ
കണക കഞ്ചണ വശണ ചവെളണയണ തുജ്ഝമോണമോ
ഉളിയകളയകളിയഘണമണിവളയണിളയണ്ണമോണമോ
തുളിയമളയഗതണയ, പണിഹിയകണഭ്രത ! ണമോണമോ
അജ്ഝിയമാണുശ, ശളശമാണ, ഗളിയദോശ ണമോണമോ.
മിളിയശുമബെളുബഹ്ഹളശുന്ദളജവയികന്ദണമോണമോ
പുളയഗുണഗണളയ, ജിയ മഹിവളയ, കുഹിണി ണമോണമോ
ണിളയവിളഹിയകളയമയിളയമളുണ ചളണ ണമോണമോ
പുളയപംമളകളുണികളപളിളംഭളോളണമോണമോ
ചളണണിപഢണവിളയമപഹളമഹമഹോശണമോണമോ
കുന്ദശുന്ദളമന്ദഹാശ ! മുകുന്ദ ! ശോളി ണമോണമോ
ചന്ദവയണ, പുളന്ദളാദിശുളച്ഛിയംഘി ണമോണമോ

ണന്ദണന്ദണ ചന്ദണാമള ശീയശീള ണമോ ണമോ
വന്ദണിജ്ജകളിന്ദജായധകേളീളോള ണമോണമോ.”

ഹസ്തിനപുരംതന്നിലതുകാലം വഴിപോക്കർ
അത്താഴത്തിനുവന്നു കൊട്ടിൽക്കേറി സ്ഥലംവെച്ചു
പട്ടന്മാർ പരിപ്പുകാർ മടപ്പള്ളിദ്വിജന്മാരും
വട്ടങ്ങൾ തെളിയിച്ചു വെളിവിലങ്ങിലവച്ചു.
മൃഷ്ടഭോജനം നല്ല കറിയും ഭൂസുരന്മാർക്ക-
ങ്ങിഷ്ടത്തിനൊത്തപോലെ വിളമ്പി ഭക്തിചെയ്യിച്ചു.
അഷ്ടിയുംകഴിച്ചുകൊണ്ടലസാതെ വഴിപോക്കർ
കൊട്ടിലിൽ തളംകേറിഇരുന്നു വെററിലതിന്നു
രെട്ടും കമ്പളിയെല്ലാം വിരിച്ചു പാളയുംപോട്ടു
പാട്ടുംപാടിയോരോന്നേ പറഞ്ഞങ്ങു ശയിക്കുമ്പോൾ
പാന്ഥന്മാരുടെ പാട്ടും പരിഹാസങ്ങളും കേൾപ്പാൻ
താൻതന്നെ പുറപ്പെട്ടു ധൃതരാഷ്ട്രാത്മജശ്രേഷ്ഠൻ
അമ്മാവൻ ശകുനിയും സഖിയാം കർണ്ണനുംകൂടി
തൻമാർഗ്ഗേ പുറപ്പെട്ടു തരസാ മൂവരുംകൂടി-
ഗൂഢമായൊരുദിക്കിലിരുന്നുകൊണ്ടിരപാർക്കും
മൂഢാത്മക്കളെപ്പോലെ ശ്രവിച്ചു പാന്ഥസംസാരം.
തങ്ങളിൽ പഥികന്മാർ പറയുന്ന പലവാക്യം:
“എങ്ങുന്നു വരുന്നുതാൻ വഴിപോക്കദ്വിജാ ചൊൽക?”
“ഇന്ദ്രപ്രസ്ഥമെന്നുള്ള നഗരംതന്നിൽനിന്നിപ്പോൾ
ഇന്നത്തെ പ്രാതലൂണുംകഴിച്ചിങ്ങു വരുന്നു ഞാൻ”
“ധർമ്മനന്ദനൻ താനും സഹജന്മാരുമെല്ലാരും
സമ്മോദിച്ചവിടത്തിൽ വസിക്കുന്നില്ലയോ വിപ്ര!”
“ധർമ്മത്തിന്നൊരുനാളും കുറവില്ലാത്തവർക്കുണ്ടോ
സമ്മോദത്തിനു ഹാനിവരുന്നു ജീവനുള്ളപ്പോൾ”
“ഊട്ടുണ്ടോ വഴിപോലെ വഴിപോക്കർക്കവിടത്തിൽ?”
“ഊട്ടിന്റെ വിധമെല്ലാമുരപ്പാൻ നേരമില്ലിപ്പോൾ
ഊട്ടുകോലാഹലമെല്ലാം കേട്ടുവെങ്കിൽ ഭവാൻ തന്റെ
കെട്ടുമാറാപ്പുകൾ തോളിലിട്ടുകൊണ്ടു പുറപ്പെട്ടു
കൊട്ടിലേറി സ്ഥലംവയ്പാൻ ഒട്ടുമേ താമസിക്കില്ല
പട്ടരച്ചാ പരമാർത്ഥം കേട്ടുകൊൾക മഹാത്മാവേ!
കുറുതായുള്ളരിച്ചോറും നറുനെയ്യും മലയാള-
ക്കറി നാലും നല്ല പാലും വറുത്തുപ്പേരിയോലോലൻ
ചെറുനാരങ്ങ, മാങ്ങയും, ചെറുപാകങ്ങളും, കണ്ണൻ
പഴം, വണ്ണൻപഴം, കാളിപ്പഴം, നേന്ത്രപ്പഴം, ചിങ്ങൻ-

പഴം, കദളിപ്പഴം, പൂവൻപഴം, ചക്കപ്പഴംപിന്നെ
പരിപ്പും പച്ചടിച്ചാറും കരിമ്പിൻനീർ ഗുളം തേനും
വലിയപപ്പടം, ചെറിയപപ്പടം, പഞ്ചസാരയും
വേപ്പിലക്കട്ടി ഇഞ്ചിത്തൈരതുക്കൂട്ടി പ്പൊടിത്തൂവൽ
താളകം താവളം പിന്നെ താളുകൊണ്ടു പുളിശ്ശേരി
നല്ല തൈരും നല്ല മോരും നല്ല സംഭാരവും ഞാനി-
ച്ചൊല്ലിയതൊന്നുമേ ദോഷ്ക്കല്ലച്ചുനാണപരമാർത്ഥം.
അത്താഴത്തിനു നല്ല കാളനും കാച്ചിയമോരും
കത്തിരിക്കാക്കറിയതും, കന്നിമാങ്ങായുണക്കിഞ്ചി
മത്തൻകൊണ്ടൊരുകൂട്ടം തോർന്നൊരിശ്ശേരിയും നല്ല
മത്തൻ കുമ്പളങ്ങാകൊണ്ടൊരുകൂട്ടം പുളിമുളകും,
അത്താഴം കഴിയുമ്പോളടയ്ക്കാ, വെററില നൂറും
അത്യാവശ്യമുള്ളോർക്കു പുകയിലകൂടെയുണ്ട്.
നിത്യമിങ്ങനെ ചടംനീക്കമില്ലങ്ങൊരുനാളും,
സത്യം ധർമ്മരാജന്റെ ധർമ്മമത്രേ ധർമ്മമിപ്പോൾ.
ആറുമാസമോരാണ്ടുമവിടത്തിൽ പാർത്തുകൊണ്ടാൽ
ചോറുമെണ്ണയും കിട്ടുമുടുപ്പാൻ വസ്ത്രവും കിട്ടും.
ഞായറാഴ്ച വാവുരണ്ടുമൊരിക്കലൂണുള്ളവർക്കു
വേറായിട്ടൊരുദിക്കിൽ പലഹാരത്തിന്റെ വട്ടം
അടയുമപ്പവും, ദോശ, വടയുമിഡ്ഡലി ചീടാ
കടിയന്മാരിടിക്കുന്നോരവിലും ശർക്കര തേങ്ങാ
മുറുക്കും, തേൻകുഴലു നൽപരിപ്പും തേങ്ങയും നെയ്യിൽ
വറുക്കും റൊട്ടിയും നല്ല മലരും പഞ്ചതാരയും
കുറുക്കി ക്ഷീരവും തേനും പാനകം ഞാനിതു സർവം
ചുരുക്കിച്ചൊല്ലിനേനിപ്പോൾ വിസ്തരിപ്പാൻ നേരമില്ല.
ഉറക്കം വന്നീലെന്നാകിൽ ഇനിയും ഞാനുരചെയ്യാം
മറക്കാതെ മനക്കാമ്പിൽ കിടക്കുന്നു നമുക്കെല്ലാം.

പന്തുമാട്ടുക, ചിന്തുപാട്ടുക, പകിടകളി, ചതുരംഗവും
പന്തണിക്കുളുർകൊങ്കമാരുടെ പട്ടുതതടവിനനടനവും
ചന്തമേറിന ചാക്കിയാരുടെ കൂത്തുമൊരുവകമേളവും
കുന്തമേറുകൾ തപ്പുകൊട്ടുകൾ ചെപ്പടിക്കളികലശലും
പാണ്ടിമേളമുരുട്ടുചെണ്ട കുറുംകുഴൽ തുടിതാളവും
ആണ്ടിയാട്ടവുമായുധക്കളി പാഠകം പല ചാട്ടവും
തിത്തിമദ്ദളവേണുവീണകൾ തിമില തകിൽ മുഖവീണയും
കുത്തിവച്ചൊരു പാവകളികളു,മഖിലദിശി ബഹു വിസ്മയം!
ഇത്തരം ബഹുഘോഷമെപ്പോഴുമവനിപതിയുടെ മന്ദിരേ

ചിത്തരംഗസുഖത്തിനുള്ളൊരു സരണിപലവിധമുണ്ടെടോ
ഇപ്പറഞ്ഞതിലേറമിപ്പൊഴൊരൽഭുതം പുനരൽഭുതം
ശിൽപശാസ്ത്രവിദഗ്ദ്ധനായ മയാസുരൻ ബഹുബുദ്ധിമാൻ
അപ്പുരത്തിലിറങ്ങിവന്നു വിചിത്രമായ സഭാസ്ഥലം
ശിൽപമായ് പണിചെയ്തുനൽകി യുധിഷ്ഠിരനാതി വിസ്മയം.
മുന്നമർജ്ജുനനവനവനൊരു സങ്കടത്തെയൊഴിച്ചുപോൽ
എന്നതിന്നിഹപകരമുപകൃതി ചെയ്‌വതിന്നിതു ചെയ്തുപോൽ!
മന്നിടങ്ങളിലൊന്നിലും പുനരിപ്രകാരമൊരാലയം
പിന്നെ മറെറാരുദിക്കിലില്ല തരിമ്പുസംശയമില്ലെടോ.
അമരവരനുടെ നഗരമാമമരാവതിക്കു നിറംകെട്ടും
അമരുമതിനുടെ ഡമരമിതുബതകണ്ടുവെങ്കിലസംശയം.
അമലമണിഗണകനകഘനതരരുചിരരുചിഭരശോഭനം
കമലയുടെ കുലഭവനമതുബതജയതി ശിവശിവ ശങ്കര!
സ്ഥായിയില്ല വിരിഞ്ചദേവനു നമ്മളിൽ പൊളിയല്ലെടോ
ആയിരം നയനം നമുക്കു തരാഞ്ഞതെന്തു! മഹാശാൻ!
ആയതിന്ദ്രനുകൊണ്ടുചെന്നു കൊടുത്തതിന്നു വൃഥാഫലം
ആയവൻ പുനരത്രവന്നിതു കാൺകയില്ലതിനീരസൻ.
രണ്ടു കണ്ണുകൾകൊണ്ടുകണ്ടതുകൊണ്ടെനിക്കൊരു തൃപ്തിയി-
ല്ലണ്ടർകോനൊടു ചെന്നിരന്നതു കൈക്കലാക്കുക കൂട്ടുമോ!
രണ്ടുവാക്കു നമുക്കു നഹി നഹി പണ്ടുമിപ്പൊഴുമേഷ ഞാൻ
കണ്ടുകേട്ടറിയുന്നതില്ലിതുപോലെ മറെറാരു മന്ദിരം.
ഹസ്തിനംപുരമെത്രവിസ്മയമെന്നുഭാവമിവർക്കഹോ
വസ്തുബോധവിശേഷമില്ല സുയോധനാദികൾ നൂററിനും.
ഹസ്തിയും പുനരാട്ടമൊക്കമിതെങ്കിലതുമിതുമൊരുവിധം
വിസ്തരിച്ചതുപോരുമിവരിതുകേട്ടുവെങ്കിലബദ്ധമാം.
എന്തബദ്ധമെനിക്കൊരിത്തിരി പേടിയില്ലിവരെസ്സുഖേ
അന്തണർക്കൊരു ദിക്കിലും തടവില്ല വല്ലതുമോതുവാൻ.
എന്തുനിശ്ചയമിപ്പൊഴുള്ള പ്രഭുക്കടെ തൊഴിലൊരുവിധം
ചിന്തയിൽ കനിവില്ലവർക്കതു കരുതിനിൽക്കണമേവനും.
എങ്കിലസ്തു സുയോധനൻ മമ ചസ്തുവന്നു വിലക്കുമോ
ശങ്കിയാത്ത ജനത്തിനല്ലൽ വരുത്തുവാൻ തടവില്ലയോ
എന്റെ ദിക്കിലവന്റെ ശക്തി നടക്കയില്ല മഹീസുര!
ഏതുമാർക്കുമറിഞ്ഞുകൂടമറിഞ്ഞുകാലമതോർക്കണം."

ഇത്ഥമോരോ വിശേഷങ്ങൾ പറഞ്ഞു പാന്ഥവിപ്രന്മാർ
അർദ്ധരാത്രികഴിഞ്ഞപ്പോളുറക്കംവന്നു ബാധിച്ചു
ട്ടക്കൂർക്കം വലിച്ചുംകൊണ്ടരിയാട്ടങ്ങളും മാറി

ക്കെട്ടുഭാണ്ഡം തലയ്ക്കുംവച്ചുറങ്ങിയൊക്കവേ കൂടെ
മറഞ്ഞുകേട്ടിരിക്കുന്ന ധൃതരാഷ്ട്രാത്മജനുള്ളിൽ
നിറഞ്ഞു കോപവുമിത്ഥം പറഞ്ഞു മാതുലനോട്ട്:
‘ അറിഞ്ഞോ മാതുലാ നമ്മെ ദുഷിക്കും ദുഷ്ടപാർത്ഥന്മാർ
പറഞ്ഞോരക്ഷരമെല്ലാമബദ്ധം ശുദ്ധമേ ഭോഷ്ക്ക്!
കറിയുംചോറുമാശ്ചര്യം കളിയുംകൊട്ടുമാശ്ചര്യം
അറയുംമച്ചുമാശ്ചര്യം പറയും വാക്കുമാശ്ചര്യം.
ഒരുവസ്തു വഷളായിട്ടില്ലപോലപ്പുരം തന്നിൽ
ഒരുകൂട്ടം ദുരാത്മാക്കൾക്കിന്നതേ നല്ലുവെന്നില്ല.
കൂറുകൊണ്ടു പറയുന്ന വാക്കിനെന്തുത്തരം വേണ്ടു?
ചോറുകൊണ്ടു സ്തുതിക്കുന്ന ചോഴിയബ്രാഹ്മണന്മാരെ
വാറുകൊണ്ടു തല്ലുകൂട്ടാനൊട്ടുമേ യോഗ്യമല്ലല്ലോ.
ഏറുകൊണ്ടു മണ്ടമിപ്പോൾ മറ്റൊരുത്തൻ പറഞ്ഞെങ്കിൽ
ചോറുതിന്മാനിവിടത്തിൽ കൂറുകുന്തീസുതന്മാരിൽ.
നൂറുകൂട്ടമപരാധം നമുക്കും സോദരന്മാർക്കും
പോരകൾക്കൊരു വാലും തലയുമില്ലതുകൊണ്ടി-
ങ്ങീറവന്നാലെന്തുചെയ്യാം അടങ്ങിപ്പാർക്കയേയുള്ളു”
പറഞ്ഞു മാതുലൻ “ ഉണ്ണീ കുറഞ്ഞൊന്നു ക്ഷമിച്ചാലും
മറഞ്ഞുകേട്ടവൃത്താന്തമറിഞ്ഞില്ലെന്നുവയ്ക്കേണം.
തനിക്കാംപോന്നവർക്കെല്ലാം മനക്കാമ്പിൽ സ്ഥിരംവേണം
അനക്കാതിങ്ങിരുന്നുംകൊണ്ടിനിക്കാര്യം വിചാരിക്കാം.
മിനക്കേട്ടു സഹിയാഞ്ഞാൽ കനക്കേട്ടു ഭവിച്ചേക്കും
നിനക്കേതുമിതുകൊണ്ടു മനക്ലേശം വരാനില്ല.
എനിക്കത്രേ രിപുപ്രൗഢി നിനയ്ക്കുമ്പോൾ സഹിക്കാത്തു;
പതുക്കെ പാണ്ഡവന്മാര ച്ചതിക്കുന്നുണ്ടുഞാനുണ്ണീ.
കൊതിക്കും വസ്തുസാധിപ്പാനതിക്ലേശം നമുക്കില്ല
എതിരിട്ടു വരുന്നോരെ ചതിക്കൂട്ടും ശകുനിക്കി-
ക്ഷിതിതന്നിലൊരു മാററാരെതിരില്ലെന്നറിഞ്ഞാലും.
പ്രതിമല്ലക്ഷിതിപാലക്ഷതിനോക്കിസ്ഥിതിചെയ്യു-
ന്നതിനിങ്ങുനതിയില്ല, മതിതന്നിലതിനുള്ള
ഗതിയുണ്ടു ചതിയുണ്ടു മതിമാൻ ഞാൻ മതിയാകും
അതിരേകം-കൊതിയുമുണ്ടതിനൊത്ത വിധിയുമു-
ണ്ടതിൽക്കൂടെ സ്ഥിതിചെയ്താൽ മതിഭൂമീപതിവീര!
പതിനെട്ടുവിധം മായാപ്രയോഗങ്ങളുണ്ടെനിക്ക്
ഉറക്കംവന്നുവെങ്കിൽപോയ് ഉറങ്ങിക്കൊൾകനീയുണ്ണീ.
നിറക്കേടുവരികില്ലെന്നുറച്ചുകൊൾക നീ വീരാ

ഉറക്കത്തിൽ പണിക്കത്തം തനിക്കുമില്ലെനിക്കുമി-
ല്ലറക്കൊട്ടിലകംപുക്കാർ നമ്മളെല്ലാമൊരുപോലെ."

ഇപ്രകാരമുരചെയ്തു ശകുനി കർണ്ണനുംകൂടെ
സ്വപ്രവേശം പ്രവേശിച്ചു ശയിച്ചു നിദ്രയുംപൂണ്ടു.
ദുഷ്പ്രഭുതാംപെരുത്ത ദുര്യോധനൻതൻ പുരംപുക്കു
സുപ്രകാശം തല്പമേറി ശ്ശയിച്ചു സമ്മദത്തോടെ.
അന്തണന്മാർ പറഞ്ഞോരസ്സഭാസ്ഥാനപ്രഭാവത്തെ
ചിന്തചെയ്തങ്ങസൂയകൊണ്ടുറക്കവും വരുന്നില്ല ;
വെട്ടമങ്ങു തുടർന്നപ്പോൾ എഴുന്നേററു പുറത്തുവ-
ന്നിഷ്ടബന്ധുക്കളെയെല്ലാം വിളിച്ചങ്ങു വിചാരിച്ചു :
"ദുർമ്മുഖ! ദൂഷണ! ദുശ്ശാസന! ദുശ്ശല! വാടാ,
ധർമ്മജൻെറ പുരംതന്നിലുണ്ടുപോലത്ഭുതം കിഞ്ചിൽ.
വെൺമഴകൊണ്ടവനിയിൽ വെടിപോൽ ദാനവാശാരി
വേഴ്ചചേരും സഭാസ്ഥാനം തീർന്നുപോലപ്പോഴേതന്നെ.
കർണ്ണനെങ്ങു? വരിക നീ നമ്മുടെ മാതുലനെങ്ങു?
വർണ്ണിതമാകുമാസ്ഥാനംചെന്നു കണ്ടുവരേണ്ടായോ?
ഭോഷ്കുതന്നെ വഴിപോക്കർ പറഞ്ഞെന്നൊന്നടെപക്ഷം
വാക്കുകൊണ്ടു ഫലിപ്പിപ്പാനന്തണന്മാർക്കാരുമൊക്കാ.
വല്ലതെന്നാകിലുമിന്ദ്രപ്രസ്ഥമാം പത്തനംതന്നിൽ
വല്ലഭത്വം നടിച്ച വൻമക്കളെക്കണ്ടുപോരേണം.
ധർമ്മജൻ നമ്മുടെ ജ്യേഷ്ഠൻ ഭീമസേനാദികൾ നാലും
നമ്മുടെ സോദരന്മാരുമങ്ങനെ ചാർച്ചയുണ്ടല്ലോ.
അജ്ജനത്തോടിങ്ങു വൈരം ; ഇജ്ജനത്തോടങ്ങു വൈരം
സജ്ജനങ്ങൾക്കൊരുപോലെ ബോധമീവർത്തമാനങ്ങൾ
അർജ്ജുനനഗ്രജനാകും ഭീമസേനൻ മഹാദുഷ്ടൻ
ലജ്ജകൂടാതവൻ നമ്മെ വാളെടുക്കും തത്രചെന്നാൽ"
"പൊണ്ണനാം ഭീമനെത്തെല്ലം ഭീതിയില്ലാ നമുക്കുള്ളിൽ
അണ്ണനെന്തിന്നു ക്രൂസുന്നു" എന്നു ദുശ്ശാസനൻ ചൊന്നാൻ.
കർണ്ണനുമങ്ങനെപക്ഷം ശകുനിക്കുമതുപക്ഷം
നിർണ്ണയിച്ചു പുറപ്പാടുകൂട്ടി ദുര്യോധനനപ്പോൾ.
താതനോടു യാത്രചൊൽവാനൊരുമ്പെട്ടു നൂററവരും
ജാതമോദം ശകുനിയും കർണ്ണനുമാദരവോടെ.
ജനകന്നും കണ്ണുകാണാ, ജനനിക്കും കണ്ണുകാണാ,
തനയന്മാരരികത്തുചെന്നു കുപ്പിച്ചുമരുപ്പോൾ
'ചുമയ്ക്കുന്നാരെടോ' യെന്നു ധൃതരാഷ്ട്രർ ഗിരംകേട്ടു
'ചുമയ്ക്കുന്നതടിയങ്ങളെ'ന്നവരുമുണർത്തിച്ചു

‘ഉണ്ണികൾക്കെന്തൊരുദ്യോഗം’ എന്നു താതൻ, അടിയങ്ങൾ
കണ്ണുരണ്ടും സഫലമാക്കീടുവാനായ് തുടങ്ങുന്നു
‘മക്കളെ! നിങ്ങടെ വാക്കിന്നർത്ഥമുണ്ടായില്ലെ’ നാച്ഛൻ
‘മിക്കവാറുമുണർത്തിക്കാമർത്ഥമുണ്ടായില്ലെന്നാകിൽ
ധർമ്മജന്റെ പുരംതന്നിലുണ്ടുപോലുമൊരാശ്ചര്യം
രമ്യമാകും സഭാസ്ഥാനം തീർത്തുപോൽ ദാനവാശാരി.
അഭ്യാഗന്മാർ പറഞ്ഞേവം കേട്ടു ഞങ്ങളതുകാണ്മാൻ
അത്രനിന്നു പുറപ്പെട്ടു ജനകൻ സമ്മതിക്കേണം.
അതുകാണാത്തവരുടെ കണ്ണുരണ്ടും പാഴിലെന്നു
പഥികന്മാർ പറയുന്നു പാർത്തുകണ്ടാലറിഞ്ഞീടാം’
‘എങ്കിലെൻ മക്കളേചെന്നു കണ്ടു വേഗേനപോന്നാലും
ശങ്കവേണം മനക്കാമ്പിൽ ശത്രുരാജ്യത്തു ചെല്ലുമ്പോൾ.
ഇജ്ജനത്തെ അവർക്കാർക്കുമിഷ്ടമില്ലെന്നറിഞ്ഞാലും
അർജ്ജുനൻ ഭീമനുംകൂടെച്ചതികൂട്ടുന്നതോർക്കേണം.
അത്രയുമല്ലതിനേക്കാളുണ്ടൊരു ദുർഘടമിപ്പോൾ
എത്രയും ബന്ധുവായിട്ടുണ്ടേഷണിക്കാരനങ്ങേകൻ.
ശത്രുപക്ഷക്കാരിൽ മുൻപൻ ശാഠ്യമൊരോന്നുളവാക്കും
അത്രനമ്മെ ച്ചതിപ്പാനല്ലാതെ മററു തൊഴിലില്ല.
താനല്ലെന്നു ഭാവിക്കും തരംനോക്കി പ്രയോഗിക്കും
സ്ഥാനത്തങ്ങൊരേടത്തും തന്റെ വേഷം കാട്ടുകില്ല ;
മാനത്തു പറക്കുന്ന പരുന്തുപക്ഷിയെപ്പോലെ
മീനത്തെക്കൊക്കിലാക്കിക്കൊണ്ടുപോയേ അറിഞ്ഞീടു.
കപ്പാനും മടിയില്ല കാമിനീമാർകളെപ്പാട്ടിൽ
വയ്പാനും മടിയില്ല വധിപ്പാനും മടിയില്ല.
നമ്മെ ചെണ്ടകൊട്ടിപ്പാൻ തരംനോക്കി നടക്കുന്നു
നമ്മളും നിരൂപിച്ചിട്ടബദ്ധം വന്നുപോകൊല്ല.
വെട്ടത്തു കാണുകില്ല പിറകേനിന്നൊരു വെടി
പൊട്ടിക്കുന്നതേ കേൾക്കു ചത്തുവീഴുന്നതേ കാണൂ.
അങ്ങനെയുള്ളോരു ദേഹമങ്ങിരുന്നു പ്രയോഗിക്കു-
മെങ്ങിനെയെന്നറിയാതെ ഇജ്ജനത്തെച്ചതികൂട്ടും
എന്നുടെ മക്കളേ! നിങ്ങളായവന്റെ കപടത്തിൽ
ചെന്നുചാടി വലയാതെ പോന്നുകൊൾവിൻ വിരവോടെ.
സജ്ജനങ്ങളിരിക്കുന്ന ദിക്കിലേ സഞ്ചരിക്കാവൂ
ദുർജ്ജനങ്ങളോടു ചേർന്നാൽ ദൂഷണം സംഭവിച്ചീടും.
ഓട്ടുപാത്രങ്ങളിൽ നല്ല പുളിച്ച തൈരൊഴിച്ചെന്നാൽ
കൂട്ടുവാൻ കൊള്ളരുതെന്നു കേട്ടു കണ്ടീടുന്നതല്ലോ.

കാട്ടുമൂർഖപ്പാമ്പിനെക്കൈകൊണ്ടു മെല്ലെ ത്തലോടിത്തൻ
പാട്ടിലാക്കാമെന്നുമോഹം മാനുഷന്മാർക്കുളവാമോ?
അജ്ജനങ്ങൾക്കിജ്ജനത്തോടുള്ള വൈരം പോകയില്ല
ഇജ്ജനങ്ങൾക്കജ്ജനത്തോടുള്ള വൈരമപ്രകാരം.
രണ്ടുകൂട്ടക്കാരുമായി ച്ചേരുവാനുള്ള ദുർമ്മോഹം
കൊണ്ടു പാരിൽ പ്രയത്നങ്ങൾ ചെയ്യുന്നോൻ മൂഢനെ കേൾപ്പിൻ.
എലിയും പൂച്ചയും തമ്മിൽ കീരിയും സർപ്പവും തമ്മിൽ
പുലിയും ഗോക്കളും തമ്മിൽ കാക്കയും മൂങ്ങയും തമ്മിൽ
ഒരുനാൾ ചേർച്ചയുണ്ടാമോ എന്നപോലെ കണ്ടുകൊൾവിൻ
കുരുക്കൾ പാണ്ഡവന്മാരും തങ്ങളിലുള്ള വൈഷമ്യം.
ഉമ്മരത്തെപ്പല്ലുകൊണ്ടു ചിരിക്കും നമ്മളെക്കണ്ടാൽ
ഉള്ളിലെപ്പല്ലുകൾകൊണ്ടിട്ടുരുമ്മും പാണ്ഡുപുത്രന്മാർ.
തുഷ്ടിക്കുടാതഹോ തൂക്കക്കാരുടെ നൽചിരിപോലെ!
സ്പഷ്ടമായിക്കണ്ടുപോരാനുണ്ണികൾക്കു മോഹമെങ്കിൽ
ഒട്ടുമേ താമസിക്കാതെ ഗമിപ്പിൻ മക്കളെ! നിങ്ങൾ
എട്ടുനാളിലകമിങ്ങു വരേണം ബാലകന്മാരേ!'

അന്ധനരവരവചനമിങ്ങനെ കേട്ടു സപദി സുയോധനൻ
അന്ധമതിശാശകുനി കർണ്ണസമാകുലൻ സുമഹാധനൻ
ഹന്ത സുഖമിതി മനസി ഘനകുതുകേന സംഭൃതസാധനൻ
ചന്തമൊടു നടകൊണ്ടു വിരവൊടു സകല രിപുകുലബാധനൻ.
തമ്പിമാർ പുനരമ്പതും പുനരൊമ്പതും ബതനാലുതും
മുമ്പിലമ്പിലകമ്പടിക്കുടനമ്പു വില്ലുമെടുത്തുടൻ
കുംഭിതുരഗ രഥാദിപടകളു മുടമയൊടു പടഘോഷവും
കൊമ്പുകുഴൽ തുടിപടഹ ഘടഘടരടിത കടുപരിഘോഷവും
ഇടികളൊടു പടതുടരുമൊരുവക വെടികളുടെ നിനദങ്ങളും
കൊടികൾ കുട തഴ ചട്ടല ചാമര മാലവട്ട ശതങ്ങളും
പൊടികളിളകിമറിഞ്ഞുദിശി ദിശിഝടിതി നടനവിധങ്ങളും
നടികളുടെ മൃദുനടനമുടനഥ വിടഭടാദി വിലാസവും
സരസമവരുടെ മോടിയും സുഖമോടിയും ചിലർപാടിയും
വിരസമൊരുവക പാടിയു നരകോടിയും ഇടക്കൂടിയും
സപദി മലഹരി പാടിയും ചിലർപാടിയും ചിലരാടിയും
സകലമലർവനവാടിയും ചിലർതേടിയും മലർചൂടിയും
ഫലിതമൊരുവക പറകയും ചിലരുറകയും ചിലർ മറകയും
പലരുമിഹ ഭുവിനിറകയും ചിലർ വിറകയും രസമറികയും

കലശലൊരുദിശി മരികയും തനുമുറികയും പുനരറികയും
ചലനവിധമിതു കുറകയുംനഹിവരികയും ചിലരറികയും

വിളിച്ചും തെളിച്ചും കനിവൊടു കളിച്ചും പുളച്ചും നലമൊടു
നടിച്ചും വടിച്ചും പലരസമുദിച്ചും മദിച്ചും പരിചൊടു
ചരച്ചും ചിരിച്ചും പലവഴിതിരിച്ചും ഭരിച്ചും ചുമടുകൾ
നടന്നും കടന്നും ചിലരഥമൂടന്നും കിടന്നും വനമപി
തകർത്തും തിമിർത്തും പുതുമകളുതിർത്തും മുതിർത്തുമ്മധുബത
കുടിച്ചും പൊടിച്ചും തങ്ങളിലടിച്ചും പിടിച്ചും ഭള്ളുകൾ
നടിച്ചും കടിച്ചും തടതലമിടിച്ചും പൊടിച്ചും വടിതടി
എടുത്തും കടുത്തും ഖലകുലമടുത്തും തടുത്തും ചിലരിഹ
പെടുത്തും കറുത്തും മുഖമതുചെറുത്തും പൊറുത്തും കടുമൊഴി
ഉരത്തും പെരുത്തും പലതൊഴിൽ വരുത്തും നിരത്തും ശിവശിവ!

ഈവണ്ണമവിടത്തിലീവന്ന പുരുഷാരം
ആകുന്ന പടക്കോപ്പുമാകവേ ചരതിച്ചു
നാഗമന്ദിരംതന്നിൽ ആഗമിച്ചഴകോടെ
നാഗകേതുവെച്ചെന്നു വേഗേന കൈവണങ്ങി
'ആയുധമെടുത്തുംകൊണ്ടായിരത്തിരുനൂറു
നായന്മാരകമ്പടിയായ് മുന്നിൽ നടക്കേണം
അമ്പതു ചവളക്കാരമ്പതു മറക്കാരും
പിമ്പേസഞ്ചരിക്കേണം അത്രമാത്രമേ വേണ്ടു
ബാലപ്പിള്ളരും വേണ്ടാ വൃദ്ധന്മാർകളും വേണ്ടാ
കാലിന്നുമുടവുള്ള കാര്യക്കാരരും വേണ്ടാ
കാലത്തു പഴങ്കഞ്ഞി കുടിക്കാതെ നടപ്പാനും
മേലാത്ത ഭടന്മാരും യജമാനന്മാരും വേണ്ടാ
ബാലപ്പെൺകൊടിമാരെ ക്കാണുമ്പോളിളിക്കുന്ന
ബാഹുക്കളൊരുപത്തി ജളന്മാരാരുമേ വേണ്ടാ
മാലക്കണ്ണുള്ളവരും മടിയന്മാർ മുടിയന്മാർ
മാലോകർ ദുഷിക്കും കള്ളുകുടിയന്മാർ തടിയന്മാർ
നാട്ടിന്നുമുതകാത്ത നാടന്മാർ ശുനകന്റെ
വാലിന്നു വിലകാണാത്താണുങ്ങളിഹ വേണ്ടാ
പള്ളയ്ക്കു പൊറുപ്പാനായിരന്നുണ്ടു നടന്നു തൻ
തള്ളയ്ക്കുമൊരു പററു കൊടുക്കാത്തോരിരപ്പാളി-
പ്പിള്ളയ്ക്കു പിറന്നുള്ള ഭടന്മാരെക്കൊണ്ടുപോയാൽ
തൊള്ളയ്ക്കു തെല്ലുവെള്ളം കുടിപ്പാൻ കൂടവേ കൂടാ
മാററിക്കണ്ടതിനെക്കൂട്ടുകൊണ്ടങ്ങു നടക്കുന്നാ
പോററിക്കുമനർത്ഥങ്ങൾ വരുമെന്നു ധരിക്കേണം
മാററിപ്പോർ പറഞ്ഞെന്നാൽ മലവെള്ളം പൊങ്ങിനില്ലോ-
രാററിൽ മുങ്ങിയാൽപോലും ജലപാനം കൂടുകില്ലാ

തന്നൊക്കാൾ വലിയോരെത്തരിമ്പും ശങ്കയില്ലാത്ത
കന്നങ്ങൾ മറുനാട്ടിൽ ചെന്നുപോരാൻ ചിതംപോരാ
പെണ്ണുങ്ങൾ പറയുന്ന മൊഴികേട്ടു നടക്കുന്നോ-
രെണ്ണങ്ങൾ പലതുണ്ടാമവരാരുമിങ്ങു വേണ്ടാ
വിപ്രന്മാർ വരുന്നേരം വഴിമാറിക്കൊടുക്കാത്ത
ദുഷ്പ്രഭുക്കളുംവേണ്ടാ ദുരഹങ്കാരികൾ വേണ്ടാ
സ്വാമികല്പനകേൾപ്പാൻ മടിക്കുന്ന മഹാപാപി
ഭൂമിയിലൊരേടത്തും പൊറുപ്പാനുത്തമനല്ല
തമ്പുരാന്റെ മടപ്പള്ളിച്ചെമ്പിലെച്ചോറു ഭക്ഷിപ്പാൻ
മുമ്പിൽവന്നു സ്ഥലംവയ്ക്കുമാമ്പടിക്കാരൊരു കൂട്ടം
വമ്പടവന്നടുക്കുമ്പോൾ പിമ്പിലെങ്ങാനൊളിക്കുന്ന
വമ്പരെല്ലാമങ്ങുവീട്ടിൽ പാർത്തുകൊൾകേ വേണ്ടുവിപ്പോൾ
കേട്ടുകേട്ടുവന്നുകൂടും മാനുഷന്മാരൊരു ലക്ഷം
നാട്ടുപടന്മാരുമെല്ലാമെന്തിനിപ്പോൾ പോന്നുവന്നു
ഊട്ടിലുണ്മാൻ കൂട്ടുകൂടിപ്പോകയല്ലീ പ്രഭുത്വത്തെ
കാട്ടിയൊപ്പിക്കണം വൈരിജനങ്ങൾക്കെന്നുമല്ല ;
നാട്ടിലുള്ളമൂത്തക്കന്മാർ പിള്ളരും പിള്ളമാരോരോ-
കോട്ടിൽനിന്നു പുറപ്പെട്ടുവന്നു യോഗം തികയുന്നു
കാട്ടിലുള്ള ഫലമൂലം ചുട്ടുതിന്നു കിടക്കുന്ന
ചേട്ടകൾക്കഷ്ടിയെന്നല്ലാതെപ്പൊഴും ചിന്തയുമില്ലാ
നരയന്മാരൊരുകൂട്ടം ജരയന്മാരൊരുകൂട്ടം
കുരയന്മാരൊരുകൂട്ടം കുരുടന്മാരൊരുകൂട്ടം
കറുമ്പന്മാർ വെളുമ്പന്മാർ കഷണ്ടിക്കാർ കിഴവന്മാ-
രൊരുമ്പെട്ടു പുറപ്പെട്ടു തരിമ്പും താമസിക്കാതെ
പെരുക്കാലുള്ളവരെല്ലാമനങ്ങാതേ തന്റെ വീട്ടി-
ലിരിക്കാതെ മെല്ലെമെല്ലെ നടന്നിങ്ങു വന്നുകൂടി
ഒരിക്കലുമൊരേടത്തും നടക്കാതെ കിടക്കുന്ന
കരക്കാരൊന്നൊഴിയാതെ പരക്കെവന്നിടകൂടി
ഇരപ്പാളിപ്പരിഷയ്ക്കുങ്ങൊരുനേരം തെല്ലുചോറും
നിരപ്പോടെ കൊടുത്തങ്ങു പിരിപ്പാനിപ്പുറം തന്നാൽ
പരിപ്പുകാരനും ചന്ത്രക്കാരനും ചന്തമോടെ കാ-
ത്തിരിപ്പു മററവരൊക്കെത്തിരിപ്പൂ തങ്ങടെ വീട്ടിൽ
കുറുപ്പന്മാർ പണിക്കന്മാർ കണക്കപ്പിള്ളമാർ പിന്നെ
ചെറുപ്പക്കാർ വലിപ്പക്കാരിജ്ജനങ്ങളിപ്പുറത്തിൽ
ഉറപ്പിച്ചു വസിച്ചാലുമച്ഛനേയുമമ്മയേയും
വെറുപ്പിച്ചീടൊലാ വല്ലാതേഷണിവാക്കുകൾ കൊണ്ടു

കുറുപ്പത്തിലൊരുയോഗം കൂട്ടി ഞാനും തമ്പിമാരും
പുറപ്പെട്ടു പാണ്ഡവന്മാരിരിക്കും ദിക്കിലേക്കിപ്പോൾ
പറക്കൊട്ടും കൊമ്പുകാളം താളവും മേളവും വേണ്ടാ
നിറക്കേടില്ലതില്ലാഞ്ഞാൽ ഇജ്ജനങ്ങൾക്കൊരേടത്തും
അറിഞ്ഞാലും നിങ്ങളാടാച്ചാക്കിയാർക്കേ കോപ്പു വേണ്ടു
കുറഞ്ഞൊന്നും താഴ്ചയില്ലാ നമുക്കു മേളമില്ലാഞ്ഞാൽ
പറഞ്ഞാൽ കഷ്ടമെന്നാലും പറയാം തമ്പുരാന്മാരും
കുറഞ്ഞൊന്നല്ലഹോ ഞങ്ങൾ നൂറുപേരുണ്ടൊരു പോലെ
ഒരു യുദ്ധത്തിനുവേണ്ടും നൃപന്മാർ ഞങ്ങൾ താൻപോരും
കുരുരാജാധിപൻ തന്റെ ഭാഗ്യമെന്നേ പറയാവു
ഒരുദിക്കിൽചെന്നു പോരാനൊരു വൈഷമ്യമില്ലിപ്പോൾ
ഒരേടത്തുമവമാനമിജ്ജനങ്ങൾക്കില്ലതാനും
പെട്ടകം പെട്ടിയും കെട്ടിച്ചുമപ്പാൻ പിള്ളരും കുട്ടി-
പ്പട്ടരും വെററിലസ്സഞ്ചിക്കാരനും കാരിയക്കാരും
എൺപത്തു കുടക്കാരുമഞ്ചുപത്തു വരിദയാല
ക്കെട്ടിടക്കും ഭടന്മാരുമായിരം നായരും വേണം”
ഇപ്രകാരമുരചെയ്തു ധാർത്തരാഷ്ട്രാഗ്രജവീരൻ
ക്ഷിപ്രമങ്ങു പുറപ്പെട്ടു സാദരം സോദരന്മാരും
തൽപ്രകാരം ശകുനിയും കർണ്ണനും കാരിയക്കാരും
സപ്രമോദം ഭടന്മാരും സർവ്വവൃന്ദങ്ങളും പിമ്പെ
വമ്പനായുള്ളൊരു നല്ല കൊമ്പനാനത്തലവന്റെ
കൊമ്പു രണ്ടും മസ്തകവും പൊൻപടംകൊണ്ടണിയിച്ചു
തൻപുറത്തു മദംമൂത്ത തമ്പുരാനും കരയേറി
തമ്പിരാജാക്കളും തൊണ്ണൂറെറാൻപതാനപ്പുറമേറി
മുമ്പിലാശു നടകൊണ്ടു മൂത്തരാജാവനുജന്മാർ
പിമ്പിലമ്മാവനുംപിന്നെ കർണ്ണനും രണ്ടുഭാഗത്തും
വമ്പിയന്നാ യജമാനന്മാരുമൊക്കെ പ്പുറപ്പെട്ടു
ജൃംഭിതഘോഷമാം വണ്ണംഗമിച്ചാരാദരവോടെ.

വീടും കുടികളും നാടും നഗരവും
തോടും പുഴകളും കാടും മലകളും
കടന്നു നടന്നു വാപീതടവുമിടവും നല്ല
ജലവും സ്ഥലവും വൃക്ഷത്തണലും മണലും പൂവിൻ
മണവും ഗുണവും കണ്ടു കുരുക്കൾ തരുക്കൾ മുതല
പരന്നങ്ങിരുന്നനേരം തുടങ്ങി ഭടന്മാർ നായാ-
ട്ടടങ്ങീ മടങ്ങീടാതെ കലയും പുലിയുമുള്ള
മലയിൽ വലയുംകെട്ടി തട്ടത്തു കൂട്ടത്തും വില്ലു

മെട്ടത്തും തൊട്ടത്തും ബാണമുടക്കി മുടക്കിനിന്നും
തടിയും വടിയുമേന്തി വെടിയും പൊടിയുമാർത്തു
കരിയുങ്കിരിയും പോത്തും നരിയും ഹരിയും ചാടി
കടിച്ചുംപിടിച്ചും വെട്ടിമുറിച്ചും മരിച്ചും തള്ളി-
പ്പിടിച്ചും കടിച്ചും മാംസം പിളർന്നും കിളർന്നും മോദം
വളർന്നും തളർന്നും കൂട്ടംകലമ്പിക്കലമ്പിത്തമ്മിൽ
കയർത്തും വിയർത്തും മേനിവിളിച്ചും തെളിച്ചും പിന്നെ
കുറവും പുറവും കണ്ടിട്ടെടുത്തും കൊടുത്തും ചുട്ടു
ഭുജിച്ചും ത്യജിച്ചു കള്ളുകുടിച്ചും ചൊടിച്ചും തൊഴിൽ
നായാട്ടും മതിയാക്കി നായന്മാരിഹ പോന്നു
നായാടികളും മാറിപ്പോയാരൊക്കവേ കൂടെ
ഇന്ദ്രപ്രസ്ഥമെന്നുള്ള മന്ദിരസ്ഥലത്തിന്റെ
അന്തികപ്രദേശത്തങ്ങടുത്തു ധാർത്തരാഷ്ട്രന്മാർ
ദന്തികന്ധരംതന്നിൽ നിന്നിറങ്ങി നൂറുപേരും
രത്നങ്ങൾകൊണ്ടു കെട്ടിപ്പടുത്തോരാൽത്തറ കേറി
രാജനന്ദനന്മാരും കർണ്ണൻ മാതുലൻ താനും
പെട്ടെന്നു കാററുമേററു സുഖിച്ചുമേവിനനേരം
പെട്ടകം, തുറന്നാലുമെന്നു രാജാവരുൾചെയ്തു
പെട്ടിപെട്ടകമെല്ലാം തുറന്നു പൊന്മണിക്കോപ്പും
പട്ടും പട്ടുറുമാലും ചേലയും പച്ചപാലാവും
എന്നുള്ളപദാർത്ഥങ്ങളെടുത്തുകൊണ്ടലങ്കാര-
മൊന്നുമേ കുറയാതെ ചമയത്തിന്നൊരുമ്പെട്ടു.

ചന്ദനം പനിനീരുകുംകുമകളഭലേളിതജവാദുവും
ചന്തമേറിന പുഴുകുമഴകൊടിഴക്കി മെയ്യിലശേഷമേ
കുന്ദകുറുമൊഴിമല്ലികൾമലർമാലകൊണ്ടു ശിരോരുഹേ
മന്ദമൻപിലണിഞ്ഞുസുന്ദരസുഭഗരൂപി സുയോധനൻ
സ്വർണ്ണമണിമയമകുടകടകകിരീടഭൂഷണഭൂഷിതൻ
കർണ്ണയുഗമതിലധികവിലസിതകുണ്ഡലങ്ങളണിഞ്ഞുടൻ
മുത്തുമാലപതക്കമുരുതരമുരസിചേർത്തു മനോഹരം
പത്തുകൈവിരലും നിറച്ചഥ മോതിരങ്ങൾ നിരന്തരം
എട്ടുരണ്ടു മുഴത്തിലുള്ളൊരു പട്ടുടുത്തരഞ്ഞാണവും
ഇട്ടുപട്ടുറുമാലുകെട്ടി മുറുക്കി നല്ലൊരു തൊങ്ങലും
തട്ടുപുഴുകുമെടുത്തു മുഞ്ഞി മിനുക്കി നൽകുറിയിട്ടുടൻ
മുട്ടുകുത്തിയിരുന്നു തലമുടി തുർത്തുകെട്ടി മഹാരഥൻ.
ശിൽപമോടഥ ചന്ദ്രകാവി വളച്ചുകെട്ടി വിശിഷ്ടമാം
ദർപ്പണത്തെയെടുത്തു പല്ലുമിളിച്ചുനോക്കി രസിക്കയും

ഇപ്രകാരമണിഞ്ഞുകൂത്തിന്നു ചാക്കിയാരണിയുന്നപോൽ
ഇപ്രകാരമതൊക്കെ വൈരികൾ കാണണം മമ പൌരുഷം
എന്നുറച്ചു ജലപ്രഭൃത്യവിധങ്ങളഖിലമെടുത്തഹോ
മന്നവൻ നിജവേഷഭൂഷണഭംഗിയൊക്കെ വരുത്തിനാൻ
ഉന്നതം കുടചാമരം, തഴ, കൊടികളിടകലരുംവിധം
പന്നഗദ്ധ്വജനാശു പാണ്ഡവനഗരനികടമവാപ്തവാൻ.

ധാർത്തരാഷ്ട്രനുരചെയ്തു സോദരന്മാരോടു മെല്ലെ:
"ധൂർത്തരാഷ്ട്രം പ്രവേശിച്ചു നമ്മളെന്നു ഗ്രഹിക്കേണം
കീർത്തിഭംഗം വരാതെകണ്ടിപ്രദേശങ്ങളെയെല്ലാം
പാത്തുകണ്ടുംകൊണ്ടു വെക്കമെങ്ങുതന്നെ ഗമിക്കേണം.
അബദ്ധങ്ങളൊന്നു കാട്ടാതിരിക്കേണമനുജന്മാർ
അവസ്ഥാനങ്ങളിൽചെന്നു ചാടിയാൽ ദൂഷണമുണ്ടാം
അവസ്ഥാദേശകാലങ്ങളറിഞ്ഞേ സഞ്ചരിക്കാവൂ
സുബദ്ധം നമ്മൾ ചെയ്താലുമബദ്ധമാക്കുമക്കൂട്ടം
പരന്മാർ പാണ്ഡുപുത്രന്മാർ പരിഹാസത്തിന്നു വട്ടം
പരിചിൽ കൂട്ടുമെന്നോററം കരുതിക്കൊണ്ടു ചെല്ലേണം.
എനിയ്ക്കേതുമബദ്ധങ്ങൾ വരികയില്ലൊരേടത്തും
കനക്കേടും വരത്തില്ലെന്നനുജന്മാർ ധരിക്കേണം.
അനക്കാതെന്നുടെ പിമ്പേ നടന്നുപോന്നുകൊള്ളേണം
അനർത്ഥമാർക്കുമില്ലെന്നാലപമാനം വരാനില്ലാ."

ഇത്ഥം പറഞ്ഞു സുയോധനവീരൻ
ചിത്തം തെളിഞ്ഞു നടന്നുതുടങ്ങി
ചിത്രപ്പുരത്തിലകത്തു കടന്നു
ചിത്രപ്പണികളും കണ്ടു നടന്നു
പാണ്ഡവന്മാരുമദ്രൌപദിതാനും
മണ്ഡപംതന്നിൽ കരേറി പ്പതുക്കേ
മാധവനേയും ബലഭദ്രനേയും
മാനിച്ചുവന്ദിച്ചവിടെ വസിച്ചു.
ദുര്യോധനനും സഹോദരന്മാരും
ദൂരത്തുനിന്നു വരുന്നതു കണ്ടു
ധർമ്മതനൂജന്റെ മാനസം തന്നിൽ
സമ്മോദമേററം വളർന്നു കിളർന്നു.
സമ്മാനത്തിന്നുള്ള വട്ടങ്ങൾ കൂട്ടി
സന്തോഷമോടെ വസിക്കുന്നനേരം
ദിവ്യസഭതന്നിൽ വന്നുകരേറി
ഭവ്യനായുള്ള സുയോധനഭൂപൻ

വെള്ളസ്ഫടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്കതുടങ്ങി
ഉള്ളിൽ വിളങ്ങുന്ന രത്നങ്ങൾ കണ്ടാൽ
തള്ളിയലയ്ക്കുന്ന നീരെന്നു തോന്നും
നീരുള്ളദിക്കെന്നുറച്ചു പതുക്കെ
നീന്തുവാനുള്ളൊരു വട്ടങ്ങൾകൂട്ടി
വീരാളിപ്പട്ടു മുറുക്കുകയററി
വീരൻ പതുക്കെപ്പദംകൊണ്ടുതപ്പി
പിമ്പിൽ നടക്കുന്ന തമ്പിമാരെല്ലാം
മുമ്പിൽ നടക്കുന്ന ചേട്ടനെപ്പോലെ
ചന്തത്തിലുള്ളൊരു പട്ടുമുയർത്തി
കുന്തിച്ചു കുന്തിച്ചു യാത്രതുടങ്ങി.
അപ്രദേശങ്ങൾ പതുക്കെക്കടന്നു
അഗ്രഭാഗത്തിങ്കൽ ചെന്നൊരു നേരം
പച്ചനിറമുള്ള രത്നങ്ങളാലേ
മെച്ചത്തിൽ കെട്ടിപ്പടുത്തു വിളങ്ങും
നീരാഴമുള്ളോരു നീരാഴിതൻെറ
തീരത്തുചെന്നു കരേറി നരേന്ദ്രൻ
ജലമേന്തിനിൽക്കുന്നോരാററിൻെറ മദ്ധ്യേ
ജലമില്ലെന്നുള്ളത്തിലോർത്തു പതുക്കേ
നലമൊടു പൊണ്ണൻ കുതിച്ചങ്ങുചാടി,
നിലവിട്ടു വെള്ളത്തിൽ വീണാശുമുങ്ങി.
പൂഴക്കും കളഭവും ചാന്തുംകുറിയും
കഴകി ജലത്തിൽ കിടന്നങ്ങുഴച്ചു.
മുഴകിയും പൊങ്ങിയുമങ്ങൊരുദിക്കിൽ
ഒഴകിത്തിരിഞ്ഞു തനിച്ചൊരു വീരൻ
വെള്ളംകുടിച്ചും കിതച്ചും പതച്ചും
ഉള്ളംചൊടിച്ചുമുരുണ്ടുപിരണ്ടും
തള്ളിയലച്ചും വിറച്ചും വിയച്ചും
തള്ളിപ്പിടിച്ചും മറിഞ്ഞും തിരിഞ്ഞും
പാരം വലഞ്ഞു പതുക്കെപ്പതുക്കെ
തീരമണഞ്ഞൊരു ദിക്കിൽ കരേറി.
കണ്ടുവസിക്കും വൃകോദരനപ്പോൾ
രണ്ടുകരങ്ങളും കൊട്ടിച്ചിരിച്ചു
"പണ്ടു നീ നമ്മെ കയർകൊണ്ടുകെട്ടി-
ക്കൊണ്ടു കയത്തിൽ പിടിച്ചു മറിച്ചു

അങ്ങനെ ചെയ്യോരു ദുര്യോധന ! നീ
ഇങ്ങനെ വെള്ളത്തിൽ മുങ്ങീടവേണം.
തങ്ങൾ ചെയ്തീടും ദുരാചാരമെല്ലാം
തങ്ങൾക്കുതന്നേ ഭവിച്ചീടുമല്ലോ.
ശൃംഗാരമോടിയും കൂട്ടിക്കൊണ്ടയ്യോ
ചങ്ങാതിവന്നെൻെറ നീരാഴി തന്നിൽ
മുങ്ങാനവകാശം വന്നതുകൊള്ളാം
എങ്ങുനിന്നിപ്പോളിവിടേയ്ക്കു വന്നു ?
നിങ്ങടെ രാജ്യത്തിൽ വെള്ളം കുടിപ്പാ-
നെങ്ങുമൊരേടത്തുമില്ലായ്കകൊണ്ടോ ?
ഞങ്ങടെ നാട്ടിലെ തോട്ടിലെ വെള്ളം
അങ്ങുള്ള വെള്ളത്തേക്കാൾ ഗുണമെന്നോ ?".

ഇത്ഥമോരോ പരിഹാസം പറഞ്ഞു ഭീമസേനന്താൻ
ഹസ്തസംഘട്ടനത്തോടെ ഹസിച്ചങ്ങു രസിക്കുന്നു.
മാനിനിമാർമണിയാളാം ദ്രൗപദിയും കരംകൊണ്ട-
ങ്ങാനനത്തെ മറച്ചാശു മന്ദഹാസംചെയ്തു മെല്ലേ
നാണവും കോപവും പാരം വൈരവും മാനസം തന്നിൽ
ക്ഷീണവും ദൈന്യവുംപൂണ്ടു നാഗകേതു മഹാരാജൻ
പ്രാണനാശത്തിനെക്കാളും സങ്കടമിപ്പരിഹാസം
പ്രാണികൾക്കു സഹിക്കാവോന്നല്ല ഹാ ! ഹാ ! മഹാകഷ്ടം.
കെട്ടിഞൊത്തിയുടുത്തോരു പട്ടുമെല്ലാമിട്ടുമുക്കി
മുട്ടുകുത്തി മുഖംതാഴ്ത്തി തോട്ടിൽനിന്നു കരകേറി
കൂട്ടമോടെ വസിക്കുന്നോരന്യജന്മാർക്കു തൻ മുഞ്ഞി
കാട്ടുവാനുമെളുതല്ലാ, ലജ്ജകൊണ്ടുമാധികൊണ്ടും
ഇപ്പ്രകാരം വിഷാദിച്ചു ധാർത്തരാഷ്ട്രൻ തമ്പിമാരും
ക്ഷിപ്രമങ്ങു ഗമിപ്പാനായൊരുമ്പെട്ടു പുറപ്പെട്ടു
തൽപ്രകാരമറിഞ്ഞോരു ധർമ്മപുത്രൻ വിരവോടെ
തൽപ്രദേശത്തേക്കു ചെന്നു നല്ല പട്ടുംകൊണ്ടു മെല്ലേ.

"അയ്യോ കഷ്ടമേ ! നിങ്ങൾക്കീവണ്ണമിതുകാലം
ദുര്യോഗം സംഭവിപ്പാനൊട്ടും സംഗതിപോരാ
അങ്ങുന്നീഭവനത്തിലിന്നിപ്പോൾ വരുമെന്നു
ഞങ്ങൾക്കു നിനവില്ലാ, ഭാഗ്യമെന്നതേ വേണ്ടു
വല്ലാത്തോരബദ്ധത്തിൽ ചാടിപ്പോയതുകൊണ്ടും
തെല്ലും കുണ്ഠിതം വേണ്ടാ കുരുരാജാത്മജവീരാ !
പട്ടുകൊണ്ടങ്ങുടനീറൻ പകർന്നാലും വിരവോടെ

ഒട്ടും സംശയംവേണ്ടാ ദുക്കൂലം ഞാൻ തരാമിപ്പോൾ
ഇങ്ങുള്ളധനമെന്നും അങ്ങുള്ള ധനമെന്നും
എങ്ങും ഭേദമില്ലല്ലോ ശംഗിക്ക പറകല്ല.
അങ്ങേ അച്ഛന്നമെൻെറ താതന്നും പിതാവേകൻ
അങ്ങനെയുള്ള സമ്പത്തു രണ്ടുപേർക്കും സമമല്ലേ"

ഇത്ഥമുള്ള യുധിഷ്ഠിരൻെറ വിശ്രുബ്ധവാക്കുകൾ കേട്ടടൻ
ക്രുദ്ധഭാവരസംമറച്ചു പറഞ്ഞു പന്നഗകേതനൻ
'പട്ടുകെട്ടുകയിൽ തരിമ്പുമൊരാശയില്ല നമുക്കെടോ
വെട്ടുകൊണ്ടു മരിച്ചിലെങ്കിലതീശ്വരൻെറയനുഗ്രഹം
മുട്ടതീർത്തുവിടേണമെന്നു ഭവാൻെറ മനസി മനോരഥം
മുട്ടുകൊണ്ടു മുറിഞ്ഞുചാകരുതെന്നെനിക്കു മനോരഥം
സല്ക്കരിപ്പതിനായ്‌വരുന്ന ഭവാൻെറ തമ്പി വൃകോദരൻ
ധിക്കരിച്ചു ചിരിച്ചതെന്നു മറക്കുമേഷസുയോധനൻ?
ഇക്കണക്കു പിരിഞ്ഞതെന്നുടെ ഭാഗ്യമെന്നിഹ ഞങ്ങളെ
ചക്കതീററിവിടേണമെന്നു കൊതിച്ചിരുന്നു സഹോദരൻ.
ശക്രസുതനൊടു രണ്ടുവാക്കു പറഞ്ഞുപോരണമെന്നഹോ
അർക്കസുതനൊരു മോഹമുള്ളതു സാധിയാഞ്ഞതു കുണ്ഠിതം
ഒക്കെയും പുനരുപരികഴിവരുമക്കനന്ദന നന്ദന!
വെക്കമെങ്ങുഗമിക്ക ഞങ്ങളുമങ്ങു പോവതിനൊട്ടുമേ
കാലതാമസമില്ല, യാത്രപറഞ്ഞു ഞങ്ങൾ മഹാമതേ
ചാലവേമമഹസ്തിപത്തനമെത്തിയെന്നു ധരിക്ക നീ.
കാലവാതവലാന്തകാശ്വികുമാരരാകിന നിങ്ങളും
ലീലയാ നിജമന്ദിരത്തിൽ വസിച്ചുകൊൾക യഥാസുഖം"
നിറഞ്ഞമത്സരമെല്ലാം മറച്ചുകൊണ്ടിപ്രകാരം
പറഞ്ഞു കൗരവനുള്ളിലുറഞ്ഞകോപവും പൂണ്ടു
നിറക്കേടും തരക്കേടും ചിതക്കേടും പതക്കേടും
കനക്കേടും മനക്കേടും മതക്കേടും മദക്കേടും
കുറഞ്ഞോന്നല്ലഹോ കഷ്ടം കുരുക്കൾനിങ്ങളെ മുന്നം
ഒരിക്കലുമൊരേടത്തുമകപ്പെട്ടിട്ടറിവില്ലാ.
കറുത്തു വക്ത്രവും ചിത്തം വെറുത്തു ദുഷ്പ്രഭുത്വവും
കറുത്തു കുണ്ഠിതമൊട്ടും പൊറുത്തുകൂടുകയില്ല.
വളർന്നനാണവുമംഗംതളർന്നു വൈരവുമേററം
കിളർന്നമാനസമൊന്നു പിളർന്നുപോയതുപോലെ
പകർന്നു വെററയും പാക്കും നുകർന്നു പല്ലുകൾ ചുണ്ടും
ചുകന്നു കാൺകയില്ലാർക്കു മകന്നുമോടികളെല്ലാം
നടന്നു കാനനമെല്ലാം കടന്നു ഹസ്തിനഗേഹ-

മട്ടത്തുചെന്നാകംപുക്കുകട്ടത്തുള്ളോരവമാനം
ക്ഷമിച്ചു താതനെച്ചെന്നു നമിച്ചു തൽപുരംതന്നിൽ
ഗമിച്ചു ഭാൎയ്യമാരോടേ രമിച്ചു കൗരവശ്രേഷ്ഠൻ.

പറവാൻ ബുദ്ധിയില്ലാത്ത പറയൻ ഞാനിതുമാത്ര-
മറിഞ്ഞോരു കഥാശേഷം പറഞ്ഞെന്നെന്നാതേ വേണ്ടു
ഗുരുക്കന്മാരടിയന്റെ കുറവുകൾ പൊറുക്കേണം;
നിരക്കുന്ന ഗുണമിങ്ങു തെരിക്കെന്നു വരുത്തേണം.
ഇരിക്കുന്ന സഭാവാസിജനമെല്ലാം പ്രസാദിച്ചു
തരക്കേടുവരാതെന്നെ ത്തുണയ്ക്കേണം നമസ്കാരം.
പരബ്രഹ്മസ്വരൂപശ്രീ പരമേശൻ മഹാദേവൻ
പരമാർത്ഥം പരംദൈവം പരമാനന്ദസന്ദോഹം
പരമാത്മാപരമെന്നു പരിചോടിങ്ങരുളേണം
പരിതോഷം വരുത്തേണം പരമെന്നെ നികത്തേണം
അമരസേവിതേ! മാത്തൂരമരും ശ്രീമഹാഭദ്രേ!
മമ തായേ! മഹാമായേ! മമതാവാരിധേ! ദേവീ!
നമസ്തേ ലോകമാതാവേ! നമസ്തേ നായികേ! നാഥേ
നമസ്തേ മല്ക്കുലാധാരേ! നമസ്തേ മംഗളാകാരേ!

സഭാപ്രവേശം പറയൻതുള്ളൽ സമാപ്തം.

# ത്രിപുരദഹനം

## [പറയൻ തുള്ളൽ]

പ്രണതവത്സലൻ ദേവൻ പ്രണവപാവനാകാരൻ
പ്രണയപേശലൻ ലോകപ്രണയദായകൻ വീരൻ
ത്രിണയനാത്മജൻ ധീരൻ തൃണീഭൂതാരിസംഘാതൻ
ഗണനാഹീനമാമോരോ ഗ്ഗുണങ്ങൾക്കാശ്രയഭൂതൻ
ഗണപതി ഭഗവാൻ മേ തുണയായി ഭവിക്കേണം
ക്ഷണനേരം മടിക്കാതെ വണങ്ങുന്നേൻ വടിവോടെ
തണുത്ത കണ്ണിണകൊണ്ടു തണുപ്പിച്ചീടണമെന്നെ
വണങ്ങുന്ന ജനങ്ങളിലിണങ്ങും ദേവതമാരും
മണമുള്ള മലർതന്നിലണയും വണ്ടുകൾപോലെ.
പിണങ്ങുന്ന ജനങ്ങൾക്കു തുണചെയ്‌വാനാരുമില്ലാ
തണലില്ലാത്ത വൃക്ഷത്തെ ഗ്ഗണിക്കുമോ പഥികന്മാർ ?
ഗുണമില്ലത്തവരെക്കൊണ്ടിണങ്ങർക്കും ഫലമില്ലാ
പണമില്ലാത്തവൻ വേണ്ടാ ഗണികമാർക്കൊരുനാളും.
രണഭീരുക്കളെ വേണ്ട തനിച്ചു മന്നവന്മാർക്കും.
പ്രാണികൾക്കു മനക്കാമ്പിൽ പ്രീണനങ്ങൾ വരുത്തുന്ന
വാണീഭംഗീവിലാസങ്ങൾ വേണമെങ്കിൽ ബുധന്മാരെ
ഊണുറക്കം നിനയ്ക്കാതെ കാണിനേരമിളയ്ക്കാതെ
ഏണശാബമിഴിയാളാം വാണിതന്റെ ചരണാന്തേ
പാണിരണ്ടും കൂപ്പി മെല്ലെ ത്താണുവീണു വണങ്ങേണം
വാണിതന്റെ കൃപയാലി ക്ഷോണിചക്രം ജയിച്ചീടാം
ക്ഷീണഭാവമൊരുനേരം കാണുകില്ലെന്നറിഞ്ഞാലും.
വാണിമാതാവിനെ ത്താണുവണങ്ങുവാൻ മടിക്കുന്ന
പ്രാണികൾക്കു സമക്ഷത്തു നാണക്കേടു ഭവിച്ചീടും.
കോണിലെങ്ങാനൊരേടത്തു തൂണുപോലെയിരിക്കാതെ
വാണികൊണ്ടു ഫലിപ്പിച്ചീടണമെല്ലാജനങ്ങളും
നാണിയത്തിന്നിതുതന്നെ വേണമെന്നോ മതിയാവൂ.
ഭോഷനായ ഞാനുമിപ്പോൾ ഭാഷതന്നെ ചമയ്ക്കുന്നു
ശേഷമുള്ള ജനത്തിന്നു ഭാഷണത്തിന്നൊരുമാർഗ്ഗം.
ഏഷണിക്കാരിതുകൊണ്ടു ദൂഷണങ്ങൾ പറഞ്ഞാലും
ശേഷശായീകൃപയാലെ ഭൂഷണമായ്വരുമത്രേ.

അമ്പലപ്പുഴമേവുമംബുജലോചനൻ കരുണാകരൻ
ഇമ്പമോടടിയന്റെ മാനസേ സമ്പമമ്പൊടകററണം.
വമ്പനായ കിരീടിതന്നുടെ തേരിലേറി നടന്നവൻ
വൻപടയ്ക്കിടക്രൂരിയേററൊരു നൂററപേരെ മുടിച്ചവൻ.
കുമ്പിടുന്ന നമുക്കു വാക്കിനു ജൃംഭണങ്ങൾ വരുത്തണം
ചെമ്പകശ്ശേരി നാടുവാണരുളീടുമെന്നുടെ തമ്പുരാൻ
ചമ്പകാവലി കോമളാകൃതിയായ ദേവനാരായണൻ
സാമ്പ്രതം തുണയായ് വരേണമെനിക്കു തൽകുലഭൂഷണൻ
സകലഗുണഗണനിലയനാകിയ ഭൂതനാഥനനാമയൻ
തകഴിയിൽ കുടികൊള്ളുമീശ്വരനടിയനാശ്രയമെപ്പൊഴും
വികടരിപുഭടപടയിലുടനുടനേററു വെട്ടിയമർത്തുവാൻ
പ്രകടപ്പെട്ടബലമുടയഹരിഹരതനയനിന്നു തുണയ്ക്കുമാം.
ധരണിസുരവരമകുടമണി മമ ധാർമ്മികൻ ഗുരുനാഥനും
പരിചിലടിയനു പട്ടതവരുവതിന്നേററമൊന്നു തുണയ്ക്കണം.
പരമഗുരുവരചരണസരസിജസേവകൊണ്ടു സമസ്തവും
നരനു വിരവൊടു വരുമതൊരുസുരദാരു ചാരു ലഭിക്കണം.
നന്ദികാടവിനായകൻ ഗുരുബാലരവി പരദൈവതം
നന്ദിനൽകണമെന്നുമേ തിരുകണ്ടാപുരി ഭഗവതി
കള്ളർകോട്ടമരുന്ന ശങ്കരനുള്ളിൽവന്നു വിളങ്ങണം
വെള്ളിമാമലവാസി കിള്ളിക്കുറിശി വാണമഹേശനും.

കാലത്തിൻ പകർച്ചകൾ മനുജർക്കു നിനവില്ലാ
കാലത്തെ ഉണരുവാൻ മടിപാരം ബുധന്മാർക്കും
കാലൻ വന്നണയുമെന്നൊരു പേടിയതുമില്ലാ
കാലാരിചരിതങ്ങൾ നിനപ്പാനും മനസില്ലാ
ബാലന്മാർ തരുണന്മാർ വൃദ്ധന്മാരിവരെല്ലാം
ബാലസ്ത്രീജനങ്ങളിൽ കൊതികൊണ്ടു വലയുന്നു
നീലക്കാർ കുഴലിമാർ വീട്ടുതോറും നടന്നോരോ
ലീലയ്ക്കു തുനിയുന്നു തനിച്ച ഭൂസുരന്മാരും!
വെയിലെന്നും മഴയെന്നും രാവെന്നും പകലെന്നും
വാലേതു തലയേതെന്നറിയാത്ത പുരുഷന്മാർ
കോലുന്ന പരിഹാസം പറഞ്ഞിട്ടും ചിരിച്ചിട്ടും
കാലങ്ങൾ വൃഥാതന്നെ കഴിക്കുന്നു മരിക്കുന്നു.
ദേവസ്വം മുടിപ്പാനും ബ്രഹ്മസ്വം മുടിപ്പാനും
ഡംഭന്മാർക്കൊരുനാളും മടിയില്ല മനക്കാമ്പിൽ.
ബ്രഹ്മാവു ശിരസ്സിങ്കൽ വരച്ചതു നിരസിപ്പാൻ
ബ്രഹ്മാണ്ഡകടാഹത്തിലൊരുത്തനു മെളുതല്ലാ.

ബ്രാഹ്മണവരന്മാരെപ്പരിചൊടു വണങ്ങേണം
ബ്രാഹ്മണർ നമുക്കെല്ലാമീശനെന്നങ്ങിരിക്കേണം.
ബ്രാഹ്മണ്യമായ ജന്മം ജനിപ്പാനുമെളുതല്ലാ
ബ്രാഹ്മണ്യമായ കർമ്മം നടത്താനും പണിതന്നെ.
ചണ്ഡാളൻ പറഞ്ഞാലും നല്ലതെങ്കിൽ ഗ്രഹിക്കേണം
ചണ്ഡീശകടാക്ഷങ്ങളവനിലും ഭവിച്ചീടും.
ഒട്ടറെയറിവുള്ള ഭട്ടേരി പറഞ്ഞാലും
പട്ടാങ്ങിനൊത്തില്ലെന്നാൽ നിരൂപിച്ചേ നടക്കാവൂ.
കാവ്യങ്ങൾ പുരാണങ്ങൾ നാടകങ്ങളിവയെല്ലാം
ദ്രവ്യം കിട്ടുമെന്നാകിൽ പഠിക്കുന്നു ചിലരിപ്പോൾ.
ദ്രവ്യത്തിങ്കലല്ലാതെയൊരുനേരം മനസ്സില്ലാ
ഭവ്യന്മാർക്കതുപിന്നെ മതിയെന്നും വരത്തില്ല.
ദൂരെനിൽക്കും പറയ നീ സാരമെല്ലാം പറയാമോ
ധാരണയ്ക്കു കുറവില്ലാതാരണന്മാരുടെ മുമ്പിൽ
ആരണഞ്ഞു പിണങ്ങുന്നുവെന്നുമാരും കരുതേണ്ടാ
ഭാരതിതൻ വിലാസങ്ങളാർക്കുമേതും ഭേദമില്ല.
പാരിടത്തിൽ നിരൂപിച്ചാൽ നേരുതന്നെയുരചെയ്യാം
സാരബോധം കലികാലേ നീചജാതിയ്ക്കേറമത്രേ.
കാലകാലൻ ഭഗവാന്റെ ചരിതങ്ങളുരചെയ്‌വാൻ
ആളുഞാനെന്നൊരു ഭാവമടിയത്തിന്നുണ്ടുതാനും.
കാളതന്റെ തോളിലേറി കളിക്കും പാർവ്വതീകാന്തൻ
താളമൊന്നും പിഴയ്ക്കാതെ കാത്തുകൊള്ളുന്നുമാമെങ്കിൽ
മേളമോടു പറഞ്ഞീടാം ത്രിപുരദാഹമെന്നേററം
കേളിയുള്ള കഥാരത്നം കേട്ടുകൊൾവിൻ ബുധന്മാരേ.

താരകനാമസുരന്റെ തനയന്മാർ മൂവരുണ്ടായ്
താരകാക്ഷൻ കമലാക്ഷൻ വീരനായ വിദ്യുന്മാലി.
താരകേശചൂഡനായ ഭഗവാന്റെ മകനായ
താരകാരിയവരുടെ താതനെക്കൊന്നൊരുശേഷം
നാരദന്റെ കബളംകൊണ്ടവർക്കുള്ളിലൊരിക്കലും
മാരഹന്താവുടെനേരെ വൈരമേതും ഭവിച്ചില്ല.
വൈരമെല്ലാം സുരന്മാരിൽ മുഴക്കുന്നുദിനന്തോറും
ഗൌരിതന്റെ രമണങ്കൽ ഭക്തിയും ചെന്നുറയ്ക്കുന്നു.
ദാരുണന്മാരവർ പിന്നെ ഘോരകർമ്മങ്ങൾ ചെയ്യാനും
വൈരികളാം സുരന്മാരെപ്പോരിലാശു ജയിപ്പാനും
ഭൂരിഗർവ്വം നടിപ്പാനും ശൂരഭാവം നടിപ്പാനും
വീര്യമുണ്ടാകുവാനുള്ള പ്രയത്നത്തിന്നൊരുമ്പെട്ടു.

കൂരിരുട്ടിൻ നിറമോടെ നേരിട്ടുന്നശരീരങ്ങൾ
ക്രൂരദംഷ്ട്രങ്ങളും കണ്ടാൽ പാരമുള്ളിൽ ഭീതിയുണ്ടാം.
ചെമ്പരത്തിക്കുസുമത്തെ കുമ്പിടീക്കും നയനങ്ങൾ
കമ്പമെല്ലാജനങ്ങൾക്കുമൻപിനോടെ വരുത്തുന്ന
വമ്പരാം ദാനവരുടെ മുമ്പിൽനിന്നു പിണങ്ങുന്നു
കൊമ്പനാനത്തലവന്മാർ കൊമ്പുകുത്തിവണങ്ങേണം.
അഷ്ടലോകാധിപന്മാരും ഞെട്ടുമാറങ്ങതിക്രൂരം
അട്ടഹാസം മുഴക്കികൊണ്ടെട്ടുദിക്കും നടക്കുന്നു.
വിഷ്ടപത്തെ മുടിപ്പാനും വട്ടമിട്ടുപുറപ്പെട്ടു
ഇഷ്ടമാകുംവരമെല്ലാം കിട്ടണമെന്നുറപ്പിച്ചു
തുഷ്ടതയ്ക്കു വിരുതെന്നിൽകിടണം പട്ടണംതോറും
തട്ടണം നമ്മുടെശക്തി മുട്ടണംദേവകൾക്കെല്ലാം
പൊട്ടണം ഗാത്രവും ഭേരികൊട്ടണം നാടുകൾതോറും
നാട്ടണം തോരണം കാട്ടിക്കൂട്ടണം വിക്രമമെല്ലാം.

'എങ്കിലിങ്ങു തരത്തിലുള്ള വരത്തെയിങ്ങു വരിക്കണം
ശങ്കയില്ല ജഗത്തുപാടെ മുടിപ്പതിന്നു ചരിക്കണം
പങ്കജാലയനെബ്ഭജിച്ചു വരേണ്ടതൊക്കെ വരിക്കണം
പങ്കമാശുകളഞ്ഞു നമ്മുടെ സങ്കടങ്ങളകററണം'
ഇത്തരം നിജചിത്തതാരിലുറച്ചുകൊണ്ടസുരത്രയം
സത്വരം വിപിനാന്തരത്തിലകത്തു പുക്കവരുൽക്കടം
സത്വഭാവമിയന്നുനിന്നു തപംതുടങ്ങി ദിവാനിശം.
നല്ലനല്ല തടാകവാരി തിരഞ്ഞുനടന്നു കുളിക്കയും
അല്ലലെന്നിയെ ഗോപിചന്ദനമെന്നിതൊക്കെ ധരിക്കയും
കള്ളമെന്നിയെ നല്ലമന്ത്രവരങ്ങളങ്ങു ജപിക്കയും
അമരവരപുരമമരുവതിനൊരു വിരുതുകരുതി വിളിക്കയും
സമരമുരുതരമുപരിവരുമിതി പെരുത്തു മമത നിനയ്ക്കയും
പരുഷതരമൊട്ടമഖവുമനവധി വരിഷമാശു കഴിക്കയും.

നാലുഭാഗങ്ങളിൽ നല്ലമേലരിയുമെരിയിച്ചു
കാലമേതും കളയാതെ ദാനവന്മാരതുകാലം
നാലുവക്ത്രമുടയോൻെറ ലീലപാടി സ്തുതിചെയ്തു
പാലുതേനെന്നിവയെല്ലാംകൊണ്ടു നല്ലാഹുതിചെയ്തു
വെയ്ലുതട്ടി ശ്ശരീരങ്ങൾ കോലുപോലെ മെലിഞ്ഞാശു
തോലുചുക്കിച്ചുളിഞ്ഞിട്ടും ഭാവമേതും പകർന്നില്ല.
ഏവമൊട്ടങ്ങൊരുകാലം ഭൂതലത്തിങ്കലുറപ്പിച്ചു
മീലിതാക്ഷിദ്വയന്മാരായ്നിന്നു നൂറായിരം വർഷം.

ച്ചററുമോരോവള്ളി കൂടിച്ചുററിനിന്നു പടരുന്നു
പുററുവന്നു ചുഴലവും പററിച്ചുററി നിറയുന്നു
താടികളിൽ ചിലമാടപ്രാവുവന്നു കൂട്ടകെട്ടി
മുട്ടയിട്ടു പലകാലം കൂടിയാടിക്കളിക്കുന്നു.
വേട്ടപോലെ വളർന്നോരു ജടതന്നിലരവങ്ങൾ
ഓടിവന്നു പലർകൂടികെട്ടു പെട്ടുകിടക്കുന്നു.
പേടിയാമന്തകൻ തൻെറ കിങ്കരന്മാരെന്നപോലെ
കൂടിയോരോരോദനജന്മാരിങ്ങനെ കാനനംതോറും
ചണ്ഡവാതാതപംകൊണ്ടു വിണ്ണവർക്കും മുനികൾക്കും
ദണ്ഡമേററം ഭവിക്കയാൽ പുണ്ഡരികോത്ഭവനപ്പോൾ
ദണ്ഡവും മാലയും തോലും കുണ്ഡികാ പുസ്തകം പിന്നെ
മണ്ണുകൊണ്ടു ചമച്ചോരു പിണ്ഡവും പെട്ടിയും കെട്ടി
തിണ്ണമെല്ലാമെടുത്തുകൊണ്ടണ്ഡജത്തിൻ മുകളേറി
ചണ്ഡവേഗമെഴുന്നള്ളി കണ്ണടച്ചു വസിക്കുന്ന
പൊണ്ണന്മാരോടരുൾചെയ്തു പണ്ഡിതനാം വിധാതാവും:
"ഉണ്ണികളേ മടിയാതെ കണ്ണുമെല്ലെത്തുറന്നാലും
നിർണ്ണയം ഞാനഭിലാഷം പൂർണ്ണമങ്ങു തരുന്നുണ്ട്.
വേണ്ടതെല്ലാം പറഞ്ഞാലും! വേണ്ടഖേദമിനിമേലിൽ
കുണ്ഠഭാവം കളഞ്ഞെന്നെ കണ്ടുകൊൾവിൻ പുരോഭാഗേ"
ഇത്ഥമുള്ള വിരിഞ്ചൻെറ അരുളപ്പാടതു കേട്ടു
ബദ്ധമോദമസുരന്മാർ നയനങ്ങൾ തുറന്നാശു
ഭക്തിയോടങ്ങെഴുന്നേററ് മൂന്നുപേരും കരംകൂപ്പി
പത്മപുത്രനമസ്കാരം ചെയ്തുകൊണ്ടങ്ങുണർത്തിച്ചു :—
"പങ്കജസംഭവ! പോററി! നിൻകൃപകൊണ്ടടിയങ്ങൾ
ശങ്കരൻെറ ഭക്തരായി ശങ്കവിട്ടു നടക്കേണം
വിശ്വമെല്ലാമടിയങ്ങൾക്കൊത്തവണ്ണം വരുത്തേണം
വിശ്വനാഥന്മാരിദാനീമടിയങ്ങളായ്‌വരേണം
ഞങ്ങളോടെതിരിടുന്ന ജനമെല്ലാമടങ്ങേണം
ഞങ്ങളെക്കൊല്ലുവാനാരും മതിയല്ലെന്നിരിക്കേണം
ഭംഗിവാക്കൊന്നരുൾചെയ്താൽ കൂട്ടകില്ലെന്നറിഞ്ഞാലും
ഞങ്ങളൊട്ടും ഭോഷരല്ല ചെണ്ടകൊട്ടിക്കയും വേണ്ടാ
എന്തിനായിട്ടിവിടേക്കു വന്നു ചാടിയതിൽ പിന്നെ
ചിന്തകൊണ്ടും കണക്കില്ല കിട്ടിയല്ലാതയയ്ക്കില്ല
രണ്ടുമൂന്നുവിധം വേണം വരമെന്നോമതിയാവൂ
ഭവനങ്ങൾ മൂന്നുവേണം വേണ്ടതെല്ലാമതിൽവേണം
ഭുവനം മൂന്നിലും താനേ നടക്കണമതുകൂടെ

ഭവനായ ഭഗവാങ്കൽ ഭക്തി ഞങ്ങൾക്കുറയ്ക്കേണം
ആയിരം വത്സരം ഞങ്ങൾ വേർപിരിഞ്ഞു നടക്കേണം
ആയതങ്ങു കഴിയുമ്പോൾ കൂടിയെത്തുമൊരുദിക്കിൽ
മുപ്പതുനാഴിക കൊണ്ടങ്ങെട്ടുകൂറിട്ടു കണ്ടെന്നാൽ
അല്പകാലമൊരുദിക്കിൽ കൂടിവാഴും മൂന്നുപേരും
അപ്പോഴങ്ങൊരസ്ത്രംകൊണ്ടൊരുത്തൻ മൂന്നുപേരേയും
ഒപ്പമങ്ങു വധിച്ചെന്നാലന്നു ചാവാൻ മടിയില്ല.
പിന്നെയും വേർപെടും ഞങ്ങളായിരം വത്സരകാലം
പിന്നെയും കൂടുമവ്വണ്ണം വരംകൊണ്ടതു വരുത്തേണം.
ആമെങ്കിൽ വരമിന്നു വിരവോടിങ്ങു തന്നാലും
അല്ലെങ്കിലിളയ്ക്കാതെ തെരിക്കെന്നു നടന്നാലും
വല്ലാതെ വരുമെന്നുള്ളതുകൂടെ കരുതേണം"
എന്നെല്ലാമവരുടെ വാക്കുകേട്ടു വിരിഞ്ചനു-
മുനിച്ചകോപമുള്ളിലടക്കി നിന്നരുൾചെയ്തു:
"തന്നേക്കാമുണ്ണികളേ നിങ്ങളുടെയഭിപ്രായം
ആശാരിപ്പണിക്കനമ്മയനെന്നൊ വരുത്തീട്ട-
ങ്ങാശയ്ക്കു തക്കപോലെ പുരം മൂന്നുപണിയിപ്പിൻ
നാശങ്ങളണയാത്ത പുരങ്ങളിലിരുന്നും കൊ-
ണ്ടാശാന്തങ്ങളിലെല്ലാം നടന്നാലും ഭടന്മാരെ
നിങ്ങൾക്കു മനതാരിലുള്ളവണ്ണം ഭവിയ്ക്കട്ടെ
നിങ്ങൾക്കു ത്രിപുരന്മാരെന്നുപേരും ഭവിയ്ക്കട്ടെ"
ഇങ്ങിനെ വരംനൽകി വിരിഞ്ചനും സുരന്മാരും
തിങ്ങിനമാമുനിമാരും ഗമിച്ചാരംബരം നോക്കി.

താരകനാമസുരന്റെ മക്കളായ് ത്രിപുരന്മാർ
സാരമായ ശിവഭക്തി മുഴുത്തു മാനസതാരിൽ
ചാരുവായ ജടാഭാരം ധരിച്ചു തുമ്പയുംചൂടി
ചാരമെല്ലാമടിതൊട്ടു മുടിയോളം പൂശിനന്നായ്
ചേരുമാറു പുലിത്തോലുമുടുത്തു കൌതുകത്തോടെ
ഭൂരിരുദ്രാക്ഷഹാരങ്ങളണിഞ്ഞു കണ്ഠദേശത്തിൽ
ഹരനുടെ തിരുനാമം ജപിച്ചു മൂവരുംകൂടെ
"തരുണേന്ദുകലാധര പാഹിവിഭോ!
ഹരശങ്കര! ശങ്കര! പാഹിവിഭോ!"
ഗിരിജപ്രിയവല്ലഭ! പാഹിവിഭോ!
ഇപ്രകാരം തിരുനാമമുരചെയ്തു നടക്കുന്ന
മുപ്പുരന്മാർമയൻതന്നെ സ്മരിച്ചാരാദരവോടെ

ശില്പിമാരിൽ മികവേറം മയനാശുപോന്നുവന്നു.
അപ്രമേയം മയൻതന്റെ കൌശലം മന്ദിരം തീർപ്പാൻ
അരംവേണ്ടാ വാളുവേണ്ടാ വാച്ചിവേണ്ടാ ഉളിവേണ്ടാ
തരംനോക്കീട്ടൊരുദിക്കിൽ മഴുകൊണ്ടൊന്നു കുത്തുമ്പോൾ
പുരംതാനേ ജനിച്ചീടും തനിച്ചപർവ്വതം പോലെ
"തമ്പുരാന്മാരടിയനെ ച്ചിന്തചെയ്‌വാനെന്തു മൂലം?
വമ്പിയനാഭവാന്മാരൊന്നരുളിച്ചെയ്ക കേൾക്കേണം
കല്പനകേൾപ്പതിന്നേതും മടിയില്ലായടിയന്നു"
ഇപ്രകാരമുണർത്തിച്ചാനസുരാശാരിയുമപ്പോൾ.
എന്നതുകേട്ടൊരുനേരം താരകാക്ഷനരുൾ ചെയ്തു:
"ഇന്നുതന്നെ ഭവനങ്ങൾ മൂന്നുപേർക്കും ചമച്ചാലും
പൊന്നുകൊണ്ടും വെള്ളികൊണ്ടും ഇരുമ്പുകൊണ്ടുമോരോന്നു
ഉന്നതമായിരിക്കേണം വിസ്തൃതമായിരിക്കേണം
പിന്നെവേണ്ടുന്ന വസ്തുക്കളതിൽതന്നെ ജനിക്കേണം
നന്നുനന്നെന്നൊരുപോലെ കേളിനീളെപ്പരക്കേണം"
വെണ്മചേരും വചനങ്ങൾ കേട്ടനേരം മയന്താനും
വെണ്മഴുകൊണ്ടുടൻ മൂന്നുവെട്ടിനാൻ ഭൂതലന്തന്നിൽ
വെണ്മണിമാളികോദ്യാനം പ്രൗഢവാപീതടങ്ങളും
പ്രൗഢിയോടെ പുരംമൂന്നും വിളങ്ങിക്കാണായ്‌വന്നു.

മാടവും മണിമാടവും പതിനെട്ടുകെട്ടു നിരക്കവേ
നാടശാലകൾ കോടിഹാടക വാടക്രൂടഗൃഹങ്ങളും
ഘോടകാലയജാലവും പലചേടകാലയവീടുകൾ
കുങ്കുമാലയമങ്കണങ്ങളുമങ്കവെങ്കളിമാടവും
തങ്കശാലകളങ്കശാലകളങ്കശാങ്കിതമണ്ഡപം
കിങ്കരാലയ ചുങ്കശാലകൾ മങ്കമാരുടെ വീടുകൾ
കോട്ടമാളിക ചെട്ടിപട്ടണമെട്ടുകെട്ടുകൾ തട്ടുകൾ
സിന്ദുവാരവുമെന്നുവേണ്ട മരങ്ങളെത്ര തരങ്ങളിൽ
ചെമ്പകങ്ങളിരിമ്പകങ്ങൾ കരിമ്പു രംഭ കരിമ്പന
ചെമ്പരത്തി പരത്തി പാതിരി അത്തി ഇത്തി വടങ്ങളും
മുല്ല മല്ലിക ചെങ്കുറഞ്ഞി കരിംകുറഞ്ഞി കുറഞ്ഞിയും.
ദാനവാധിപസേനകൾക്കൊരു ഹാനിയില്ലൊരുനേരവും
മാനിനീജനമോടുകൂടെ മനോഹരം മണിമന്ദിരേ
മീനകേതനകേളിയാടി സുഖിച്ചുകൊണ്ടു ദിവാനിശം
പീനപൌരുഷമങ്ങുമിങ്ങുമിരുന്നു ലീലതുടങ്ങിനാർ.
മദ്യകുംഭമടുക്കൽവച്ചു കുടിച്ചുകൊണ്ടു രസിക്കയും
ഗദ്യപദ്യമുരയ്ക്കയും പലവിദ്യകണ്ടു രസിക്കയും

നല്ലപാട്ടുകളങ്ങുപാടിയൊട്ടുക്കമെങ്ങു പിഴയ്ക്കയും
പകിടപലതരമാടിയും പലപ്രകടരസമിടകൂടിയും
രസികജനമിടകൂടിയും മൃദുഹസിതപുതുമലർ ചൂടിയും
ഇത്തരം പലഘോഷഭീഷണഭൂഷണം ബഹുഭാഷണം
ചിത്തമോഹനമാംപുരത്രയമത്രതീർത്തു മയാസുരൻ.

എത്രയും കുതുകം കലന്നൊരു താരകാക്ഷനമക്ഷണം
തത്രനിന്നഥ തമ്പിമാരൊടുകൂടവേഗിരമോതിനാൻ:
"ശില്പമെത്രയുമിപ്പുരത്രയമല്പമല്ലൊരു കൌശലം
കല്പകത്തണലിൽ പിറന്നാദിവസ്പതിക്കുമിതെത്തുമോ?
ശില്പിമാരിലൊരുത്തനും പുനരിപ്രകാരമൊരാലയം
തീർപ്പതിന്നെളുതല്ലകില്ലതിനില്ല നല്ലഗുണാംബുധേ!
എങ്കിലിന്നു ഗമിക്ക നീ മയ! ശങ്കയില്ല നമുക്കഹോ
നിങ്കലെപ്പൊഴുമുണ്ടെനിക്കു പ്രസാദമെന്നു ധരിക്ക നീ.
ശങ്കരൻകൃപകൊണ്ടു വേണ്ടതുമൊക്കെ വന്നുതികഞ്ഞു തേ.
എങ്കിലീഭുവനം തകർത്തു തിമിർത്തു വാഴുവനിന്നു ഞാൻ
പാകശാസനനെപ്പിടിച്ചു കൊടിത്തടത്തിൽ മുറുക്കണം
ലോകപാലകരൊക്കെവന്നു പടിക്കലിങ്ങു കിടക്കണം
ലോകമൊന്നു മറിച്ചുവെയ്ക്കണമേകശാസനമാക്കണം
വാദമില്ല നമുക്കുചേതസി വിക്രമങ്ങൾ നടത്തണം
പട്ടണം ചില ചുട്ടെരിക്കണ മൊട്ടുവെട്ടിമുടിക്കണം
തൊട്ടതൊക്കെ മുടിക്കണം പശുക്കുട്ടിവെക്കമെടുക്കണം
നീക്കമില്ലിനി യക്ഷരാജനൊടിക്ഷണം പടവെട്ടണം
വെക്കമെങ്ങളകാപുരത്തിലിരിപ്പുമമ്പൊടു പോക്കണം
പൊക്കണങ്ങളണിഞ്ഞു കൊണ്ടവനിന്നിരന്നു നടക്കണം
മരണഭയമുടനിയലുമമരകളമരുവാൻ പണിചെയ്യണം
കരുണനഹിനഹികരളിലൊരു കടുകോളമെങ്കിലുമിന്നഹോ
ചന്ദ്രബിംബമെടുത്തെനിയ്ക്കൊരു ചാണയാക്കിയരയ്ക്കണം
സാന്ദ്രശീതളകോമളം പനിനീരുമുണ്ടതിലെപ്പൊഴും
സൂര്യബിംബമെടുത്തെനിക്കൊരു ചൂണ്ടലാക്കിവളയ്ക്കണം
താരകാവലികൊണ്ടെനിക്കൊരു ഹാരമാല ചമയ്ക്കണം
താരകാക്ഷനടങ്ങുകില്ല നിനച്ചതൊക്കെ വരുത്തണം
ഉരഗപതികളുമമരപതികളുമനിശമെന്നെ വണങ്ങണം
പരിചിലവരുടെ ധനവുമനവധി ജനവുമനവധിതീരണം
ജംഭശാസനനും തനിച്ചനിലിമ്പവൃന്ദമശേഷവും
ഡംഭുകാട്ടി ഞെളിഞ്ഞിരിപ്പതുമിന്നെനിക്കിഹ കാരണം
രംഭമേനക ചിത്രലേഖയുമത്രവന്നു വണങ്ങണം

ശംഭുദേവപദാംബുജദ്വയമുണ്ടെനിയ്ക്കവലംബനം”
വീരനായ താരകാക്ഷനിത്ഥമോരോന്നുരചെയ്തു
പൊൻപുരത്തിലകംപുക്കു പള്ളിമാടം മുകളേറി
അങ്ങുമിങ്ങും നടക്കുന്നോരസുരന്മാരതുനേരം
തങ്ങൾ തങ്ങൾ പടയോടെ വന്നുപററി നിറയുന്നു
ഒററവാളും പരിചയും പത്തിവാളും കോപ്പുവാളും
അററമില്ലാത്തായുധങ്ങൾ കരങ്ങളിലെടുത്തുംകൊ-
ണ്ടുററവരാമസുരന്മാർവന്നു ചുററും നിറയുന്നു
മററുമോരോ പദാത്ഥങ്ങൾ കാഴ്ചവച്ചു വണങ്ങുന്നു
ചുററുമെല്ലാം നിറഞ്ഞങ്ങു തിങ്ങിനിൽക്കുന്നു ഭൃത്യന്മാർ.
ഉള്ളിൽ പേടിയും തേടി ചില മന്ത്രിപ്രവരന്മാർ
പള്ളിശ്ശ്രാമ്പിമേലേറി തിരുമുമ്പിൽ ചെന്നുനിന്നു
പള്ളിക്കട്ടിലിൻതാഴെനിന്നു മൂക്കിൽ വിരൽതള്ളി
ഭള്ളു കാട്ടിക്കൊണ്ടു കാര്യ്യമുണർത്തിച്ചു വസിക്കുന്നു.
ചൊല്ലുന്നു നൃപതിക്കു തല്ലുന്നു സചിവന്മാർ
തല്ലുന്നു നൃപതിക്കു കൊല്ലുന്നു സചിവന്മാർ
കൊല്ലുന്നു നൃപതിക്കു തിന്നുന്നു സചിവന്മാ-
രെല്ലാമിങ്ങനെതന്നെ ചൊല്ലുന്നു മതിമാന്മാർ.
ക്രൂരനാമസുരന്റെ കാര്യ്യക്കാരവരേററം
ക്രൂരന്മാർ പല മീശക്കൊമ്പന്മാരൊരുപോലെ
ദൂരവേ പഞ്ചപുച്ഛമടക്കിക്കൊണ്ടു ചെന്നിട്ട-
ങ്ങീരേഴു ഭുവനത്തെ മുടിപ്പാനാഗ്രഹത്തോടെ
ഒരുത്തൻചെന്നൊരു കാര്യ്യം ധരിപ്പിപ്പാൻ തുടങ്ങുമ്പോൾ
കരുത്തുള്ള യജമാന്മാർ വിരുദ്ധമായുരചെയ്യും.
കരത്തിൽ നാലെടുത്തങ്ങു കൊടുത്താൽ കാര്യ്യമൊട്ടെല്ലാം
വരുത്തും ശീലമവ്വണ്ണം വിരവോടു ധരിച്ചാലും.
സുരന്മാരിൽ പണ്ടുപണ്ടേ തുടങ്ങീ മാനസതാരിൽ
അടങ്ങുന്നില്ലിതുനേരമടങ്ങാതുള്ളൊരു വൈരം
കടുകോപംകലന്നോരു താരകാക്ഷനതുനേരം
കടക്കണ്ണു ചുവത്തിക്കൊണ്ടരുൾചെയ്താനിപ്രകാരം:
“കാര്യ്യബോധം തികഞ്ഞുള്ള കാര്യ്യക്കാർ പലരുണ്ടു്
കാര്യ്യമൊന്നങ്ങുരചെയ്‌വാൻ തുടങ്ങുന്നു ഞാനുമിപ്പോൾ
വീര്യ്യമേറും മുകുന്ദന്റെ ശക്തികൊണ്ടിജ്ജനമെല്ലാം
നാരിമാരെന്നതുപോലെ ഭയപ്പെട്ടു വസിക്കുന്നു.
നാണമെന്നും ശൗര്യ്യമെന്നും ബോധമെന്നും വീര്യ്യമെന്നും
വേണമെന്നിജ്ജനങ്ങളിലൊരുത്തർക്കും മനസ്സില്ല.

പ്രാണനീക്കൂട്ടിലുള്ളപ്പോൾ താണിരിപ്പാനെളുതല്ല
ആണിനത്രേ പിറന്നൊള്ളു ഞങ്ങളെന്നു ധരിച്ചാലും.
ആനനം നാലുള്ളവന്റെ ഭക്തികൊണ്ടീജഗത്തെല്ലാം
ഞാനൊരുത്തൻ ജയിച്ചീടാമത്ര ചാകില്ലറിഞ്ഞാലും.
സർവ്വദേവാധിപത്യത്തെ നിർവ്വഹിച്ചു മരുവുന്ന
പർവതാരിക്കൊരുകൂട്ടം ഗർവ്വപാരം മനക്കാമ്പിൽ
സ്വർവധൂമാരോടുകൂടി സർവ്വകാലം രമിക്കുന്ന
ദുർവിചാരപ്പെരുമാളിന്നുർവിതന്നിൽ പതിക്കേണം.
വേണ്ട വേണ്ടാ എന്നുവച്ചിട്ടൊക്കെയും ഞാൻ ക്ഷമിക്കുന്നു
വേണ്ടതെന്തെന്നറിയാഞ്ഞിട്ടല്ല മന്ത്രീശ്വരന്മാരെ!
അച്ഛനല്ലന്നിവരുടെ പിച്ചയേതും ഫലിച്ചില്ല
പൃച്ഛയെക്കണ്ടെലിപോലെ വിറച്ചുകൊണ്ടിരുന്നല്ലോ.
അച്ഛനേയുമിവർതന്നെ തച്ചുകൊല്ലിച്ചതും പിന്നെ
അച്ചതിവു നിനയ്ക്കുമ്പോളുള്ളിൽകോപം ജ്വലിക്കുന്നു.
പങ്കജബാണനെപ്പണ്ടു ശങ്കരന്റെ കനല്ക്കണ്ണിൽ
ശങ്കകൂടാതെ ചാടിച്ചാർ ഹുംകൃതിക്കാർ പലർകൂടി.
സന്യസിച്ച ഭഗവാനെക്കൊണ്ടു വേളികഴിപ്പിച്ചു
മുന്നിലേ കൈതവം പാരം കണ്ടതും കേട്ടതുമില്ലേ.
എന്നുവേണ്ടാ ശചീകാന്തനൊത്തവണ്ണം കാര്യമെല്ലാം
അന്നുവെട്ടം വാളിനു നെയ്യിട്ടിരുന്ന ലോകമെല്ലാം
ദന്ദശൂകാധിപനായ വാസുകിയെക്കയറാക്കി
മന്ദരപർവ്വതത്തേയും മത്തുമാക്കീട്ടന്നൊരു നാൾ
പാല്ക്കടലിൻനടുവിലിട്ടാക്കമോടെ വലിച്ചപ്പോൾ
വെക്കമോരോ പദാർത്ഥങ്ങളതിങ്കൽനിന്നുത്ഭവിച്ചു.
കല്പവൃക്ഷങ്ങളുണ്ടായി നല്ല പെണ്ണുങ്ങളുണ്ടായി
ശില്പമോടെ നാലുകൊമ്പുള്ളാനയും വന്നാശു പൊങ്ങി.
ഇത്തരം നല്ല വസ്തുക്കൾ വാനവന്മാർ കൈക്കലാക്കി
അത്രമാത്രമൊന്നുപോലുമിജ്ജനത്തിന്നു തന്നില്ല.
ശങ്കരന്നുമതിലൊന്നും കൊടുത്തില്ലെന്നതേയല്ല
ശങ്കവിട്ടു ഭഗവാനെ കാളകൂടം കുടിപ്പിച്ചു!
ആരച്ചൂട്ടും ഭഗവാങ്കൽ കൂറുമില്ല ദേവകൾക്കു്
നൂറുകൂട്ടം പറഞ്ഞീടാമിപ്രകാരം കൈതവങ്ങൾ.
അത്ര പൊന്നും പണങ്ങളും ഛത്രവും ചാമരങ്ങളും
വൃത്രവൈരിപുരംതന്നിൽമെത്തിയേറിക്കിടക്കുന്നു.
പത്തനങ്ങൾക്കിടംപോരാഞ്ഞങ്ങുമിങ്ങുമിരിക്കുന്നു
തത്ര തത്ര നടന്നോരോന്നിരക്കുന്ന കപാലിക്ക-

ങ്ങതുമാത്രം കൊടുപ്പാനും മനസ്സില്ല ശാന്മാർക്കു്
നേത്രമേറുന്ന രാജാവിനതിനോളം കൂട്ടമില്ല
അസ്ഥിമാലയെടുത്തീശൻ മുത്തുമാലയണിയുന്നു
വസ്ത്രമില്ലാഞ്ഞുടൻ നല്ല പുലിത്തോലങ്ങുടുക്കുന്നു
ചെമ്പകപ്പൂമലരില്ലാഞ്ഞമ്പിളിത്തെല്ലു ചൂടുന്നു
ചന്ദനമില്ലയുമൂലം വെണ്ണുനീർകൊണ്ടണിയുന്നു
മേളമേറം കലർന്നോരു വാഹനമില്ലയുകൊണ്ടു
കാളകണ്ഠൻ ഭഗവാനും കാളയേറി നടക്കുന്നു
ആളുമില്ല വാളുമില്ല കാമവൈരിക്കതുമൂലം
കാളിയേയും കൂളിയേയും തുണകൊണ്ടു നടക്കുന്നു.
ഇപ്രകാരമിരിക്കുന്ന ദുഷ്പ്രകാശസ്വരൂപിക്ക-
ങ്ങപ്രിയത്തെ വരുത്തുന്ന ദുഷ്പ്രഭുക്കൾക്കിന്നുതന്നെ
നിഷ്പ്രകാശം വരുത്തേണം ക്ഷിപ്രമെന്നു ധരിച്ചാലും
തൽപ്രകാരംകൊണ്ടു ലോകർക്കപ്രിയങ്ങൾ ഭവിച്ചാലും.
പൊന്പുരത്തിലിരിക്കുന്ന ഞാനുമെൻെറ ഭടന്മാരും
ഉമ്പർകോൻെറ നാടുപാടേ മൂടിപ്പാനും തുടങ്ങുന്നു.
തമ്പിയായ കമലാക്ഷൻ വെള്ളിഗേഹേ വസിച്ചുകൊ-
ണ്ടിമ്പമോടബ്ഭൂമിതന്നിൽ ചില നാശം വരുത്തേണം.
ഇരുമ്പുമന്ദിരേ വിദ്യുന്മാലിതാനും പാലുകാച്ചി
തരിമ്പും പേടികൂടാതെ ചെന്നു പാതാളലോകത്തെ
പെരുമ്പാമ്പന്മാരെയെല്ലാമൊരുമ്പെട്ടു കരംകൊണ്ടു
കരിമ്പിന്തണ്ടെന്നപോലെ പിടിച്ചൊക്കെപ്പിഴിയേണം"

ഇത്തരമങ്ങുരചെയ്യോരു ദാനവ-
സത്തമനെത്തിയ ഭൃത്യജനത്തോടു-
മൊത്തുതകത്തു തിമിർത്തു പുറപ്പെട്ടു
സത്വരമൊത്തു കളിച്ചു പുളച്ചഥ
ചെണ്ട പെരുമ്പറ കാഹളം കട്ടുതുടി
മദ്ദളമെന്നിവ വാദ്യരവങ്ങളാൽ
അണ്ഡകടാഹം മുഴക്കിപ്പതുക്കവേ
ബ്രഹ്മാണ്ഡഭാണ്ഡം മുഴക്കിത്തുടങ്ങി
ശൈലങ്ങളേഴും കുലുങ്ങിത്തുടങ്ങി
പാലാഴികൂടെ കലങ്ങിത്തുടങ്ങി
മാലോകർ ചിത്തം വിറച്ചു പതുക്കെ
മാലോടുകൂടെ മയങ്ങിത്തുടങ്ങി.

ഇത്തരം പല ഘോഷമാർന്നൊരു ദൈത്യസേനകളോടുടൻ
ഒത്തുകൂടിന താരകാക്ഷമഹാസുരൻ ബഹുപൗരുഷൻ

തമ്പിമാരോടു യാത്രചൊല്ലിയനുഗ്രഹിച്ചു പതുക്കവേ
ഉമ്പർകോനുടെ നാടുനോക്കി നടന്നു കാഞ്ചനകോട്ടയിൽ.
വാനമൊക്കെ നിറഞ്ഞുതിങ്ങിന ദാനവപ്പടയോടുടൻ
താരകാക്ഷപടജ്ജനങ്ങളുടൻ കടന്നു സുരാലയേ
ഘോരകർമ്മമനേകമങ്ങുതുടങ്ങിയോരു ദശാന്തരേ
പാരമുള്ളിലിയന്നു പേടികലർന്നു ദേവകളേവരും
സ്വൈരമങ്ങു വസിക്കുമിന്ദ്രനൊടിപ്രകാരമുണർത്തിനാൻ.

“ഉമ്പർകോനേ തമ്പുരാനേ, മുടിഞ്ഞു നമ്മുടെ രാജ്യം
പൊൻപുരക്കാരനെക്കണ്ടു ഭയപ്പെട്ടു ഞങ്ങളെല്ലാം.
ദുഷ്ടർവന്നു നിറക്കുന്നു കഷ്ടമോരോന്നുരയ്ക്കുന്നു
ശിഷ്ടരേയും തടുക്കുന്നു നിഷ്ഠയെല്ലാം പരത്തുന്നു.
നന്ദനത്തിൽ കടക്കുന്നു ചന്ദനങ്ങൾ ഒടിക്കുന്നു
കന്ദരങ്ങളടയ്ക്കുന്നു കാനനങ്ങൾ തകർക്കുന്നു.
കളിത്തട്ടിൽ കരയേറി തെളിഞ്ഞങ്ങു വസിക്കുന്നു
കളിക്കും കാമിനിമാരോടൊളിച്ചുകൊണ്ടടുക്കുന്നു.
അഭ്രമുവല്ലഭൻ തന്റെത്തുഭദ്രനേ പിടിക്കുന്നു
വിത്തമെല്ലാം മടിക്കാതെ കുത്തിവാരിക്കവരുന്നു.
പത്തുലക്ഷംദനുജന്മാർ പത്തനങ്ങൾ വളയുന്നു
കാൽത്തളിരിൽവീണു വന്ദിക്കുനാവരിൽ തെളിയുന്നു.
ഗാത്രമെല്ലാം പൊടിക്കുന്നു ക്ഷേത്രതീർത്ഥങ്ങളിലെല്ലാം
മൂത്രമങ്ങു പെടുക്കുന്നു എത്രയും കശ്മലന്മാരും.
തമ്പുരാനേ അടിയങ്ങൾക്കെന്തുദണ്ഡം മനക്കാമ്പിൽ
ഇമ്പമോടിജ്ജനങ്ങളെ ജയിപ്പാനെത്രയും വേഗാൽ
വമ്പർവന്നങ്ങടുക്കുമ്പോൾ തടുപ്പാൻ ശക്തിയില്ലാഞ്ഞാൽ
ചെമ്പിലെച്ചോറു തിന്നുന്നാ ഞങ്ങളെക്കൊണ്ടെന്തുകാര്യം”
ഇത്ഥമോരോ വീരവാദം പറഞ്ഞുകൊണ്ടതുനേരം
ബദ്ധമോദം സുരന്മാരുമസുരപുംഗവന്മാരും
ബദ്ധഘോഷം മുതിർന്നാരങ്ങെത്രയും ഘോരമാംവണ്ണം
പടകളിരുപുറമാശുകൂടി
പടഹഢുടഢുടഘോഷമാടി
പടുതതേടി പലരുകൂടി
ശരമതേറ്റവിരണ്ടുലഞ്ഞു
വില്ലെടുത്തു പിടിക്കയും തട-
വില്ലുതമ്മിലടിക്കയും
ചിലരഴുകയും ചിലർ തൊഴുകയും.

പോരിന്റെ പൊലിമകളോരോന്നോയുരചെയ്‌വാൻ
പോരാ നേരവും പിന്നെ തീരായേവനും ചൊന്നാൽ.
പാരാതെ സുരന്മാരങ്ങോരോ ദിക്കിലേക്കോടി
താരകാക്ഷനും യുദ്ധംചെയ്യുന്നാ ദിശിയിങ്കൽ
തേരീന്നങ്ങുടൻ ചാടി ദൂരത്തിന്ദ്രനുംപോയി
പാരം ഭീതനാം ജംഭവൈരിക്കും സുരന്മാർക്കും
ഭീരുക്കളെന്നതന്നൊ പേരും വീണിതക്കാലം.
ചേരുന്ന സുഖമെല്ലാമാരോമൽകനിവോടെ
സൈ്വരമേ വരുത്തിക്കൊണ്ടാരോടും കുറയാതെ
വീരനാകും താരകാക്ഷൻ ചാരുവേഷത്തോടു വാണു
നേരമ്പോക്കിനു നല്ല നാരിമാരുടെ കൂത്തും
ശാരികാമൊഴികളും ചാരുവാം വിലാസവും
സാരസ്യങ്ങളുംമേളിച്ചോരോ കേളിയുമാടി
വീരസ്വർഗ്ഗവുംകിട്ടി ധീരൻ വാണതുകാലം
വെള്ളിക്കോട്ടയിലുള്ള കമലാക്ഷനവനിയി-
ലുള്ള മാനുഷരുടെ നാടുകളും വീടുകളും
കൊള്ളിവെച്ചങ്ങെരിക്കുന്നു നീളെ സ്സഞ്ചരിക്കുന്നു
കള്ളംകൈക്കൊണ്ടൊരുനേരമെള്ളോളം ഭയമില്ല
കള്ളന്മാരൊരുകൂട്ടം ഭൃത്യന്മാരവർ പിന്നെ
കള്ളിനും കറപ്പിന്നും തിരഞ്ഞങ്ങു നടക്കുന്നു
തള്ളിക്കൊണ്ടലയ്ക്കുന്നു ഭള്ളേറെ നടിക്കുന്നു
മുള്ളേറെപ്പറയുന്ന പിള്ളേരെപ്പിടിക്കുന്നു
കള്ളന്മാരുടെ വീട്ടിൽ പടവില്ലും നല്ലബാണം
തല്ലും ഘോരമാം ദൃഷ്ടിത്തെല്ലും കൈകളിലോരോ
കല്ലും കണ്ടുപേടിച്ചു കൊല്ലും നമ്മളെവന്നു
തല്ലും നമ്മളെയെല്ലാം തെല്ലും സംശയമില്ല
മെല്ലെ ഗാത്രവുംകൊണ്ടു വല്ലദിക്കിനും പോകെ-
ന്നൊല്ലാമാനുഷന്മാരും ചൊല്ലി ധാവതി ചെയ്താർ.
വായെല്ലാം പിളർന്നുംകൊണ്ടസുരന്മാരടുക്കുമ്പോൾ
നായന്മാർ തെരുതെരെ പായുന്നു വനന്തോറും
പായും കട്ടിലും വീടും പോയെന്നാകിലുന്തന്റെ
കായംകിട്ടുമെന്നാത്രേ നായന്മാർ നിനയ്ക്കുന്നു.
ചുമരുണ്ടെങ്കിലേ നല്ല ചിത്രമുള്ളു ധരിച്ചാലും
ചോറുണ്ടെങ്കിലേ നല്ല കറികൊണ്ടു കണക്കുള്ളു.
അയ്യോ കഷ്ടമിക്കൂട്ടം വന്നാടുക്കും നേരമെന്റെ
കൈയിൽ വാളുമില്ലാഞ്ഞു തടുപ്പാനാളുമില്ലാഞ്ഞു

പൈയ്യകുത്തുമ്പൊളപ്പഞ്ചാക്ഷരംകൊണ്ടു കണക്കുണ്ടോ
പൊയ്യോന്നേ എനിക്കുള്ളക്കയ്യരോട്ടു കണക്കുള്ളു.
ആട്ടക്കാരുടെക്കൂട്ടം നാട്ടുവിട്ടു നടന്നീടും
കണ്ടതെല്ലാമത്രമാത്രം കൊട്ടുത്താലിയ്യിടത്തന്നൊ
രണ്ടുപേർക്കും ചെലവിന്നു വേണ്ടതെല്ലം വിളയുന്നു.
ചെണ്ടകൊട്ടി നമുക്കില്ലോളസുരന്മാർ വിളവെല്ലാം
കൊണ്ടുപോകുന്നതു കണ്ടുകൊണ്ടിരിപ്പാറായിവന്നു.
ഉണ്ടചോറം മറന്നല്ലോ കുണ്ടിലായിച്ചമഞ്ഞല്ലോ
കണ്ടുകൊൾവിൻ കാലദോഷം തൊണ്ടനെന്നു പേരുവന്നു.
നാശംകാൺകെടോ ! രണ്ടുകാശിന്നും മുതലില്ല
കാശിക്കു തിരിപ്പാനും ദേശങ്ങളറിവില്ല.
ഇങ്ങനെയൊരുക്കൂട്ടം മനുജന്മാർ പറഞ്ഞിട്ടു
മങ്ങിനമുഖത്തോടാവനംതോറം നടക്കുമ്പോൾ
എത്രയും പേടിയുണ്ടാകും ചോരയും മാംസഖണ്ഡവും
ഓരോരുപ്രദേശത്തു പാരമങ്ങു നിറകയാൽ
ഘോരമാം പിശാചുക്കൾ ഭൂതവേതാളവൃന്ദങ്ങൾ
ആരാഞ്ഞുപുറപ്പെട്ടു നീളെസ്സഞ്ചരിക്കുമ്പോൾ
ഓരോ വാക്കുകൾതമ്മിൽ പ്രാകൃതമായുരചെയ്താർ:
"യോളശോളയഃധാളണി കാളിയേളമഹോളയേ
മണ്ഡളേ ബഹളങ്കളേ കളബളീതകളികികുഹളെ വളയെ
ഘോളണാവളിയോഷണം ജളമേളനം കളയാവഹേ
ശുണ്ഡഖണ്ഡുണഖണ്ഡണം കിളിതണ്ണവാനിളതാണ്ഡവം
ഘണ്ണയംപുനരണ്ണയംഝണരെണ്ണയും ഝണയുംപ്രതി
ചണ്ണയം പണവഞ്ചളെണമമഞ്ചളെ മണമഞ്ചളെ
പിഞ്ചശൈമണകഞ്ചുളേണമഞ്ചിതോഹമഗഞ്ചിതേ
തന്തളെസതണന്തളെവളവഞ്ചതോണിയ പിഞ്ചളേ"
പ്രാകൃതം പറയുന്നാക്കൂട്ടമനേകമിങ്ങനെ തീന്നിതേ
ലോകവാസിജനത്തിനത്തൽവരുത്തിനാരവരെത്രയും.
നാട്ടിലും മലമൂട്ടിലും ചില വലിയമലയുടെ ഗുഹയിലും
ചെന്നൊച്ചു വിറച്ചുമനുജരൊളിച്ചുകൊണ്ടു നടക്കയും
വന്നുദാനവരെന്നുകേട്ടുടനവിടെനിന്നുതിരിക്കയും
എന്നുവേണ്ട മഹീതലങ്ങളിലമളി ശിവ ശിവ പാവതോ?
താരകാക്ഷസഹോദരൻ കമലാക്ഷനെന്ന മഹാസുരൻ
ഘോരമാം പടയോട്ടുകൂടി മദിച്ചുകൊണ്ടു നടക്കയും
പാരിലുള്ള പുരങ്ങളും നഗരങ്ങളും വിഭവങ്ങളും
സാരമായമരംതടിച്ച പടംതടാകവുമിവകളും

സർവമാശു നശിക്കുമാറ് പരാക്രമങ്ങൾ തുടങ്ങിയും
സർവസുന്ദരിമാർ വിളങ്ങിന വീടുതേടിനടക്കയും
സരസതരിവളകടകപരിരിയുളതാലിമാല പറിക്കയും
കുണ്ഠരാമവരംഗനാജനകണ്ഠസൂത്രമറുക്കയും
തൊണ്ടിവായ്മലർ കണ്ടുകണ്ടവർ വെററ്ലയൊന്നു മുറുക്കയും
കൊണ്ടുചെന്നുകൊടുപ്പതിന്നുകൊതിച്ചു മെല്ലെയടുക്കയും
മണ്ടുമക്കുലനാരിമാരെക്കണ്ടുകണ്ടുരസിക്കയും
അവനിപതികടെ ഭവനമഖിലവുമവനുമവനുടെ കൂട്ടവും
തവിടുപൊടിമയമവിടെയുമ്പുനരവനരഹിതമതാക്കിയും
അമ്പലത്തിനകത്തുചെന്നു ബലിത്തിടമ്പു പറിക്കയും
കൊമ്പനാനകളെപ്പിടിച്ചഥ കൊമ്പുരണ്ടുമൊടിക്കയും
"ഓത്തുചൊല്ലുകിലുണ്ടുകുററമതോർത്തുകൊള്ളുക വിപ്രരേ
കൂത്തുപാട്ടുകളോടുമെന്നിവ കാട്ടുകിൽ പഴിയിപ്പൊഴേ
കൂർത്തുമൂത്ത ശരങ്ങൾകൊണ്ടഥ കുത്തുവാൻ കുറവില്ലഹോ
കുടകൾ തഴകൾ പിടിക്കയും പടഹമുരജമടിക്കയും
ഇപ്പറഞ്ഞതിലൊന്നുമിന്നിഹ ഇപ്രഭുക്കൾ തുടങ്ങൊലാ
കല്പനയ്ക്കനുകൂലമായിട്ടിപ്പോൾ നിങ്ങൾ നടക്കണം
നാടിന്നും നഗരത്തിനും ബത കാട്ടിനും കനകത്തിനും
നായകൻ കമലാക്ഷനായകനായകാലമൊരുത്തനും
തായമാട്ടു തുടങ്ങൊലാ ഇതുപോയകാലമതല്ലെടോ
തമ്പുരാനുടെ കാൽത്തളിർക്കിഹ കുമ്പിടേണമിതേവരും
വമ്പുകൊണ്ടിഹനിൽക്കുമേവനും മുമ്പിൽ വന്നിഹ നില്ക്കണം
നമ്മുടാൾക്കു പണത്തിനാഗ്രഹമേറെയുണ്ടു നിശ്ചയം.

പടിക്കൽ പാറപൊന്നെങ്കിൽ പാതിതേവർക്കെന്നപോലെ
തുടങ്ങും നമ്മളോടിന്നു യജമാനന്മാരുമെല്ലാം
പടയ്ക്കുവേണമിക്കൂട്ടം കൊടുക്കുന്നോരമൊട്ടെല്ലാം
മടിയ്ക്കുന്താനുമെന്നാലും മിടുക്കുണ്ടെങ്കിലേതാനും
കിടയ്ക്കും ഭോഷനെന്നാകിലുടുക്കും വസ്ത്രവുംകൂടെ
പിടുങ്ങും മന്ത്രിവീരന്മാർ കടക്കേണം നാടുതോറും
കൈക്കലേതാനുമുണ്ടെങ്കിൽ തക്കവണ്ണം ശ്രമിക്കേണം
കൈക്കലില്ലാത്തവൻതന്നെയാർക്കുമില്ല ബഹുമാനം
നാടുവിട്ടു നടപ്പാനായ് തുടങ്ങുമ്പോളൊരുകൂട്ടം
വീടുതോറും മഠംതോറുമിരുന്നോരോന്നുരയ്ക്കുന്നു
ഇന്നലെരാത്രിയിലങ്ങസുരർചെന്നൊരു വീട്ടിൽ
കൊന്നുപോലീച്ചരച്ചാർത്തിന്നുപോലശ്ശവമെല്ലാം
എന്നപോലെ ജനംതിന്മാൻ നന്നുപോലെന്നു കേൾക്കുന്നു

അവനിപ്പോളേകദേശം വയസ്സെഴുപത്തിനാലായ്
കാഴ്ചയില്ലാ കണ്ണിനൊട്ടും ചെവിരണ്ടും കേട്ടുകൂടാ
കാഴ്ചകാണ്മാനുള്ളമോഹം കിഴവച്ചാർക്കെത്രപാരം
കൊച്ചുപെണ്ണുങ്ങളെക്കാണാമെന്നുമുണ്ടങ്ങഭിപ്രായം
പല്ലുപോയിട്ടെത്രനാളായാർക്കുമില്ല പരമാർത്ഥം
കല്ലുകൊണ്ടു ചതച്ചാലും വെററ്ലതിന്മാനെളുതല്ല!”
കൊല്ലുവാനിന്നസുരന്മാർ വന്നുവെന്നാങ്ങറിയാതെ
മെല്ലെ വന്നുപുറപ്പെട്ടാനങ്ങൊരുത്തൻ പറയുന്നു:
“ചങ്കരച്ചാരുടെ വീട്ടിൽ കിങ്കരന്മാർവന്നുകേറി
മങ്കമാരെപ്പിടിച്ചങ്ങു കൊണ്ടുപോവാൻ തുനിഞ്ഞപ്പോൾ
ചങ്കരച്ചാരെഴുന്നേററു തൊങ്കൽവാളും പരിചയും
തങ്കരത്തിലെടുത്തുംകൊണ്ടങ്കണത്തിൽ ചാടിനിന്നു
മുററവുംനിന്നങ്ങൊരുപോലെ പററത്താണു കളിച്ചപ്പോൾ
അററമില്ലാതസുരന്മാർ തോററുമണ്ടിക്കാടുപുക്കു.
തിടുക്കം വന്നടുക്കുമ്പോൾ മിടുക്കൻ നമ്മുടെ ജ്യേഷ്ഠൻ
പൊട്ടുകെന്നു പുറപ്പെട്ടിങ്ങടുക്കളയ്ക്കകംപുക്കു
കിടപ്പെല്ലാമവനിപ്പോളടുപ്പിലെന്നാരും കേട്ടു.
കൂട്ടമോടെ മനുജന്മാർ കെട്ടുകെട്ടിപ്പുറപ്പെട്ടു
കുട്ടികളെപ്പിടിച്ചങ്ങു പെട്ടകത്തിന്നകത്താക്കി
രട്ടുകൊണ്ടു പൊതിഞ്ഞൊരു പട്ടരച്ചൻ പുറപ്പെട്ടു
പട്ടരച്ചാ തനിയ്ക്കുള്ള കെട്ടിലെന്തെന്നുരയ്ക്കുമ്പോൾ
‘കെട്ടിലെന്നാ കച്ചകിളൈ ഉനക്കെന്നാ മലയാളി?
കിട്ടവാരും നാടശേഷം കെട്ടുപോച്ചേ എന്നാ ചെയ്‌വായ്?
ഇന്ത ദുഷ്ടൻ അസുരൻവന്തെട്ടുനാളാച്ചുതേ അയ്യോ!
ശത്രുപോനാലെന്നാകാര്യം ചെറവൂരം വഴിവന്തേൻ.
വയസ്സൻപട്ടരെ ക്കൊന്നാൽ ചോദ്യമെന്നാങ്ങറിയാമൽ
ഇടയിൽ വന്തകപ്പെട്ടേൻ ഗ്രഹചാരങ്കളിനാലെ”
ഇങ്ങനെയങ്ങൊരുദിക്കിൽ ഒരു ഘോഷമതുനേര-
മെങ്ങിനെ ഞാനിവയെല്ലാമുള്ളവണ്ണം പറയേണ്ടു?
സൂര്യവംശത്തിലും പിന്നെ സോമവംശത്തിലുമുള്ള
ഭൂമിപാലന്മാരശേഷം പടയ്ക്കങ്ങു പുറപ്പെട്ടു.
കുന്തിഭോജൻ കാശിരാജൻ സിന്ധുരാജൻ സിംഹളേശൻ
ദന്തിവ്യോമൻ വീരവർമ്മൻ വിന്ധ്യപാലൻ വീരപാലൻ
ധീരരാജൻ മഹാമല്ലൻ നല്ല വല്ലാളഭൂപാലൻ
വല്ലഭേന്ദ്രൻ വീരചന്ദ്രൻ പിന്നെ വീരപ്പനായ്ക്കൻതാൻ
മുന്നിലങ്ങു വിളങ്ങുന്ന മന്നവന്മാർ പടകൂടി

ച്ചെന്നാണഞ്ഞു പിണങ്ങുന്ന വെള്ളിഗേഹക്കാരനോട്ട്.
പടയും വെടിയും നടയും ഇടയും ചില വെട്ടുകളും
ചില നീട്ടുകളും പല കെട്ടുകൾ നല്ല ചവിട്ടുകൾ
ക്ഷോണിപാലപ്രവരന്മാരസുരാധീശ്വരന്തന്റെ
ബാണവുമോററമായേററു പടതോററു വില്ലുമററു
ശോണിതങ്ങളണിഞ്ഞങ്ങു ചത്തുശേഷിച്ചവർ പിന്നെ
നാണവുംകെട്ടൊരുപോലെ താണുവീണു വണങ്ങിനാർ
പ്രാണഹാനി വരുത്താതെ പോണമെന്നുമവർക്കില്ല.
വേണ്ടതെല്ലാം കൊടുത്തോരോ കോണിലമ്മാറൊളിച്ചൊക്കെ
വാണുകൊണ്ടാരതുകാലം മനുജന്മാരൊരുക്കൂട്ടം.
ഓണമില്ലാ വിഷുവില്ലാ വേലിയില്ല വിളവില്ലാ
വാണുകൂടാ വസ്തുവൊന്നും വാണിഭവും നാസ്തിയായി.
അന്തണർക്കുജപമില്ല യാഗമില്ല ഹോമമില്ല
ഹന്ത കഷ്ടം തപസ്സില്ല സ്നാനപാനങ്ങളുമില്ല.
എന്തിനിത്ര പറയുന്നു വേണ്ടതെല്ലാമസ്തമിച്ചു
സങ്കടം മന്നവന്മാർക്കു ചുങ്കമൊന്നും നടന്നൂടാ.
മങ്കമാരൊട്ടുനന്നായിക്കണ്ടുവെങ്കിലസുരന്റെ
കിങ്കരന്മാർവന്നുകേറി പ്പിടിച്ചങ്ങുകൊണ്ടുപോകും.
കാര്യക്കാരനു രണ്ടുകാശു കിട്ടാനെളുതല്ല
നാരിയെവെച്ചിരിപ്പാനും വൈരിയെക്കൊണ്ടെളുതല്ല.
കാര്യസ്ഥന്മാർക്കുപിന്നെ കാര്യക്ലേശവുംവേണ്ടാ
കോയിക്കലെഴുതേണ്ടാ വായിക്കുന്നതും പക്ഷേ
വായിക്കാൻ മടിച്ചങ്ങു കോയിക്കൽ നടനോച്ചാൽ
സ്ഥായിക്കാർതർമില്ലാഞ്ഞോതിക്കദ്വിജന്മാരും
സേവിക്കുന്നതുപോലേ സേവിക്കാം നൃപന്മാരെ
അകമ്പടിനടത്തേണം അടിയനെന്നുരയ്ക്കേണം
അകപ്പെട്ടാലിളയ്ക്കൊല്ല വല്ലതെന്നാകിലും ചെയ്വാൻ.
ഈവണ്ണംവന്നുകൂടി ഭുവനങ്ങളതുകാലം
കേവലംവന്നസുരന്റെ ദുഷ്ടകർമ്മം മുടക്കിയാൽ
നാട്ടിലെങ്ങുമൊരേടത്തും കോട്ടകളങ്കവുല്ലൊം
കോട്ടക്കാരനൊപ്പിച്ചേ പൊറുപ്പിപ്പൂ എന്നുവന്നു.
പാട്ടനെല്ലങ്ങളക്കേണം മുഷ്കു പാരം തുടങ്ങീട്ടും

പാട്ടഓല കൊട്ടുക്കേണം തങ്ങളിൽ തിങ്ങളിൽ ചെന്നു
കാഴ്ചവെച്ചു കണ്ടുകൊണ്ടാൽ തങ്ങദേടം പൊറുപ്പിക്കാം
സകലദിക്കുകളെല്ലാം കമലാക്ഷനൊത്തവണ്ണം
സകലഭൂതലമെല്ലാം പാട്ടിലായെന്നാതേവേണ്ടു.
ഇരിമ്പുമന്ദിരക്കാരൻ വിദ്യുന്മാലിയുമപ്പോ-
ളൊരുമ്പെട്ടു പുറപ്പെട്ടു പാതാളമകംപുക്കു
ഉരഗപുംഗവന്മാരെജ്ജയിച്ചു കോഴയുംവാങ്ങി
പരമപൗരുഷത്തോടെ സുഖിച്ചാരെന്നാതേ വേണ്ടു.

ത്രിപുരദഹനം സമാപ്തം.

SELECTIONS FROM CLASSICAL LITERATURE

(MALAYALAM)

FOR

# INTERMEDIATE EXAMINATION

## UNIVERSITY OF MADRAS

## VOL. II

TULLAL

**PART 3**

PRICE Rs. 1-8-0

Indic Digital Archive Foundation
gpura.org